# ഹദീസ് നിഷേധം

{حجية الحديث}

[ Malayalam – മലയാളം – مليالم ]

ഡോ: മുഹമ്മദ് അഷ്റഫ് മൗലവി, മദീന

ഫാമിലി ക്ലാസ് (05-01-1433,12-01-1433 ബുധൻ)

തയ്യാറാക്കിയത്:

നൗഫൽ സ്വലാഹി

മദീന ഇസ്ലാമിക് യൂണിവേഴ്സിറ്റി

د/ محمد اشرف مليباري

www.islamhouse.com

1433هـ - 2012م

المكتب التعاوني للدعوة وتوعية الجاليات بالربوة

Islamic Propagation Office in Rabwah

P.O.Box 29465 RIYADH 11457 – TEL 4454900 – 4916065

FAX: 4970126 - E-Mail: rabwah@islamhouse.com

http://www.islamhouse.com



## ഉള്ളടക്കം

ഹദീസ് നിഷേധികൾ 5
ഇസ്ലാം: അന്ത്യ ദിനം വരേക്കുമുള്ള മതം 5
ഹദീസ് നിഷേധം: 12
റവാഫിദുകളും (ശിയാക്കളും), ഖവാരിജുകളും, മുഅ്തസിലികളും 12
മുഅ്തസിലികളും ഹദീസ് നിഷേധവും 14
പിഴച്ച ചിന്തകൾ ഇന്ത്യയിൽ 15
മീർസാ ഗുലാം അഹ്മദ് ഖാദിയാനി 15
ഗുലാം നബി അബ്ദുല്ല ജുഗ്ഡാലവി 16
മുഹമ്മദ് അഹ്മദ് രിദാ ബറേൽവി 17
ഓറിയന്റലിസ്റ്റുകൾ 18
അല്ലാഹുവിനേയും റസൂൽ(ﷺ)യേയും അനുസരിക്കുന്നവരുടെ മഹത്വം 24
റസൂൽ(ﷺ)യോട് എതിരാവുന്നവരെ കുറിച്ച് ഖുർആൻ 27
അബ്ദുല്ലാ ജുഗ്ഡാലവിയുടെ നമസ്കാരം 30
മുഹമ്മദ് റമദാനും നമസ്കാരവും 33
ലാഹോരീ ഹദീസ് നിഷേധികളും നമസ്കാരവും 34
സയ്യിദ് റഫീഉം നമസ്കാരവും 35
സകാത്തും വിശുദ്ധ ഖുർആനും 39
നമസ്കാരവും വിശുദ്ധ ഖുർആനും 42
റസൂൽ(ﷺ)യെ അനുസരിച്ചവർ അല്ലാഹുവിനെ അനുസരിച്ചിരിക്കുന്നു 49
റസൂൽ(ﷺ)യോട് എതിരാവുന്നവർക്ക് ജഹന്നം 51
റസൂൽ(ﷺ)യുടെ മക്കാ ജീവിതവും ഹദീസുകളും 52
ഹദീസിനെ അല്ലാഹു സംരക്ഷിക്കുന്നു 54
ഖുർആൻ അല്ലാഹുവിന്റെ കലാം ആണ് 55
ഹദീസ് നിഷേധികൾ കാഫിറുകളെന്ന് ഖുർആൻ 56
കാഫിറുകളായി മരിക്കുന്നവരെ കുറിച്ച് 58
ഹദീസുകളിൽ ദുർബലമായവയും ഇല്ലേ? 59
ഹദീസിനെ അംഗീകരിക്കുന്നതോടൊപ്പം അതിനെ നിഷേധിക്കുന്നവർ 60

അബൂഹുറൈറ(ﷺ)വും ഹദീസുകളും. 63
പ്രവാചകന്മാരുടെ ബാധ്യത പ്രബോധനം മാത്രം 67
ഖുർആനിസ്റ്റുകളല്ല, ഇവർ ഖുർആൻ നിഷേധികൾ 70
ഖുർആനും തിരുസുന്നത്തും സ്വീകരിക്കേണ്ടതെങ്ങിനെ ? 72
രണ്ട് സാക്ഷ്യ വാക്യങ്ങൾ യാഥാർത്ഥ്യമാക്കാൻ 75
ഖുർആനിൽ എല്ലാ വിശദീകരണങ്ങളുമില്ലേ... 76
റസൂൽ(ﷺ)യുടെ വിശദീകരണം സ്വീകരിച്ചില്ലെങ്കിൽ 80
ത്വവാഫും ഹദീസ് നിഷേധികളും 81
സുന്നത്തിനെ ഖുർആൻ സ്ഥിരീകരിക്കുന്നു 82
ഖിബ്‌ല മാറ്റം 83
ഹദീസ് നിഷേധികൾ മുർത്തദ്ദുകൾ 85
ഹിജ്റ മാസങ്ങളും ഹദീസ് നിഷേധികളും 86
സ്വഹാബികൾക്ക് അല്ലാഹു അംഗീകാരം നൽകുന്നു 89
റമദാനും ഹദീസ് നിഷേധികളും 91
വിശുദ്ധ ഖുർആനിന് തോന്നിയ അർത്ഥം നൽകുന്നു 94
റസൂൽ(ﷺ)യോട് എതിരായി ജീവിച്ചാൽ 96
അല്ലാഹുവും റസൂൽ(ﷺ)യും വിധിച്ചാൽ പിന്നെ തന്നിഷ്ടത്തിന് സ്ഥാനമില്ല 97
ബുദ്ധിക്ക് യോജിക്കാത്തത് തള്ളുകയോ..? 98
പ്രവാചകൻ(ﷺ)യുടെ നെഞ്ച് കീറിയ സംഭവം 99
മുഹമ്മദ് റശീദ് രിദയും പിഴച്ച വാദങ്ങളും 102
അഹ്മദ് അമീനിന്റെ വാദങ്ങൾ 104
ബുദ്ധിക്ക് യോജിക്കാത്തത് വിശുദ്ധ ഖുർആനിലുണ്ടെങ്കിൽ അതും തള്ളുമോ..? 105
പല അമാനുഷികത്വങ്ങൾ 107
അജ്‌വയും ഹദീസ് നിഷേധികളും 110
ശൈത്വാനും ഹദീസ് നിഷേധികളും 111
ഖുർആനും സുന്നത്തും വഹ്‌യ് തന്നെ 113
പ്രവാചകൻ(ﷺ)യുടെ ഒരു ഹദീസ് ശ്രദ്ധിക്കുക 114



بِسْمِ اللهِ الرَّحْمَـنِ الرَّحِيم

رَبَّنَا وَابْعَثْ فِيهِمْ رَسُولاً مِّنْهُمْ يَتْلُو عَلَيْهِمْ آيَاتِكَ وَيُعَلِّمُهُمُ الْكِتَابَ وَالْحِكْمَةَ وَيُزَكِّيهِمْ إِنَّكَ أَنتَ العَزِيزُ الحَكِيمُ ۝ وَمَن يَرْغَبُ عَن مِّلَّةِ إِبْرَاهِيمَ إِلاَّ مَن سَفِهَ نَفْسَهُ وَلَقَدِ اصْطَفَيْنَاهُ فِي الدُّنْيَا وَإِنَّهُ فِي الآخِرَةِ لَمِنَ الصَّالِحِينَ ۝ إِذْ قَالَ لَهُ رَبُّهُ أَسْلِمْ قَالَ أَسْلَمْتُ لِرَبِّ الْعَالَمِينَ ۝ (البقرة: ١٢٩ – ١٣١)

ഞങ്ങളുടെ രക്ഷിതാവേ, അവർക്ക്(ഞങ്ങളുടെ സന്താനങ്ങൾക്ക്)നിന്റെ ദൃഷ്ടാന്തങ്ങൾ ഓതി കേൾപിച്ചു കൊടുക്കുകയും, വേദവും വിജ്ഞാനവും അഭ്യസിപ്പിക്കുകയും, അവരെ സംസ്കരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ അവരിൽ നിന്നു തന്നെ നീ നിയോഗിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ പ്രതാപവാനും അഗാധജ്ഞാനിയുമാകുന്നു.۝ സ്വന്തം ആത്മാവിനെ മൂഢമാക്കിയവനല്ലാതെ മറ്റാരാണ് ഇബ്രാഹീമിന്റെ മാർഗ ത്തോട് വിമുഖത കാണിക്കുക? ഇഹലോകത്തിൽ അദ്ദേഹത്തെ നാം വിശിഷ്ടനായി തെരഞ്ഞെടു

ത്തിരിക്കുന്നു. പരലോകത്ത് അദ്ദേഹം സജ്ജന ങ്ങളുടെ കൂട്ടത്തിൽ തന്നെയായിരിക്കും.ൟ നീ കീഴ്പെടുക എന്ന് അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തോട് പറഞ്ഞപ്പോൾ സർവ്വലോക രക്ഷിതാവിന്ന് ഞാനിതാ കീഴ്പെട്ടിരിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു.

## ഹദീസ് നിഷേധികൾ

ഹദീസുകളെ നിഷേധിക്കുന്ന ഒരു വിഭാഗം അടുത്ത കാലഘട്ടത്തിൽ ലോകത്തിലാകമാനം സ ജീവമായി വ്യാപിച്ച് കൊണ്ടിരിക്കുന്നു. വിശിഷ്യാ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഇവർ സംഘമാ യി പ്രവർത്തിച്ച് വരുന്നുണ്ട്. അവരെ കുറിച്ചുള്ള ഒരു പഠനവും അങ്ങനെയുള്ള ഒരു ചിന്താഗതി എ പ്പോൾ മുതലാണ് ഉടലെടുത്തത് എന്നുമൊക്കെയാ ണ് ഇതിൽ ചർച്ച ചെയ്യുന്നത്.

## ഇസ്ലാം: അന്ത്യദിനം വരേക്കുമുള്ള മതം

മുഹമ്മദ് നബി(ﷺ)യിലൂടെ അന്ത്യദിനം വരേ ക്കുമുള്ള ജനങ്ങൾക്കുള്ള മതമായിട്ടാണ് പരിശു



ദ്ധ ഇസ്ലാമിനെ നിശ്ചയിച്ചിട്ടുള്ളത്.അന്ത്യദൂതനാ യി മുഹമ്മദ് നബി(ﷺ)യേയും അല്ലാഹു പരിചയ പ്പെടുത്തുകയുണ്ടായി.മതത്തിന്റെ എല്ലാ കാര്യങ്ങ ളും വഹ്‌യിലൂടെ നബി(ﷺ)ക്ക് അല്ലാഹു അറിയി ച്ച് കൊടുക്കുകയും ചെയ്തു. പ്രവാചകൻ(ﷺ)യു ടെ ഹജ്ജത്തുൽ വദാഇൽ അല്ലാഹു ഈ മതം പൂർണമായിട്ടുണ്ടെന്ന് പ്രഖ്യാപിക്കുകയും ചെയ് തു. അല്ലാഹു പറയുന്നത് കാണുക:

...الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا ... (المائدة: ٣)

ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തി യാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങ ൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കു ന്നു.മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃ പ്തിപ്പെട്ട് തന്നിരിക്കുന്നു.

ആ സന്ദർഭം വരേക്കും റസൂൽ(ﷺ) ഖുർആൻ പഠിപ്പിച്ച ശൈലിയിൽ കാഴ്ച വെച്ച ഏതെല്ലാം കാര്യങ്ങളുണ്ടോ അവയാണ് ഇസ്ലാം. അതിലെ പ്രധാന ഭാഗമാണ് ഖുർആൻ. ഈ വിശുദ്ധ ഖുർ

ആൻ സൂറത്തുൽ ഫാതിഹ മുതൽ സൂറത്തുന്നാസ് വരെ പരിശോധിച്ചാൽ റസൂൽ(ﷺ)യെ അനുസരിക്കേണ്ടതിന്റേയും,പിന്തുടരേണ്ടതിന്റേയും ആവശ്യകത ദശക്കണക്കിന് ആയത്തുകളിലൂടെ അല്ലാഹു അറിയിക്കുന്നുണ്ട്. എല്ലാ നിലക്കും റസൂൽ (ﷺ)യെ പിന്തുടർന്ന് ജീവിക്കാൻ അല്ലാഹു കൽപ്പിക്കുന്നുണ്ട്.ഈ കാര്യങ്ങൾ അത് പോലെതന്നെ സ്വീകരിച്ച സ്വഹാബത്തിനെ കുറിച്ചും അല്ലാഹു അറിയിക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

مُّحَمَّدٌ رَّسُولُ اللَّهِ وَالَّذِينَ مَعَهُ أَشِدَّاء عَلَى الْكُفَّارِ رُحَمَاء بَيْنَهُمْ تَرَاهُمْ رُكَّعًا سُجَّدًا يَبْتَغُونَ فَضْلًا مِّنَ اللَّهِ وَرِضْوَانًا سِيمَاهُمْ فِي وُجُوهِهِم مِّنْ أَثَرِ السُّجُودِ ذَلِكَ مَثَلُهُمْ فِي التَّوْرَاةِ وَمَثَلُهُمْ فِي الْإِنجِيلِ كَزَرْعٍ أَخْرَجَ شَطْأَهُ فَآزَرَهُ فَاسْتَغْلَظَ فَاسْتَوَى عَلَى سُوقِهِ يُعْجِبُ الزُّرَّاعَ لِيَغِيظَ بِهِمُ الْكُفَّارَ وَعَدَ اللَّهُ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ مِنْهُم مَّغْفِرَةً وَأَجْرًا عَظِيمًا

(الفتح: ٢٩)

മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹത്തോടൊപ്പമുള്ളവർ സത്യനിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അ



ന്യോന്യം ദയാലുക്കളുമാകുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് അവർ കുമ്പിട്ടും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്നതായി നിനക്ക് കാണാം. സുജൂദിന്റെ ഫലമായി അവരുടെ അടയാളം അവരുടെ മുഖങ്ങളിലുണ്ട്. അതാണ് തൗറാത്തിൽ അവരെ പറ്റിയുള്ള ഉപമ. ഇഞ്ചീലിൽ അവരെ പറ്റിയുള്ള ഉപമ ഇങ്ങനെയാകുന്നു: ഒരു വിള, അത് അതിന്റെ കൂമ്പ് പുറത്ത് കാണിച്ചു. എന്നിട്ടതിനെ പുഷ്ടിപ്പെടുത്തി.എന്നിട്ടത് കരുത്താർജിച്ചു. അങ്ങനെ അത് കർഷകർക്ക് കൗതുകം തോന്നിച്ചു കൊണ്ട് അതിന്റെ കാണ്ഡത്തിൻമേൽ നിവർന്നു നിന്നു. (സത്യവിശ്വാസികളെ ഇങ്ങനെ വളർത്തിക്കൊണ്ട് വരുന്നത്) അവർ മൂലം സത്യനിഷേധികളെ അരിശം പിടിപ്പിക്കാൻ വേണ്ടിയാകുന്നു. അവരിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്കു അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു.

ഈ സ്വഹാബികൾ പ്രവാചകൻ(ﷺ)യെ കണിശമായി പിന്തുടർന്ന് കൊണ്ട് ജീവിക്കുകയും

അത് മൂലം അല്ലാഹു അവരെ ഉത്തമ സമൂഹമായി തെരെഞ്ഞെടുക്കുകയും ചെയ്തു.അല്ലാഹു പറയുന്നു:

كُنتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ بِالْمَعْرُوفِ وَتَنْهَوْنَ عَنِ الْمُنكَرِ وَتُؤْمِنُونَ بِاللَّهِ... ( آل عمران: ١١٠)

മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു.

അന്ത്യദൂതരുടെ കൂടെയുള്ള വിശുദ്ധ ഖുർആനെ അത് പോലെ തന്നെ ജനങ്ങളിലേക്കെത്തിച്ച് കൊടുക്കാൻ അല്ലാഹു അവരെ തെരെഞ്ഞെടുത്തു.അവരത് കൃത്യമായി നിർവഹിക്കുകയും ചെയ്തു. അവർക്ക് പ്രവാചകൻ(ﷺ)കൊണ്ട് വന്ന ഏതൊരു കാര്യങ്ങളിലും യാതൊരു സംശയവും ഉണ്ടായിരുന്നില്ല.അവരാരും ഖുർആൻ മാത്രം മതി, പ്രവാചകൻ(ﷺ)യുടെ വിശദീകരണം വേണ്ട എന്ന് പറഞ്ഞതുമില്ല.അവരാരും ഇങ്ങനെ പറഞ്ഞ ഒരു റിപ്പോർട്ടെങ്കിലും നമുക്ക് കാണാൻ സാധിക്കി



ല്ല. അവർ ഖുർആൻ പഠിക്കേണ്ട വിധത്തിൽ പഠിച്ചപ്പോൾ അവർക്ക് മനസ്സിലായത്, വിശുദ്ധ ഖുർആനിന്റെ വിശദീകരണം മനസ്സിലാക്കേണ്ടത് റസൂൽ(ﷺ)യിലൂടെയാണ് എന്നാണ്.അതാണ് അല്ലാഹു വിശുദ്ധ ഖുർആനിലൂടെ അറിയിക്കുന്നത്:

بِالْبَيِّنَاتِ وَالزُّبُرِ وَأَنزَلْنَا إِلَيْكَ الذِّكْرَ لِتُبَيِّنَ لِلنَّاسِ مَا نُزِّلَ إِلَيْهِمْ وَلَعَلَّهُمْ يَتَفَكَّرُونَ (النحل: ٤٤)

നിനക്ക് നാം ഉൽബോധനം അവതരിപ്പിച്ച് തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചുകൊടുക്കാൻ വേണ്ടിയും, അവർ ചിന്തിക്കാൻ വേണ്ടിയും.

ഈ ആയത്തിൽ പറഞ്ഞ ബയാൻ (بيان) പ്രവാചകൻ(ﷺ)യുടെ വിശദീകരണമായ ഹദീസ് ആണെന്ന് സ്വഹാബത്ത് മനസ്സിലാക്കി. ഇങ്ങനെ ഖുർആനും ഹദീസും കൃത്യമായി സ്വീകരിച്ചാണ് ഒന്നാം നൂറ്റാണ്ടിലെ ആളുകൾ വിട്ട് കടക്കുന്നത്.ഇവരെ പിൻപറ്റി ജീവിക്കാൻ അല്ലാഹു അറിയിക്കുന്നുണ്ട്: അല്ലാഹു പറയുന്നു:

وَالسَّابِقُونَ الأَوَّلُونَ مِنَ الْمُهَاجِرِينَ وَالأَنصَارِ وَالَّذِينَ اتَّبَعُوهُم بِإِحْسَانٍ رَّضِيَ اللّهُ عَنْهُمْ وَرَضُواْ عَنْهُ وَأَعَدَّ لَهُمْ جَنَّاتٍ تَجْرِي تَحْتَهَا الأَنْهَارُ خَالِدِينَ فِيهَا أَبَدًا ذَلِكَ الْفَوْزُ الْعَظِيمُ (التوبة: ١٠٠)

(മുഹാജിറുകളിൽ നിന്നും അൻസാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു.താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കി വെക്കുകയും ചെയ്തിരിക്കുന്നു.എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം.)

ഈ ആയത്തിൽ ആദ്യം സ്വഹാബത്തിനെ കുറിച്ചും ശേഷം അവരെ പിൻപറ്റിയ താബിഉകളെ കുറിച്ചുമാണ് അല്ലാഹു വിവരിക്കുന്നത്. സ്വഹാബത്തിന് പ്രവാചകൻ(ﷺ)യുടെ ഹദീസുകളിൽ സംശയമുണ്ടായിരുന്നില്ല എന്ന് നമുക്ക് മനസ്സിലായി. അത് പോലെ തന്നെയാണ് താബിഉകളുടെ



സ്ഥിതിയും. അവരും റസൂൽ(ﷺ)യുടെ ഹദീസുകളെ സ്വീകരിക്കുന്നവരും ആദരിക്കുന്നവരുമായിരുന്നു. ഖുർആൻ മാത്രം മതി എന്ന വാദം അവർക്കുമുണ്ടായിരുന്നില്ല. അവരെ കുറിച്ചാണ് ഈ ആയത്തിൽ സുകൃതം ചെയ്ത് കൊണ്ട് അവരെ പിന്തുടർന്നവർ എന്ന് അല്ലാഹു വിശേഷിപ്പിച്ചത്.

ഇന്ത്യയിലും മറ്റും പിൽക്കാലത്ത് ഉടലെടുത്ത ഹദീസ് നിഷേധം അല്ലാഹു എടുത്ത് പറഞ്ഞ ഈ ഉത്തമരായ സ്വഹാബികളിൽ ഉണ്ടായിരുന്നില്ല എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിച്ചു. വിശുദ്ധ ഖുർആനിന്റെ അധ്യായങ്ങളുടെ ക്രമീകരണങ്ങൾ നടത്തിയത് പോലും പ്രവാചകൻ(ﷺ)യിൽ നിന്ന് മനസ്സിലാക്കിയതനുസരിച്ച് ഈ സ്വഹാബിമാരാണ്. ഇന്ന അധ്യായത്തിന് ശേഷം ഇന്ന അധ്യായം വെക്കണമെന്നൊന്നും വിശുദ്ധ ഖുർആനിൽ ഇല്ല.

## ഹദീസ് നിഷേധം:

**റവാഫിദുകളും (ശിയാക്കളും), ഖവാരിജുകളും, മുഅ്തസിലികളും**

പിൽക്കാലത്ത് ഇസ്‌ലാമിൽ വ്യത്യസ്ഥ വിഭാഗങ്ങൾ ഉടലെടുത്തപ്പോഴാണ് ഇത്തരം ചിന്തകൾ കടന്ന് വരാൻ തുടങ്ങിയത്. റാഫിദുകളായ ശിയാക്കൾ, അലി(ﷺ)നാണ് ഇമാമത്ത് നൽകേണ്ടത് എന്ന തത്വവുമായി പുറപ്പെട്ട കാലഘട്ടത്തിൽ അവരുടെ ആ തത്വം അംഗീകരിക്കാത്തതായ സ്വഹാബികളോട് അവർക്ക് വെറുപ്പ് വന്നത് കാരണത്താൽ ആ സ്വഹാബിമാരുടെ ഹദീസ് വേണ്ട എന്ന് വെച്ചതല്ലാതെ ഹദീസുകൾ മൊത്തത്തിൽ വേണ്ട എന്ന് അവർ പറഞ്ഞിട്ടില്ല. അവർ അംഗീകരിക്കുന്ന സ്വഹാബികളുടെ ഹദീസുകൾ അവർ തള്ളിയിട്ടില്ല.കൂടാതെ അവർ, അവർ ഇഷ്ടപ്പെടുന്ന ഇമാമുകളുടെ പേരിൽ കള്ള ഹദീസുകൾ ഉണ്ടാക്കുകയും ചെയ്തു.

ഖവാരിജുകളുടെ അവസ്ഥയും ഇങ്ങനെ തന്നെയാണ്. അവരും ഹദീസുകളെ മൊത്തത്തിൽ തള്ളിയിരുന്നില്ല. അവരുടെ തത്വങ്ങൾ അംഗീകരിക്കാത്ത സ്വഹാബികളുടെ ഹദീസ് വേണ്ട എന്നാണവർ തീരുമാനിച്ചത്. അവർ അംഗീകരിക്കുന്ന ആളുകളുടെ ഹദീസുകൾ അവർ സ്വീകരിച്ചു.



**മുഅ്തസിലികളും ഹദീസ് നിഷേധവും**

മുഅ്തസിലികൾ എന്ന പിഴച്ച വിഭാഗത്തിന്റെ രോഗമാണ് ഇന്ത്യയിലും വിശിഷ്യാ നമ്മുടെ കേരളത്തിലും മംഗലാപുരത്തുമെല്ലാം കാണുന്നത്. ബുദ്ധി പൂജകൻമാരാണ് മുഅ്തസിലുകൾ. ബുദ്ധിക്ക് യോജിക്കുന്നത് എടുക്കാം എന്നും അല്ലാത്ത ഹദീസുകൾ തള്ളാം എന്നും പറയുന്നവരാണവർ.

അങ്ങനെയുള്ളവർ ഉടലെടുത്തപ്പോൾ അവർക്ക് ഹദീസിനോട് വിരോധവും, നിഷേധവും വന്നു. ഇമാം ശാഫിഇ(ﷺ)യുടെ കാലഘട്ടത്തിൽ മുഅ്തസിലുകളിൽ പെട്ട ഒരു വ്യക്തി ഇമാം ശാഫിഇ(ﷺ)യുമായി ചർച്ച നടത്തുകയും അതിൽ ഇമാം ശാഫിഇ(ﷺ)വിജയിക്കുകയും ചെയ്തു എന്നും കാണാൻ സാധിച്ചു. ഇവരുടെ ഈ ചർച്ചകൾ അതോട് കൂടി തന്നെ തീർന്നു എന്നാണ്. ഈ കാലഘട്ടത്തിൽ ഈ ചിന്താഗതി അതോട് കൂടി തന്നെ നാമാവശേഷമായിരുന്നു. ഇന്ന് ഈ വാദമുള്ളവർ നമ്മുടെ നാടുകളിൽ ഉള്ളതായി യഥേഷ്ടം നമുക്ക് കാണാവുന്നതാണ്.

പിന്നീട് ഉണ്ടായ വാദം ഖുർആൻ മാത്രം മതി, ഹദീസിന്റെ ആവശ്യമേ ഇല്ല എന്ന പിഴച്ച വാദമാണ്. ഈ തത്വത്തിന്റെ പിന്നിൽ പ്രവർത്തിച്ചവരെ പറ്റിയും, അത് നമ്മുടെ നാടുകളിൽ എങ്ങനെ എത്തി എന്നൊക്കെയാണ് നമുക്ക് മനസ്സിലാക്കാനുള്ളത്.

## പിഴച്ച ചിന്തകൾ ഇന്ത്യയിൽ

ആധുനിക കാലത്ത് ഹദീസ് നിഷേധത്തിന്റെ തുടക്കം ഏകദേശം ക്രി. 20–ാം നൂറ്റാണ്ടിലാണ്. ക്രി. 1900 ന് ശേഷം പുതിയ ആശയങ്ങളുമായി ഓരോ വ്യക്തികൾ ഇന്ത്യൻ മേഖലകളിൽ രംഗപ്രവേശനം ചെയ്തിട്ടുണ്ട്.

## മീർസാ ഗുലാം അഹ്മദ് ഖാദിയാനി

അവരിൽ പെട്ട ഒരാളാണ് മീർസാ ഗുലാം അഹ്മദ് ഖാദിയാനി. പലതും അയാൾ വാദിച്ചിട്ടുണ്ട്.ആദ്യം മഹ്ദിയാണെന്ന് വാദിച്ചു. പിന്നെ ഈസയാണെന്നും, നബിയാണെന്നും വാദിക്കുകയുണ്ടായി. അയാളുടെ പുസ്തകങ്ങൾ വായിച്ചാൽ അയാൾ ഒരുമാനസിക രോഗിയാണോ എന്ന സംശയം ഉണ്ടാവും. എന്നാൽ അയാൾ ബ്രിട്ടീഷുകാ



രുടെ ചാരനായി, അവർക്ക് പിന്തുണ നൽകി ജീവിച്ച ആളായിരുന്നു എന്നതാണ് യാഥാർത്ഥ്യം. അവർക്ക് വേണ്ടി ജീവിച്ച വ്യക്തിയായിരുന്നു മീർസാ ഗുലാം. അവർ സ്ഥാപിച്ച തത്വമായിരുന്നു ഈ വാദങ്ങൾ എന്ന് ഇന്ത്യയിലെ അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതൻമാർ സ്ഥിരീകരിച്ചിട്ടുള്ളത്. ഇസ്‌ലാമിന്റെ പല അടിസ്ഥാന തത്വങ്ങളേയും ഇയാളും, പിന്തുണക്കുന്ന ആളുകളും നിഷേധിക്കുകയും, മറ്റൊരു മതമായി അത് രൂപപ്പെടുകയും ചെയ്യുകയാണുണ്ടായത്.

## ഗുലാം നബി അബ്ദുല്ല ജുഗ്ഡാലവി

അതേ കാലഘട്ടത്തിൽ തന്നെ ഗുലാം നബി അബ്ദുല്ല ജുഗ്ഡാലവി എന്ന വ്യക്തിയും രംഗത്ത് വന്നു. അയാൾ മുഴുവൻ ഹദീസുകളും തള്ളണമെന്ന് പറഞ്ഞാണ് രംഗപ്രവേശനം ചെയ്തത്. ആ വ്യക്തി യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ വിജ്ഞാനത്തിന് അടിസ്ഥാനമാക്കിയത് അലിഗഡ് യൂണിവേഴ്സിറ്റിയുടെ സ്ഥാപകനായി അറിയപ്പെടുന്ന സർ സയ്യിദ് അഹ്മദ്ഖാന്റെ ചിന്താഗതികളായിരുന്നു. ഇവരിലൂടെയൊക്കെയാണ് ഹദീസ് നിഷേധത്തിന്റെ വേരുകൾ ഇന്ത്യയിൽ വ്യാപിച്ചത്.

## മുഹമ്മദ് അഹ്മദ് രിദാ ബറേൽവി

ഏകദേശം അതേ കാലഘട്ടത്തിലെ തന്നെ മറ്റൊരു വ്യക്തിയാണ് മുഹമ്മദ് അഹ്മദ് രിദാ ബറേൽവി. ഇപ്പറഞ്ഞ മൂന്ന് ആളുകളുടേയും കാലഘട്ടം ഏകദേശം തുല്യതയുള്ളതായിരുന്നു. ഇയാളുടെ വാദം മുഹമ്മദ് നബി(ﷺ) മനുഷ്യനല്ല എന്നായിരുന്നു. മുഹമ്മദ് നബി(ﷺ) മരിച്ചിട്ടില്ലെന്നും,നബിയോട് വിളിച്ച് പ്രാർത്ഥിച്ചാൽ ആവശ്യമുള്ള സ്ഥലത്തേക്ക് അദ്ദേഹം വരുമെന്നുമൊക്കെയായിരുന്നു. അത്പോലെ തന്നെ ലോകത്തിലെ എല്ലാ പ്രശ്നങ്ങളും കയ്യാളാൻ റസൂൽ(ﷺ)യുടെ അടുക്കൽ കഴിവുണ്ടെന്നും അയാൾ വാദിച്ചു.

ഈ മൂന്ന് ആളുകളുടേയും പിന്നിൽ പ്രവർത്തിച്ചത് ബ്രിട്ടീഷുകാരായിരുന്നു. മുസ്‌ലീംകൾക്കിടയിൽ ഭിന്നിപ്പുകളുണ്ടാക്കി കാര്യം നേടാൻ വേണ്ടി അവർ കണ്ടെത്തിയ മാർഗങ്ങളായിരുന്നു ഇവയെല്ലാം.

എന്നാൽ ഇതിനേയൊക്കെ എതിർക്കാൻ സനാഉല്ലാ അമൃതസരിയെ പോലെയുള്ള പല പണ്ഡി



തൻമാരും രംഗത്തിറങ്ങുകയും,ഈ തത്വങ്ങൾക്കെല്ലാം കൃത്യമായി മറുപടി നൽകാനും, ഖാദിയാനിയെ പോലെയുള്ളവരോട് മുബാഹല വരെ നടത്താനും അവർക്ക് കഴിഞ്ഞിട്ടുണ്ട്.

ക്രി. 1948 ലാണ് സനാഉല്ലാ അമൃതസരി വഫാത്താകുന്നത്. ഖാദിയാനിയുമായുള്ള മുബാഹലയിൽ അസത്യത്തിന്റെ ഉടമ ആദ്യം നശിക്കട്ടെ എന്ന് ഡൽഹിയിൽ വെച്ച് മീർസാ ഗുലാം ആയിരക്കണക്കിന് ജനങ്ങൾക്ക് മുമ്പിൽ പറഞ്ഞിരുന്നു. അങ്ങനെ ഏതാനും വർഷം കഴിഞ്ഞപ്പോഴേക്കും ഖാദിയാനി മരിക്കുകയും, പിന്നീട് സനാഉല്ലാ അമൃതസരി നാൽപ്പതോളം വർഷം ജീവിക്കുകയും ചെയ്തു.

## ഓറിയന്റലിസ്റ്റുകൾ

ഹദീസ് നിഷേധം എന്ന ചിന്താഗതി ഇന്ത്യയിൽ വന്നതിന്റെ മുഖ്യ കാരണം ബ്രിട്ടീഷ് ചാരൻമാരുടെ പ്രവർത്തനമാണ്. ഓറിയന്റലിസ്റ്റുകൾ എന്ന ഒരു വിഭാഗത്തിലൂടെയും ഹദീസ് നിഷേധം ഇന്ത്യയിൽ വളരാൻ കാരണമായിട്ടുണ്ട്. റോമൻ, ബ്രിട്ടീഷ്, യൂറോപ്യൻ നാടുകളിൽ നിന്ന് ഇസ്‌ലാ

മിനെ തകർത്താൻ വേണ്ടി കിഴക്കൻ നാടുകളിലേക്ക് അവർ പണ്ഡിതൻമാരെ അയക്കുകയും, അവർ ഇസ്‌ലാമിനെ തകർക്കാൻ വേണ്ടി ഖുർആനും ഹദീസുകളും പഠിക്കുകയും പിഴച്ച ആശയങ്ങളുമായി ഗ്രന്ഥങ്ങൾ ഇറക്കുകയും ലോകവ്യാപകമായി അവരുടെ ചിന്താഗതികളും ആശയങ്ങളും പ്രചരിപ്പിക്കപ്പെടുകയും ചെയ്തു.

ഇത്തരക്കാരുടെ കുഴപ്പങ്ങളിൽ പെട്ട് പിഴച്ച ചിന്താഗതികളുമായി വന്നവരാണ് മുഹമ്മദ് റശീദ് രിദയും, ജമാലുദ്ധീൻ അഫ്ഗാനിയുമെല്ലാം. ജമാലുദ്ധീൻ അഫ്ഗാനി ഈജിപ്തിൽ വന്ന് ഈ ആശയങ്ങൾ പ്രചരിപ്പിക്കാൻ ശ്രമിച്ചെങ്കിലും അത് ഫലം കണ്ടില്ല. അവിടെ നിന്ന് അദ്ദേഹത്തെ നാടു കടത്തുകയാണുണ്ടായത് എന്ന് ചരിത്രം പറയുന്നു.

ഈജിപ്തിൽ സുന്നത്തിനെ നിഷേധിക്കുന്ന ഇത്തരക്കാർ വന്നപ്പോൾ അതിനെ എതിർക്കാൻ അവിടെ അൻസ്വാറുസ്സുന്ന എന്ന സംഘടന ഉണ്ടാകുകയുണ്ടായി. ഇന്നും തൗഹീദീ പ്രബോധനവുമായി അവർ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലൂടെ അവി



ടെ ഇങ്ങനെയുള്ള ചിന്താഗതികൾക്ക് വേരോട്ടം ഉണ്ടായില്ല.

**ഈ ശ്രമങ്ങൾ അറേബ്യൻ നാടുകളിൽ വെളിച്ചം കണ്ടില്ല**

ഇസ്‌ലാം വിരുദ്ധരായ പാശ്ചാത്യരുടെ പ്രവർത്തനങ്ങൾ അറേബ്യൻ നാടുകളിൽ ഫലം കണ്ടില്ല. കാരണം അവർക്കറിയാം റസൂൽ(ﷺ) കൊണ്ടു വന്ന എല്ലാം സ്വീകരിക്കാൻ വിശുദ്ധ ഖുർആനിൽ കൽപനയുണ്ടെന്ന്. അല്ലാഹു പറയുന്നത് കാണുക:

...وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا ... (الحشر: ٧)

(നിങ്ങൾക്കു റസൂൽ(ﷺ) നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക.) ഈ ആയത്തിൽ പറഞ്ഞ റസൂൽ(ﷺ)ക്ക് നൽകപ്പെട്ട കാര്യം ഖുർആൻ മാത്രമല്ല അതോടൊപ്പം അതിന്റെ വിശദീകരണമായ ഹദീസുകളും ഉൾപ്പെടുമെന്ന് അവർ മനസ്സിലാക്കി.

അത് പോലെ അല്ലാഹുവിനേയും റസൂൽ(ﷺ) യേയും അനുസരിക്കാൻ വിശുദ്ധ ഖുർആൻ ആവർത്തിച്ച് ഉണർത്തുന്നതും അവർക്കറിയാം.ഇതുമായി ബന്ധപ്പെട്ട ചില ആയത്തുകൾ കാണുക:

അല്ലാഹു പറയുന്നു:

قُلْ أَطِيعُواْ اللّهَ وَالرَّسُولَ فإِن تَوَلَّوْاْ فَإِنَّ اللّهَ لاَ يُحِبُّ الْكَافِرِينَ (آل عمران: ٣٢)

പറയുക: നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുവിൻ. ഇനി അവർ പിന്തിരിഞ്ഞുകളയുന്നപക്ഷം അല്ലാഹു സത്യനിഷേധികളെ സ്നേഹിക്കുന്നതല്ല; തീർച്ച.

അല്ലാഹു പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُواْ أَطِيعُواْ اللّهَ وَأَطِيعُواْ الرَّسُولَ وَأُوْلِي الأَمْرِ مِنكُمْ فَإِن تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللّهِ وَالرَّسُولِ إِن كُنتُمْ تُؤْمِنُونَ بِاللّهِ وَالْيَوْمِ الآخِرِ ذَلِكَ خَيْرٌ وَأَحْسَنُ تَأْوِيلاً(النساء: ٥٩)

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക.(അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്.) അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും.



അല്ലാഹു പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُواْ أَطِيعُواْ اللّهَ وَرَسُولَهُ وَلاَ تَوَلَّوْا عَنْهُ وَأَنتُمْ تَسْمَعُونَ (الأنفال: ٢٠)

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെയും അവന്റെ റസൂലിനെയും അനുസരിക്കുക. (സത്യസന്ദേശം)കേട്ടുകൊണ്ടിരിക്കെ നിങ്ങൾ അദ്ദേഹത്തെ വിട്ട് തിരിഞ്ഞുകളയരുത്.

അല്ലാഹു പറയുന്നു:

قُلْ أَطِيعُوا اللَّهَ وَأَطِيعُوا الرَّسُولَ فَإِن تَوَلَّوا فَإِنَّمَا عَلَيْهِ مَا حُمِّلَ وَعَلَيْكُم مَّا حُمِّلْتُمْ وَإِن تُطِيعُوهُ تَهْتَدُوا وَمَا عَلَى الرَّسُولِ إِلَّا الْبَلَاغُ الْمُبِينُ (النور: ٥٤)

നീ പറയുക: നിങ്ങള്‍ അല്ലാഹുവെ അനുസരിക്കുവിന്‍. റസൂലിനെയും നിങ്ങള്‍ അനുസരിക്കുവിന്‍. എന്നാല്‍ നിങ്ങള്‍ പിന്തിരിയുന്ന പക്ഷം അദ്ദേഹം (റസൂല്‍(ﷺ) ചുമതലപ്പെടുത്തപ്പെട്ട കാര്യത്തില്‍ മാത്രമാണ് അദ്ദേഹത്തിന് ബാധ്യതയുള്ളത്.നിങ്ങള്‍ക്ക് ബാധ്യതയുള്ളത് നിങ്ങള്‍ ചുമതല ഏല്‍പിക്കപ്പെട്ട കാര്യത്തിലാണ്.നിങ്ങള്‍ അദ്ദേഹത്തെ അനുസരിക്കുകയാണെങ്കില്‍ നിങ്ങള്‍ക്ക് സന്‍മാര്‍ഗം പ്രാപിക്കാം. റസൂലിന്റെ ബാധ്യത വ്യക്തമായ പ്രബോധനം മാത്രമാകുന്നു.

അല്ലാഹു പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُوا أَطِيعُوا اللَّهَ وَأَطِيعُوا الرَّسُولَ وَلَا تُبْطِلُوا أَعْمَالَكُمْ

(محمد: ٣٣)

സത്യവിശ്വാസികളേ, നിങ്ങള്‍ അല്ലാഹുവെ അനുസരിക്കുക.റസൂലിനെയും നിങ്ങള്‍ അനുസരിക്കുക. നിങ്ങളുടെ കര്‍മ്മങ്ങളെ നിങ്ങള്‍ നിഷ്ഫലമാക്കിക്കളയാതിരിക്കുകയും ചെയ്യുക.



ഈ ആയത്തുകളിലെല്ലാം അല്ലാഹുവിനേയും അവന്റെ റസൂല്‍(ﷺ)യേയും അനുസരിക്കാന്‍ അല്ലാഹു അറിയിക്കുന്നു.

**റസൂല്‍(ﷺ)യെ അനുസരിച്ചവര്‍ അല്ലാഹുവിനെ അനുസരിച്ചിരിക്കുന്നു**

ഇനി റസൂല്‍(ﷺ)യെ അനുസരിക്കുന്ന ആളുകളെ കുറിച്ച് അല്ലാഹു പറയുന്നത് കാണുക:

مَّنْ يُطِعِ الرَّسُولَ فَقَدْ أَطَاعَ اللَّهَ وَمَن تَوَلَّى فَمَا أَرْسَلْنَاكَ عَلَيْهِمْ حَفِيظًا (النساء: ٨٠)

(അല്ലാഹുവിന്റെ) ദൂതനെ ആര്‍ അനുസരിക്കുന്നുവോ തീര്‍ച്ചയായും അവന്‍ അല്ലാഹുവെ അനുസരിച്ചു.ആര്‍ പിന്തിരിഞ്ഞുവോ അവരുടെ മേല്‍ കാവല്‍ക്കാരനായി നിന്നെ നാം നിയോഗിച്ചിട്ടില്ല.

**അല്ലാഹുവിനേയും റസൂല്‍(ﷺ)യേയും അനുസരിക്കുന്നവരുടെ മഹത്വം**

ഇങ്ങനെ അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുന്നവര്‍ക്ക് മഹത്തായ പ്രതി

ഫലങ്ങളും, അതിൽ നിന്ന് പിന്തിരിഞ്ഞ് കളയുന്നവർക്ക വേദനയേറിയ ശിക്ഷയും അല്ലാഹു നൽകുന്നതിനെ കുറിച്ച് വിശുദ്ധ ഖുർആൻ അറിയിക്കുന്നുണ്ട്. അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക:

تِلْكَ حُدُودُ اللّهِ وَمَن يُطِعِ اللّهَ وَرَسُولَهُ يُدْخِلْهُ جَنَّاتٍ تَجْرِي مِن تَحْتِهَا الأَنْهَارُ خَالِدِينَ فِيهَا وَذَلِكَ الْفَوْزُ الْعَظِيمُ ( النساء: ١٣)

ഏതൊരാൾ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവനെ അല്ലാഹു താഴ് ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ പ്രവേശിപ്പിക്കുന്നതാണ്. അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ വിജയം.

അല്ലാഹു പറയുന്നു:

وَمَن يُطِعِ اللّهَ وَالرَّسُولَ فَأُوْلَـئِكَ مَعَ الَّذِينَ أَنْعَمَ اللّهُ عَلَيْهِم مِّنَ النَّبِيِّينَ وَالصِّدِّيقِينَ وَالشُّهَدَاء وَالصَّالِحِينَ وَحَسُنَ أُولَـئِكَ رَفِيقًا (النساء: ٦٩ )

ആർ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകൻമാർ, സത്യസന്ധൻമാർ,രക്ത സാക്ഷികൾ, സച്ചരിതൻമാർ എന്നിവരോടൊപ്പമായിരിക്കും. അവർ എത്ര നല്ല കൂട്ടുകാർ!



അല്ലാഹു പറയുന്നു:

وَمَن يُطِعِ اللَّهَ وَرَسُولَهُ وَيَخْشَ اللَّهَ وَيَتَّقْهِ فَأُوْلَئِكَ هُمُ الْفَائِزُونَ (النور: ٥٢)

അല്ലാഹുവെയും റസൂലിനെയും അനുസരിക്കുകയും,അല്ലാഹുവെ ഭയപ്പെടുകയും അവനോട് സൂക്ഷ്മത പുലർത്തുകയും ചെയ്യുന്നവരാരോ അവർ തന്നെയാണ് വിജയം നേടിയവർ.

അല്ലാഹു പറയുന്നു:

يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزًا عَظِيمًا (الأحزاب: ٧١)

അല്ലാഹുവെയും അവന്റെ ദൂതനെയും ആർ അനുസരിക്കുന്നുവോ അവൻ മഹത്തായ വിജയം നേടിയിരിക്കുന്നു.

അല്ലാഹു പറയുന്നു:

لَيْسَ عَلَى الْأَعْمَى حَرَجٌ وَلَا عَلَى الْأَعْرَجِ حَرَجٌ وَلَا عَلَى الْمَرِيضِ حَرَجٌ وَمَن يُطِعِ اللَّهَ وَرَسُولَهُ يُدْخِلْهُ جَنَّاتٍ تَجْرِي مِن تَحْتِهَا الْأَنْهَارُ وَمَن يَتَوَلَّ يُعَذِّبْهُ عَذَابًا أَلِيمًا(الفتح: ١٧)

വല്ലവനും അല്ലാഹുവെയും അവന്റെ റസൂലിനെയും അനുസരിക്കുന്ന പക്ഷം താഴ്ഭാഗത്ത് കൂടി നദികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ അവനെ പ്രവേശിപ്പിക്കുന്നതാണ്. വല്ലവനും പിന്തിരിഞ്ഞു കളയുന്ന പക്ഷം വേദനയേറിയ ശിക്ഷ അവന്നു നൽകുന്നതാണ്.

**റസൂൽ(ﷺ)യോട് എതിരാവുന്നവരെ കുറിച്ച് ഖുർആൻ**

റസൂൽ(ﷺ)യോട് എതിരാവുന്നവരെ കുറിച്ച് അല്ലാഹു പറയുന്നത് കാണുക:

وَمَن يُشَاقِقِ الرَّسُولَ مِن بَعْدِ مَا تَبَيَّنَ لَهُ الْهُدَى وَيَتَّبِعْ غَيْرَ سَبِيلِ الْمُؤْمِنِينَ نُوَلِّهِ مَا تَوَلَّى وَنُصْلِهِ جَهَنَّمَ وَسَاءَتْ مَصِيرًا (النساء: ١١٥)

തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും,സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്നപക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചു വിടുന്നതും, നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!



മറ്റൊരു ആയത്ത് കൂടി കാണുക:

فَلاَ وَرَبِّكَ لاَ يُؤْمِنُونَ حَتَّىَ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لاَ يَجِدُواْ فِي أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُواْ تَسْلِيمًا (النساء: ٦٥)

ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ് സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധികൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതു വരെ അവർ വിശ്വാസികളാവുകയില്ല.

ഇങ്ങനെയുള്ള ദശക്കണക്കിന് ആയത്തുകൾ ഈ ആശയവുമായി വിശുദ്ധ ഖുർആനിലുള്ളപ്പോൾ ഹദീസ് നിഷേധം എന്ന പിഴച്ച ചിന്ത അവർക്ക് ഉൾക്കൊള്ളാനായില്ല. പിന്നെ മുഹമ്മദ് അബ്ദു, റശീദ് രിദ എന്നിവരെ പോലുള്ള ആളുകൾ അവരുടെ ഗ്രന്ഥങ്ങളിലൂടെയും മറ്റും ഈ കാര്യം

പ്രചരിപ്പിക്കാൻ ശ്രമിച്ചതാണ് മുകളിൽ സൂചിപ്പിച്ചത്.

**ഇന്ത്യയിൽ ഇതിന് വേരോട്ടമുണ്ടായി**

ഭിന്നിപ്പിച്ച് കാര്യം നേടിയെടുക്കുക എന്ന പാശ്ചാത്യരുടെ തത്വം മുമ്പിൽ വെച്ചാണ് ബ്രിട്ടീഷുകാർ ഇന്ത്യയിൽ സർസയ്യിദ് അഹ്മദ് ഖാൻ പോലെയുള്ളവരിലൂടെ പ്രചരണം നടത്തിയത്.

ഇത്തരക്കാർ ബ്രിട്ടീഷ് സർക്കാർ നിലനിൽക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ആളുകൾ ജിഹാദിൽ ഏർപ്പെടാതിരിക്കാനൊക്കെ വേണ്ടി പല തത്വങ്ങളും പ്രചരിപ്പിച്ചു. തന്റേയടുത്ത് പുതിയ ഖുർആൻ ഉണ്ടെന്ന് പറഞ്ഞ് ഒരു ഭാഗത്ത് മീർസയും, ജുഗ്ഡാലവി മറ്റൊരു ഭാഗത്തുമായി പ്രചാരണങ്ങൾ നടത്തിക്കൊണ്ടിരുന്നു. ജുഗ്ഡാലവി 14 ഗ്രന്ഥങ്ങൾ ഈ വിഷയകമായി എഴുതി. അവയൊക്കെ മീർസാ ഗുലാമിന്റെ ലൈബ്രറിയിലാണ് ഇന്ന് സൂക്ഷിക്കപ്പെട്ടിരിക്കുന്നത്.

ലാഹോറിൽ (അന്ന് ഇന്ത്യയിലാണ് ലാഹോർ ഉള്ളത്) ആ കാലഘട്ടത്തിൽ ജീവിച്ച അഹ്ലുസ്സുന്നയുടെ പണ്ഡിതന്മാർ ഇശാഅത്തുസ്സുന്ന എന്ന പേരിൽ ഇറക്കിയ പത്രത്തിൽ ഹദീസ് നിഷേധികളായ ഈ കൂട്ടർ, ഖാദിയാനികളെ പോലെ കാഫിറുകളാണെന്ന് പ്രഖ്യാപിച്ചിരുന്നു. ഹദീസിനെ നിഷേധിക്കുക എന്നത് ഇസ്‌ലാമിൽ നിന്ന് തന്നെ പുറത്ത് പോകുന്ന വിഷയമാണെന്ന് അവർ മനസ്സിലാക്കിയിരുന്നു.



സർസയ്യിദ് അഹ്മദ് ഖാൻ, ചിറാഗ് അലി, അബ്ദുല്ലാ ജുഗ്ഡാലവി, അഹ്മദുദ്ധീൻ അമൃതസരി, അഹ്മദ് ബർവേസ് എന്നിവരൊക്കെ കാഫിറുകളാണെന്നാണ് മുഫ്തികൾ ഫത്‌വ നൽകിയിരുന്നത്.

**ഇവരുടെ നമസ്കാര രൂപം:**

**അബ്ദുല്ലാ ജുഗ്ഡാലവിയുടെ നമസ്കാരം**

അബ്ദുല്ലാ ജുഗ്ഡാലവിയുടെ നമസ്കാര രൂപം അയാളുടെ പുസ്തകത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാം:

**നമസ്കാര സമയങ്ങൾ ജുഗ്ഡാലവിയുടെ അടുക്കൽ:**

أَقِمِ الصَّلاَةَ لِدُلُوكِ الشَّمْسِ إِلَى غَسَقِ اللَّيْلِ وَقُرْآنَ الْفَجْرِ إِنَّ قُرْآنَ الْفَجْرِ كَانَ مَشْهُودًا (الإسراء: ٧٨)

(സൂര്യൻ (ആകാശമദ്ധ്യത്തിൽ നിന്ന്) തെറ്റിയത് മുതൽ രാത്രി ഇരുട്ടുന്നത് വരെ (നിശ്ചിത സമയങ്ങളിൽ) നീ നമസ്കാരം മുറപ്രകാരം നിർവഹിക്കുക ഖുർആൻ പാരായണം ചെയ്തുകൊണ്ടുള്ള പ്രഭാത നമസ്കാരവും (നിലനിർത്തുക) തീർച്ചയായും പ്രഭാതനമസ്കാരത്തിലെ ഖുർആൻ പാരായണം സാക്ഷ്യം വഹിക്കപ്പെടുന്നതാകുന്നു.)

ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് നേരം തന്നെ നമസ്കരിക്കണം എന്ന് അയാൾ സമ്മതിച്ചു. നമസ്കാരത്തിന്റെ റക്അത്ത് രണ്ടാവാം, മൂന്നാവാം,നാലാവാം എന്നൊക്കെ അയാൾ വാദിക്കുകയും ചെയ്തു.അതിനുള്ള തെളിവായി ഉദ്ദരിച്ച ആയത്ത് കാണുക: അല്ലാഹു പറയുന്നു:

الْحَمْدُ لِلَّهِ فَاطِرِ السَّمَاوَاتِ وَالْأَرْضِ جَاعِلِ الْمَلَائِكَةِ رُسُلًا أُولِي أَجْنِحَةٍ مَّثْنَى وَثُلَاثَ وَرُبَاعَ يَزِيدُ فِي الْخَلْقِ مَا يَشَاءُ إِنَّ اللَّهَ عَلَى كُلِّ شَيْءٍ قَدِيرٌ

(فاطر: ١)



(ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചുണ്ടാക്കിയവനും രണ്ടും മൂന്നും നാലും ചിറകുകളുള്ള മലക്കുകളെ ദൂതൻമാരായി നിയോഗിച്ചവനുമായ അല്ലാഹുവിന് സ്തുതി. സൃഷ്ടിയിൽ താൻ ഉദ്ദേശിക്കുന്നത് അവൻ അധികമാക്കുന്നു. തീർച്ചയായും അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു.) ഇങ്ങനെയാണ് അയാൾ തെളിവ് പിടിച്ചത്.

**തക്ബീറത്തുൽ ഇഹ്റാമിന്റെ രൂപം:**

തക്ബീറത്തുൽ ഇഹ്റാമിനും ഖുർആനിൽ നിന്ന് തന്നെ തെളിവ് വേണമല്ലോ.. അപ്പോൾ അയാൾ അതിന് തെളിവ് പിടിച്ചത് കാണുക:

الرِّجَالُ قَوَّامُونَ عَلَى النِّسَاء بِمَا فَضَّلَ اللّهُ بَعْضَهُمْ عَلَى بَعْضٍ وَبِمَا أَنفَقُواْ مِنْ أَمْوَالِهِمْ فَالصَّالِحَاتُ قَانِتَاتٌ حَافِظَاتٌ لِّلْغَيْبِ بِمَا حَفِظَ اللّهُ وَاللاَّتِي تَخَافُونَ نُشُوزَهُنَّ فَعِظُوهُنَّ وَاهْجُرُوهُنَّ فِي الْمَضَاجِعِ وَاضْرِبُوهُنَّ فَإِنْ أَطَعْنَكُمْ فَلاَ تَبْغُواْ عَلَيْهِنَّ سَبِيلاً إِنَّ اللّهَ كَانَ عَلِيًّا كَبِيرًا (النساء: ٣٤)

(തീർച്ചയായും അല്ലാഹു ഉന്നതനും മഹാനുമാകുന്നു.) എന്ന് അല്ലാഹു ഖുർആനിൽ പറഞ്ഞിട്ടുണ്ട്. അത് കൊണ്ട് ഇത് പറഞ്ഞാണ് ഇഹ്റാമിൽ പോ

കേണ്ടത്, الله أكبر എന്ന് പറഞ്ഞ് കൊണ്ടല്ല എന്ന് അദ്ദേഹം പറയുന്നു.

**സുജൂദിന്റെ രൂപം**

റുകൂഅ് കഴിഞ്ഞാൽ പിന്നെ ഇഅ്തിദാൽ ഇല്ല. കാരണം അതൊന്നും ഖുർആനിൽ പറഞ്ഞിട്ടില്ലല്ലോ.. റുകൂഇന് ശേഷം അവിടന്ന് ഒരു ചാട്ടമാണ് വേണ്ടതെന്നാണ്. പിന്നെ സലാം വീട്ടലുമില്ല. സുജൂദിൽ നിന്ന് തന്നെ എണീറ്റ് പോകലാണ്. ഇങ്ങനെയൊക്കെയാണ് ഇത്തരക്കാരുടെ നമസ്കാരത്തിന്റെ അവസ്ഥ.

**മുഹമ്മദ് റമദാനും നമസ്കാരവും**

മുഹമ്മദ് റമദാൻ എന്നയാൾ മറ്റൊരു രൂപത്തിലാണ് നമസ്കാരത്തെ മനസ്സിലാക്കിയത്. അയാളുടെ അടുക്കൽ നമസ്കാരം മൂന്ന് വഖ്ത് മാത്രമായിരുന്നു. അസ്വ്റും, മഗ്രിബും അഹ്ലുൽ അഹ്വാഉ (ഇച്ഛയനുസരിച്ച് നടക്കുന്നവർ) കൊണ്ട് വന്നതാണെന്നാണ് ഇയാൾ പറയുന്നത്.



എല്ലാ റക്അത്തിലും ഒരു സുജൂദ് മതി എന്നാണ് ഇയാളുടെ നമസ്കാര രൂപത്തിന്റെ കോലം. അത്പോലെ സുജൂദ് അവസാനിച്ച് കഴിഞ്ഞാൽ എഴുന്നേറ്റ് പോവുകയും ചെയ്യാമത്രെ. ജുഗ്ഡാലവിയുടെ നമസ്കാര രൂപത്തിലെ ചില കാര്യങ്ങളോട് (ഇഅ്തിദാൽ ഇല്ലാതെ റുകൂഇൽ നിന്ന് സുജൂദിലേക്ക് ചാടുന്നത്) ഇദ്ദേഹം യോജിക്കുന്നുണ്ട്.

**ലാഹോരി ഹദീസ് നിഷേധികളും നമസ്കാരവും**

അവരുടെ നമസ്കാരം തുടങ്ങുന്നത് പ്രവാചകൻ(ﷺ) പഠിപ്പിച്ച പ്രാരംഭ പ്രാർത്ഥന കൊണ്ടല്ല. മറിച്ച് റസൂൽ(ﷺ) മദീനയിലേക്ക് ഹിജ്റ വന്നപ്പോൾ പ്രാർത്ഥിച്ചതായി മുഫസ്സിറുകൾ പറഞ്ഞ ആയത്ത് ആയ

وَقُل رَّبِّ أَدْخِلْنِي مُدْخَلَ صِدْقٍ وَأَخْرِجْنِي مُخْرَجَ صِدْقٍ وَاجْعَل لِّي مِن لَّدُنكَ سُلْطَانًا نَّصِيرًا (الإسراء: ٨٠)

(എന്റെ രക്ഷിതാവേ, സത്യത്തിന്റെ പ്രവേശനമാർഗത്തിലൂടെ നീ എന്നെ പ്രവേശിപ്പിക്കേണമേ) എന്ന് പറഞ്ഞ് കൊണ്ടാണ് എന്നാണ് അവരുടെ വാ

ദം. അതോടൊപ്പം അവർ റുകൂഇൽ മൂന്ന് ആയ ത്തും സുജൂദിൽ അഞ്ച് ആയത്തും ഓതാറുണ്ടാ യിരുന്നു.

**സയ്യിദ് റഫീഉം നമസ്കാരവും**

നമസ്കാരം നാല് വഖ്ത്തേ ഉള്ളൂ എന്ന് അ യാൾ പറഞ്ഞു.ഹദീസ് നിഷേധികളിൽ നമസ്കാ രത്തിന് പലർക്കും പല വഖ്ത്താണ്. അവയുടെ പേരുകൾ: 1– തഹജ്ജുദ് നമസ്കാരം, 2– ഫജ്ർ നമസ്കാരം 3– ദുഹ്ർ നമസ്കാരം, 4– സായാഹ്ന (വൈകുന്നേര) നമസ്കാരം. ഇങ്ങനെ നാല് വഖ് ത്തുകൾ.ഇതിൽ തഹജ്ജുദും, ഫജ്റും നമസ്കരി ക്കുമ്പോൾ കിഴക്ക് ഭാഗത്തേക്കും, ദുഹ്റും, വൈ കുന്നേര നമസ്കാരവും പടിഞ്ഞാറ് ഭാഗത്തേക്കും തിരിഞ്ഞാണ് നമസ്കരിക്കേണ്ടത് എന്നാണ് അയാ ൾ പറയുന്നത്. ഇതിന് കാരണം പറയുന്നത് ഖുർ ആനിൽ അല്ലാഹു കിഴക്കും പടിഞ്ഞാറുമൊക്കെ അല്ലാഹുവിന്റേതാണെന്ന് പറഞ്ഞിട്ടുണ്ടെന്നാണ്.

ഇത്തരം പ്രഹസനങ്ങളും, മതത്തെ കളിയാ ക്കലുമൊക്കെയാണ് ഹദീസ് നിഷേധത്തിന്റെ ഫല മായി ഇന്ത്യൻ മേഖലകളിൽ ഉണ്ടായത്.



അറബികൾക്കിടയിൽ കാര്യമായ സ്വാധീനം ഈ നിഷേധങ്ങൾക്കും പരിഹാസങ്ങൾക്കും ഉണ്ടാ യില്ല എന്ന് നാം മനസ്സിലാക്കി. എന്നാൽ ഇന്ത്യയി ൽ ഇന്നും ഇത് പ്രചരിച്ച് കൊണ്ടേ ഇരിക്കുന്നു.

റസൂൽ(ﷺ) പോയ വഴിയിലൂടെ പോവാത്ത പ്പോഴുള്ള കുഴപ്പങ്ങളാണ് ഇത്തരം വഴികേടുകൾ ക്ക് കാരണം. വിശുദ്ധ ഖുർആനിൽ അല്ലാഹു റ സൂൽ(ﷺ)യോട് പറഞ്ഞത് കാണുക:

بِالْبَيِّنَاتِ وَالزُّبُرِ وَأَنزَلْنَا إِلَيْكَ الذِّكْرَ لِتُبَيِّنَ لِلنَّاسِ مَا نُزِّلَ إِلَيْهِمْ وَلَعَلَّهُمْ يَتَفَكَّرُونَ (النحل: ٤٤)

(നിനക്ക് നാം ഉൽബോധനം അവതരിപ്പിച്ച് തന്നി രിക്കുന്നു. ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചുകൊടുക്കാൻ വേണ്ടിയും, അവർ ചിന്തിക്കാൻ വേണ്ടിയും.)

ഈ വിവരണം പ്രവാചകൻ(ﷺ)യിൽ നിന്ന് മനസ്സിലാക്കാത്തതിനാൽ ഉണ്ടാകുന്ന അപകടങ്ങ ളാണിത്. ഈ ആയത്തിൽ വിശുദ്ധ ഖുർആനിനേ

യും, അതിന്റെ വിശദീകരണമായ തിരുസുന്നത്തിനേയും വേർതിരിച്ച് പറഞ്ഞത് സുവ്യക്തമാണ്.

പിന്നെ മറ്റൊരു സ്ഥലത്ത് അല്ലാഹു പറഞ്ഞത് കാണുക:

ثُمَّ إِنَّ عَلَيْنَا بَيَانَهُ (القيامة: ١٩)

(പിന്നീട് അത് വിവരിച്ചു തരലും നമ്മുടെ ബാധ്യതയാകുന്നു)

വിശുദ്ധ ഖുർആനിനെ വിവരിക്കാൻ അല്ലാഹു ഏറ്റെടുത്ത ആ ബാധ്യതയാണ് മുകളിൽ സൂചിപ്പിച്ച ആയത്തിലൂടെ അല്ലാഹു വ്യക്തമാക്കിയത്.അഥവാ അത് വിശദീകരിക്കാൻ റസൂൽ(ﷺ)യെ തെരെഞ്ഞെടുത്തു എന്നർത്ഥം. അപ്പോൾ അല്ലാഹുവിനോടും റസൂൽ(ﷺ)യോടും എതിരിടാനാവരുത് ഒരു മുസ്‌ലിം ശ്രദ്ധിക്കേണ്ടത്.

## ഇവരുണ്ടാക്കുന്ന സംശയങ്ങൾ

ഇവർ ജനങ്ങൾക്കിടയിൽ ഉണ്ടാക്കുന്ന സംശയങ്ങൾ നമുക്ക് ചർച്ച ചെയ്യാം.അതിൽ പെട്ടതാണ്, അല്ലാഹു ഖുർആനിൽ പറഞ്ഞിട്ടുണ്ട്:



وَمَا مِن دَآبَّةٍ فِي الأَرْضِ وَلاَ طَائِرٍ يَطِيرُ بِجَنَاحَيْهِ إِلاَّ أُمَمٌ أَمْثَالُكُم مَّا فَرَّطْنَا فِي الكِتَابِ مِن شَيْءٍ ثُمَّ إِلَى رَبِّهِمْ يُحْشَرُونَ (الأنعام: ٣٨)

(ഗ്രന്ഥത്തിൽ (ഖുർആനിൽ) നാം യാതൊന്നും വീഴ്ച വരുത്തിയിട്ടില്ല.)

ഈ ആയത്തിൽ പറയപ്പെട്ട ഗ്രന്ഥം اللـوح المحفوظ ആണെന്നാണ് ഭൂരിഭാഗം മുഫസ്സിറുകളുടേയും അഭിപ്രായം. ഇമാം ശൗകാനിയെ പോലുള്ള ചില പണ്ഡിതർ അത് വിശുദ്ധ ഖുർആനാണെന്നും അഭിപ്രായപ്പെടുന്നുണ്ട്. ഈ അഭിപ്രായത്തിൽ, നമുക്ക് വേണ്ട എല്ലാ കാര്യങ്ങളും ഖുർആനിൽ തന്നെ ഉണ്ടാവുമ്പോൾ പിന്നെ എന്തിനാണ് ഹദീസ് എന്നാണ് അവർ ചോദിക്കുന്നത്. അറിവില്ലാത്തവർക്ക് പെട്ടെന്ന് ഇത് ശരിയാണെന്ന് തോന്നാം. എന്നാൽ അറിവില്ലാത്തവർ അറിവില്ലായ്മയിൽ കൂടി പോകാതെ അല്ലാഹു പറഞ്ഞത് പോലെ അറിവുള്ളവരോട് ചോദിച്ച് മനസ്സിലാക്കലാണ് വേണ്ടത്. അല്ലാഹു പറയുന്നത് കാണുക:

وَمَا أَرْسَلْنَا مِن قَبْلِكَ إِلاَّ رِجَالاً نُّوحِي إِلَيْهِمْ فَاسْأَلُواْ أَهْلَ الذِّكْرِ إِن كُنتُمْ لاَ تَعْلَمُونَ (النحل: ٤٣)

(നിങ്ങൾക്കറിഞ്ഞ് കൂടെങ്കിൽ (വേദം മുഖേന) ഉൽബോധനം ലഭിച്ചവരോട് നിങ്ങൾ ചോദിച്ച് നോക്കുക.)

അല്ലാതെ മതത്തിൽ നമ്മുടെ ഇഷ്ടത്തിനനുസരിച്ച് നിയമങ്ങളും ആരാധനാ രീതികളുമുണ്ടാക്കാൻ നമുക്ക് അധികാരമില്ല. അല്ലാഹുവും റസൂൽ(ﷺ)യും പഠിപ്പിച്ച വിധം മാത്രം കാര്യങ്ങൾ ചെയ്യേണ്ടവരാണ് നമ്മൾ.

**വിശുദ്ധ ഖുർആനിൽ എല്ലാ കാര്യങ്ങളും വിവരിക്കപ്പെട്ടിട്ടുണ്ട് എന്ന ആയത്തിന്റെ വിവരണം ഇനി നമുക്ക് മനസ്സിലാക്കാം.**

**സകാത്തും വിശുദ്ധ ഖുർആനും**

അല്ലാഹു സകാത്തിനെ കുറിച്ച് വിശുദ്ധ ഖുർആനിൽ പറയുന്നുണ്ട്. സ്വർണത്തിന്നും വെള്ളിക്കുമെല്ലാം സകാത്ത് നൽകണമെന്നും,സകാത്തിന്റെ അവകാശികൾ എട്ട് വിഭാഗമാണെന്നും അല്ലാഹു അറിയിക്കുന്നുണ്ട്.അത് പോലെ സകാത്ത്



കൊടുക്കാത്തവർക്കുള്ള ശിക്ഷയേയും അല്ലാഹു അറിയിക്കുന്നു.

അല്ലാഹു പറയുന്നത് കാണുക:

يَا أَيُّهَا الَّذِينَ آمَنُواْ إِنَّ كَثِيرًا مِّنَ الأَحْبَارِ وَالرُّهْبَانِ لَيَأْكُلُونَ أَمْوَالَ النَّاسِ بِالْبَاطِلِ وَيَصُدُّونَ عَن سَبِيلِ اللّهِ وَالَّذِينَ يَكْنِزُونَ الذَّهَبَ وَالْفِضَّةَ وَلاَ يُنفِقُونَهَا فِي سَبِيلِ اللّهِ فَبَشِّرْهُم بِعَذَابٍ أَلِيمٍ (التوبة: ٣٤)

സ്വർണവും വെള്ളിയും നിക്ഷേപമാക്കിവെക്കുകയും, അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക.

സകാത്തിന്റെ അവകാശികളെ കുറിച്ച് അല്ലാഹു പറയുന്നത് കാണുക:

إِنَّمَا الصَّدَقَاتُ لِلْفُقَرَاء وَالْمَسَاكِينِ وَالْعَامِلِينَ عَلَيْهَا وَالْمُؤَلَّفَةِ قُلُوبُهُمْ وَفِي الرِّقَابِ وَالْغَارِمِينَ وَفِي سَبِيلِ اللّهِ وَابْنِ السَّبِيلِ فَرِيضَةً مِّنَ اللّهِ وَاللّهُ عَلِيمٌ حَكِيمٌ (التوبة: ٦٠)

ദാനധർമ്മങ്ങൾ (നൽകേണ്ടത്) ദരിദ്രൻമാർക്കും, അഗതികൾക്കും,അതിന്റെ കാര്യത്തിൽ പ്രവർത്തിക്കുന്നവർക്കും(ഇസ്‌ലാമുമായി) മനസ്സുകൾ ഇണക്കപ്പെട്ടവർക്കും, അടിമകളുടെ (മോചനത്തിന്റെ) കാര്യത്തിലും, കടം കൊണ്ട് വിഷമിക്കുന്നവർക്കും, അല്ലാഹുവിന്റെ മാർഗത്തിലും, വഴിപോക്കന്നും മാത്രമാണ്. അല്ലാഹുവിങ്കൽ നിന്ന് നിശ്ചയിക്കപ്പെട്ടതത്രെ ഇത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാണ്.

സകാത്ത് നൽകണമെന്നും അതിന്റെ അവകാശികൾ ഈ ആയത്തിൽ സൂചിപ്പിച്ച വിധമാണെന്നും നമുക്ക് മനസ്സിലാക്കാൻ സാധിച്ചു. എന്നാൽ എങ്ങനെ ചിലവഴിക്കണമെന്നും, എപ്പോഴാണ് ചിലവഴിക്കേണ്ടതുമെന്നും,എത്ര കൊടുക്കണമെന്നും വിശുദ്ധഖുർആനിൽ വിവരിക്കപ്പെട്ടിട്ടില്ല. അവ മനസ്സിലാക്കണമെങ്കിൽ പ്രവാചകൻ(ﷺ)യുടെ വിശദീകരണം അനിവാര്യമാണ്. അതിന് വേണ്ടിയാണ് പ്രവാചകൻ(ﷺ)യെ അല്ലാഹു നിയോഗിച്ചത് തന്നെ.



വിശുദ്ധ ഖുർആനിൽ എല്ലാ കാര്യങ്ങളും മൊത്തമായി വിവരിക്കുകയും,അതിന്റെ വിവരണത്തിന് പ്രവാചകൻ(ﷺ)യോട് അല്ലാഹു കൽപ്പിക്കുകയുമാണുണ്ടായത്.ഇത് നമ്മൾ മനസ്സിലാക്കണം.

**നമസ്കാരവും വിശുദ്ധ ഖുർആനും**

നമസ്കാരത്തിന്റെ അഞ്ച് വഖ്ത്തുകളെ കുറിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ പറഞ്ഞിട്ടില്ല എന്ന് ഇവർ സംശയമുണ്ടാക്കാറുണ്ട്. അല്ലാഹു പറയുന്നത് കാണുക:

أَقِمِ الصَّلَاةَ لِدُلُوكِ الشَّمْسِ إِلَىٰ غَسَقِ اللَّيْلِ وَقُرْآنَ الْفَجْرِ إِنَّ قُرْآنَ الْفَجْرِ كَانَ مَشْهُودًا (الإسراء: ٧٨)

സൂര്യൻ(ആകാശമദ്ധ്യത്തിൽ നിന്ന്) തെറ്റിയത് മുതൽ രാത്രി ഇരുട്ടുന്നത് വരെ(നിശ്ചിത സമയങ്ങളിൽ) നീ നമസ്കാരം മുറപ്രകാരം നിർവഹിക്കുക ഖുർആൻ പാരായണം ചെയ്തുകൊണ്ടുള്ള പ്രഭാത നമസ്കാരവും (നിലനിർത്തുക) തീർച്ചയായും പ്രഭാതനമസ്കാരത്തിലെ ഖുർആൻ പാരായണം സാക്ഷ്യം വഹിക്കപ്പെടുന്നതാകുന്നു.

ഈ ആയത്തിൽ നിന്ന് തന്നെ അഞ്ച് നമസ്കാരങ്ങളെ കുറിച്ച് അല്ലാഹു അറിയിക്കുന്നത് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. കൂടാതെ റസൂൽ(ﷺ) അവ വിവരിച്ച് തന്നിട്ടുമുണ്ട്.അതിനും പുറമെ അസ്വ്ർ നമസ്കാരത്തെ കുറിച്ച് അല്ലാഹു പ്രത്യേകം പറയുന്നതും കാണുക:

حَافِظُواْ عَلَى الصَّلَوَاتِ والصَّلاَةِ الْوُسْطَى وَقُومُواْ لِلّهِ قَانِتِينَ(البقرة: ٢٣٨)

പ്രാർത്ഥനകൾ (അഥവാ നമസ്കാരങ്ങൾ) നിങ്ങൾ സൂക്ഷ്മതയോടെ നിർവഹിച്ചു പോരേണ്ടതാണ്. പ്രത്യേകിച്ചും ഉൽകൃഷ്ടമായ നമസ്കാരം. അല്ലാഹുവിന്റെ മുമ്പിൽ ഭയഭക്തിയോടു കൂടി നിന്നു കൊണ്ടാകണം നിങ്ങൾ പ്രാർത്ഥിക്കുന്നത്.

ഇതിൽ പറഞ്ഞ الصلاة الوسطى അസ്വ്ർ നമസ്കാരമാണെന്നാണ് ഭൂരിഭാഗം മുഫസ്സിറുകളും പറയുന്നത്.

ഇങ്ങനെ നമസ്കാരത്തിന്റെ സമയത്തിൽ ആശയക്കുഴപ്പം ഉണ്ടാക്കുന്നവർക്ക് ഓരോ നമസ്കാരത്തിലും റക്അത്തുകൾ നിശ്ചയിക്കാൻ ആരാണ് പഠിപ്പിച്ചത്? അത് ഖുർആനിൽ പറഞ്ഞിട്ടുണ്ടോ? ഓരോ നമസ്കാരത്തിലും പ്രത്യേക എ



ണ്ണം റക്അത്തുകൾ പഠിപ്പിച്ചതാരാണ്?. റസൂൽ(ﷺ) യാണ് ഇവ നമുക്ക് പഠിപ്പിച്ച് തന്നത്. അത് കൊണ്ട് ആ റസൂൽ(ﷺ)യെ പിൻപറ്റുക എന്നതല്ലാതെ സ്വന്തം ബുദ്ധി കൊണ്ട് രൂപപ്പെടുത്തുന്ന ആരാധനകൾ ചെയ്യാനല്ല അല്ലാഹു പറഞ്ഞത് എന്ന് അവർ മനസ്സിലാക്കണം. ഇവിടെ അല്ലാഹു വിശദീകരണം പറഞ്ഞിട്ടില്ല എന്ന് വാദിച്ച് ഇത്തരം കാര്യങ്ങൾ ഇവർ ഉപേക്ഷിക്കുന്നുണ്ടോ എന്ന് ചിന്തിക്കണം. തനിക്ക് തോന്നിയത് എടുക്കാനും, തനിക്ക് ഇഷ്ടമില്ലാത്തത് തള്ളാനും അല്ല മുസ്‌ലിം ശ്രമിക്കേണ്ടത്.

അത് പോലെ തന്നെ യാത്രയിലാണെങ്കിൽ നാല് റക്അത്തുള്ള നമസ്കാരം രണ്ട് റക്അത്തായി ചുരുക്കി നമസ്കരിക്കേണ്ട രൂപം ഖുർആനിൽ വിവരിച്ചിട്ടില്ല. ചുരുക്കി നമസ്കരിക്കാം എന്ന് മാത്രമാണ് അല്ലാഹു ഖുർആനിൽ പറഞ്ഞിട്ടുള്ളത്. അല്ലാഹു പറയുന്നത് കാണുക.

وَإِذَا ضَرَبْتُمْ فِي الأَرْضِ فَلَيْسَ عَلَيْكُمْ جُنَاحٌ أَن تَقْصُرُواْ مِنَ الصَّلاَةِ إِنْ خِفْتُمْ أَن يَفْتِنَكُمُ الَّذِينَ كَفَرُواْ إِنَّ الْكَافِرِينَ كَانُواْ لَكُمْ عَدُوًّا مُّبِينًا

(النساء: ١٠١)

(നിങ്ങൾ ഭൂമിയിൽ യാത്രചെയ്യുകയാണെങ്കിൽ സത്യനിഷേധികൾ നിങ്ങൾക്ക് നാശം വരുത്തുമെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം നമസ്കാരം ചുരുക്കി നിർവഹിക്കുന്നതിൽ നിങ്ങൾക്ക് കുറ്റമില്ല.)

എന്നാൽ റസൂൽ(ﷺ)യാണ് ഏത് രൂപത്തിലാണ് ചുരുക്കി നമസ്കരിക്കേണ്ടത് എന്ന് നമ്മെ പഠിപ്പിച്ചത്. അപ്പോൾ ഹദീസ് നിഷേധിക്കുന്ന ഇവർ ഇത് എങ്ങനെയായിരിക്കും നമസ്കരിക്കുക. അത് പോലെ ഖുർആനിൽ റക്അത്തുകൾ പഠിപ്പിച്ചിട്ടില്ല. അത് കൊണ്ട് ഒരു റക്അത്ത് മാത്രം നമസ്കരികരിച്ചാൽ മതി എന്ന് വാദിക്കുന്ന ഇവർ എങ്ങനെയാണ് ചുരുക്കി നമസ്കരിക്കുക.

ആർത്തവം, പ്രസവ രക്തം എന്നിവയുള്ളവരുമായി ബന്ധം പുലർത്താൻ പാടില്ല എന്ന് നമുക്കറിയാം. ആർത്തവമുള്ളവരുമായി ബന്ധപ്പെടാൻ പാടില്ലെന്ന് ഖുർആൻ പഠിപ്പിച്ചതാണ്. എന്നാ



ൽ ഇങ്ങനെയുള്ള സ്ത്രീകൾ നമസ്കരിക്കരുതെന്ന് വിശുദ്ധ ഖുർആൻ പഠിപ്പിച്ചിട്ടുണ്ടോ? ഇങ്ങനെ ഖുർആൻ മാത്രം മതി എന്ന് വാദിക്കുന്ന ഇവരുടെ സ്ത്രീകൾ ഇത്തരം വേളകളിലും നമസ്കരിക്കേണ്ടി വരും. ഇത്തരം കാര്യങ്ങൾ മുസ്‌ലീകൾ പ്രത്യേകം ശ്രദ്ധിക്കണം.

മോഷ്ടിച്ചവന്റേയും, മോഷ്ടിച്ചവളുടേയുംകൈ വെട്ടണമെന്ന് അല്ലാഹു പറയുന്നുണ്ട്.അല്ലാഹു പറയുന്നത് കാണുക:

وَالسَّارِقُ وَالسَّارِقَةُ فَاقْطَعُواْ أَيْدِيَهُمَا جَزَاء بِمَا كَسَبَا نَكَالاً مِّنَ اللّهِ وَاللّهُ عَزِيزٌ حَكِيمٌ (المائدة: ٣٨)

മോഷ്ടിക്കുന്നവന്റെയും മോഷ്ടിക്കുന്നവളുടെയും കൈകൾ നിങ്ങൾ മുറിച്ചുകളയുക.അവർ സമ്പാദിച്ചതിന്നുള്ള പ്രതിഫലവും, അല്ലാഹുവിങ്കൽ നിന്നുള്ള മാതൃകാപരമായ ശിക്ഷയുമാണത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു.

കട്ടവന്റെ കൈ വെട്ടണമെന്നതാണ് അല്ലാഹു അറിയിക്കുന്നത്. അപ്പോൾ ഈ ആയത്തിന് ഹദീസ് നിഷേധികൾ മറ്റൊരു അർത്ഥം വെക്കു

ന്നു. الأَيْدِي എന്ന പദത്തിന് ശക്തി എന്ന അർത്ഥം നൽകുകയും, കള്ളൻമാരെ ഇല്ലാതാക്കാൻ ഗവണ്മെന്റ് ശക്തി പ്രയോഗിക്കണം എന്നാക്കുകയും ചെയ്തു. ഇനി കൈ വെട്ടുകയാണെങ്കിൽ തന്നെ എവിടെയാണ് വെട്ടേണ്ടത്. കൈപടമാണോ, അതോ കൈമുട്ടാണോ വെട്ടേണ്ടതൊന്നും ഖുർആൻ വിവരിച്ചില്ല.അത്പോലെ എത്ര കട്ടാലാണ് വെട്ടേണ്ടത്,എവിടുന്ന് എടുത്താൽ വെട്ടണം, എപ്പോൾ വെട്ടണമെന്നൊന്നും അതിൽ ഇല്ല.

അല്ലാഹു പറഞ്ഞ രൂപത്തിൽ റസൂൽ(ﷺ) യെ അനുസരിച്ച് കൊണ്ട് ജീവിച്ചാൽ ഇത്തരം ആശയക്കുഴപ്പങ്ങളുണ്ടാവില്ല. അല്ലെങ്കിൽ അല്ലാഹു പറഞ്ഞതിൽ വീഴ്ചയുണ്ട് എന്ന് പറയേണ്ടി വരും. എന്നാൽ അല്ലാഹു പറയുന്നത് കാണുക:

...الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الإِسْلاَمَ دِينًا ... (المائدة: ٣)

ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു.



ന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു

മതം പരിപൂർണമായിട്ടുണ്ട്. അത് ഖുർആനും തിരുസുന്നത്തും അനുസരിച്ചെങ്കിൽ മാത്രമേ നമുക്ക് യാഥാർത്ഥ്യമാക്കാൻ സാധിക്കുകയുള്ളൂ. അതാണ് സ്വഹാബികളിൽ നമ്മൾ കണ്ടത്. അവർക്ക് ഖുർആൻ മാത്രം മതി എന്നും, ഹദീസ് വേണ്ട എന്നുമുള്ള ചിന്ത ഉണ്ടായിട്ടേ ഇല്ല.

അപ്പോൾ മുകളിൽ സൂചിപ്പിച്ച പ്രശ്നങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് അല്ലാഹു ഖുർആനിൽ പല കാര്യങ്ങളും പൊതുവായി പരാമർശിക്കുകയാണ് ചെയ്യാറുള്ളത് എന്നാണ്.ഇങ്ങനെ മൊത്തത്തിൽ കാര്യങ്ങൾ പറയുമ്പോഴെല്ലാം അല്ലാഹു ആവർത്തിച്ച് ഉണർത്തുന്ന ഒരു കാര്യമാണ് നിങ്ങൾ അല്ലാഹുവിനേയും അവന്റെ റസൂൽ(ﷺ)യേയും അനുസരിക്കുകയും, റസൂൽ(ﷺ) പഠിപ്പിച്ച കാര്യങ്ങൾ സ്വീകരിക്കുകയും, വിലക്കിയ കാര്യങ്ങളിൽ നിന്ന് വിട്ട് നിൽക്കുകയും ചെയ്യണമെന്നത്. ഇത് മറക്കുമ്പോഴും, അതി

നെ നിഷേധിക്കുമ്പോഴും അപകടങ്ങളിൽ കുടുങ്ങുമെന്നത് യാഥാർത്ഥ്യമാണ്.

**റസൂൽ(ﷺ)യെ അനുസരിച്ചവർ അല്ലാഹുവിനെ അനുസരിച്ചിരിക്കുന്നു**

റസൂൽ(ﷺ)യെ അനുസരിച്ചവർ അല്ലാഹുവിനെ അനുസരിച്ചു എന്ന് നാം മനസ്സിലാക്കി. അല്ലാഹു പറയുന്നത് കാണുക:

مَّنْ يُطِعِ الرَّسُولَ فَقَدْ أَطَاعَ اللَّهَ وَمَن تَوَلَّى فَمَا أَرْسَلْنَاكَ عَلَيْهِمْ حَفِيظًا

(النساء: ٨٠)

(അല്ലാഹുവിന്റെ) ദൂതനെ ആർ അനുസരിക്കുന്നുവോ തീർച്ചയായും അവൻ അല്ലാഹുവെ അനുസരിച്ചു.ആർ പിന്തിരിഞ്ഞുവോ അവരുടെ മേൽ കാവൽക്കാരനായി നിന്നെ നാം നിയോഗിച്ചിട്ടില്ല.

ഇതിൽ നിന്ന് റസൂൽ(ﷺ)യെ അനുസരിക്കണം എന്നുള്ള കാര്യം നമുക്ക് സുവ്യക്തമാണ്. ഖുർആനിൽ പറഞ്ഞ കാര്യങ്ങളിൽ മാത്രം റസൂൽ(ﷺ)യെ അനുസരിച്ചാൽ മതി എന്ന് ഇതിൽ നിന്ന് കിട്ടില്ല.റസൂൽ(ﷺ) നമ്മെ അറിയിക്കുന്ന എല്ലാ



കാര്യങ്ങളിലും ഈ അനുസരണം നമ്മിൽ ഉണ്ടായിരിക്കണം.കൂടാതെ അല്ലാഹു നമ്മെ അറിയിക്കുന്ന മറ്റൊരു കാര്യം ശ്രദ്ധിക്കുക:

لَقَدْ كَانَ لَكُمْ فِي رَسُولِ اللَّهِ أُسْوَةٌ حَسَنَةٌ لِّمَن كَانَ يَرْجُو اللَّهَ وَالْيَوْمَ الْآخِرَ وَذَكَرَ اللَّهَ كَثِيرًا (الأحزاب: ٢١)

തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്.അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയും,അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തു വരുന്നവർക്ക്.

മതത്തിന്റെ എല്ലാ വിഷയങ്ങളിലും ഈ മാതൃക വിശ്വാസികൾക്ക് ഉണ്ടെന്നാണ് അല്ലാഹു പറയുന്നത്.അല്ലാഹു മാതൃകയാക്കണമെന്ന് പറഞ്ഞ ഈ മാതൃകയാണ് ഹദീസ് നിഷേധികൾ ഇല്ലാതാക്കുന്നത്. ഈ സമുദായത്തിന്റെ ഇമാം ആണ് റസൂൽ(ﷺ).

ഇത് സ്വീകരിക്കാത്തവർ ഈ ആയത്തിനെ എതിർക്കുകയാണ് ചെയ്യുന്നത്. റസൂൽ(ﷺ) എന്ത് പറഞ്ഞാലും, പ്രവർത്തിച്ചാലും നാം അതിനെ പി

ന്തുടരണം. കാരണം റസൂൽ(ﷺ) വഹ്‌യിന്റെ അടി സ്ഥാനത്തിലാണ് സംസാരിക്കാറുള്ളത്. അല്ലാഹു പറയുന്നത് കാണുക:

وَمَا يَنطِقُ عَنِ الْهَوَى ◯ إِنْ هُوَ إِلَّا وَحْيٌ يُوحَى ◯ عَلَّمَهُ شَدِيدُ الْقُوَى

(النجم: ٣ – ٥)

അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല. ◯ അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽ കപ്പെടുന്ന ഒരു ഉൽബോധനം മാത്രമാകുന്നു. ◯ ശക്തിമത്തായ കഴിവുള്ളവനാണ് (ജിബ്‌രീൽ എ ന്ന മലക്കാണ്) അദ്ദേഹത്തെ പഠിപ്പിച്ചിട്ടുള്ളത്.

**റസൂൽ(ﷺ)യോട് എതിരാവുന്നവർക്ക് ജഹന്നം**

ഇതൊന്നും ശ്രദ്ധിക്കാതെ റസൂൽ(ﷺ)ക്ക് എ തിരായി കൊണ്ട് തിരിഞ്ഞ് കളയുന്ന ആളുകളെ കുറിച്ച് അല്ലാഹു അറിയിക്കുന്നത് കാണുക.

وَمَن يُشَاقِقِ الرَّسُولَ مِن بَعْدِ مَا تَبَيَّنَ لَهُ الْهُدَى وَيَتَّبِعْ غَيْرَ سَبِيلِ الْمُؤْمِنِينَ نُوَلِّهِ مَا تَوَلَّى وَنُصْلِهِ جَهَنَّمَ وَسَاءتْ مَصِيرًا (النساء: ١١٥)



തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷ വും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും,സത്യവിശ്വാസികളുടെതല്ലാത്ത മാ ർഗം പിന്തുടരുകയും ചെയ്യുന്നപക്ഷം അവൻ തി രിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടു ന്നതും, നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാ ണ്. അതെത്ര മോശമായ പര്യവസാനം!

ഖുർആൻ മത്രം മതി എന്ന് പറയുന്ന ആളു കൾ ചില വിഷയങ്ങളിൽ റസൂൽ(ﷺ) അനുസരി ക്കുന്നുണ്ടെങ്കിൽ അത് ഖുർആനാണെന്ന് പറയേ ണ്ടി വരും.അത് പോലെ റസൂൽ(ﷺ) ഖുർആനല്ലാ ത്ത മറ്റെന്തെങ്കിലും പറഞ്ഞാൽ അതംഗീകരിക്കേ ണ്ടതില്ല എന്ന് പറഞ്ഞാൽ അതിന് ഖുർആനിൽ നിന്ന് തെളിവും വേണ്ടി വരും. ഇത് രണ്ടും ശരി യല്ല എന്നതാണ് നമുക്ക് മനസ്സിലാവുന്നത്.

**റസൂൽ(ﷺ)യുടെ മക്കാ ജീവിതവും ഹദീസുകളും**

നബി(ﷺ)യുടെ മക്കാ ജീവിതം എടുത്താൽ അതിലെ പല കാര്യങ്ങളും വിശുദ്ധ ഖുർആനിൽ കാണാൻ സാധിക്കില്ല. ആ കാലത്തുണ്ടായ പല

സംഭവങ്ങളും വിശുദ്ധ ഖുർആനിൽ വിശദീകരിക്കപ്പെട്ടിട്ടില്ല. ഖുർആൻ മാത്രമേ അംഗീകരിക്കൂ എന്ന് പറയുന്നവർക്ക് അത്തരം കാര്യങ്ങൾ അറിയാൻ സാധിക്കില്ല.

ഹിജ്റ സന്ദർഭത്തെ കുറിച്ചും, ഹിജ്റയുടെ വേളയിൽ റസൂൽ(ﷺ)യുടെ കൂടെയുള്ള കൂട്ടുകാരനെ കുറിച്ചും വിശുദ്ധ ഖുർആൻ അറിയിക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

إِلاَّ تَنصُرُوهُ فَقَدْ نَصَرَهُ اللّهُ إِذْ أَخْرَجَهُ الَّذِينَ كَفَرُواْ ثَانِيَ اثْنَيْنِ إِذْ هُمَا فِي الْغَارِ إِذْ يَقُولُ لِصَاحِبِهِ لاَ تَحْزَنْ إِنَّ اللّهَ مَعَنَا فَأَنزَلَ اللّهُ سَكِينَتَهُ عَلَيْهِ وَأَيَّدَهُ بِجُنُودٍ لَّمْ تَرَوْهَا وَجَعَلَ كَلِمَةَ الَّذِينَ كَفَرُواْ السُّفْلَى وَكَلِمَةُ اللّهِ هِيَ الْعُلْيَا وَاللّهُ عَزِيزٌ حَكِيمٌ (التوبة: ٤٠)

നിങ്ങൾ അദ്ദേഹത്തെ സഹായിക്കുന്നില്ലെങ്കിൽ; സത്യനിഷേധികൾ അദ്ദേഹത്തെ പുറത്താക്കുകയും, അദ്ദേഹം രണ്ടുപേരിൽ ഒരാൾ ആയിരിക്കുകയും ചെയ്ത സന്ദർഭത്തിൽ അഥവാ അവർ രണ്ടുപേരും (നബി(ﷺ)യും അബൂബക്കറും(رضي الله عنه))ആ ഗുഹയിലായിരുന്നപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ കൂട്ടുകാരനോ



ട്, ദുഃഖിക്കേണ്ട. തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്ന് പറയുന്ന സന്ദർഭം.

ഹിജ്റയുടെ കൂടുതൽ കാര്യങ്ങളും വിശദീകരിക്കപ്പെട്ടത് ഹദീസിലാണ്. ഈ ആയത്തിൽ പറഞ്ഞ റസൂൽ(ﷺ)യുടെ കൂട്ടുകാരനെ ഹദീസ് വേണ്ട എന്ന് പറഞ്ഞാൽ എങ്ങനെയാണ് മനസ്സിലാക്കാൻ സാധിക്കുക.

## ഹദീസിനെ അല്ലാഹു സംരക്ഷിക്കുന്നു

വിശുദ്ധ ഖുർആനെ അല്ലാഹു സംരക്ഷിക്കുന്നതോടൊപ്പം പ്രവാചകൻ(ﷺ)യുടെ ഹദീസുകളേയും അല്ലാഹു സംരക്ഷിക്കുന്നുണ്ട്. ഒന്നാം നൂറ്റാണ്ടിന് ശേഷം ഓരോ കാലഘട്ടങ്ങളിൽ ഹദീസുകളെ തള്ളാനും,കള്ള ഹദീസുകൾ ഉണ്ടാക്കാനും ആളുകൾ ശ്രമിച്ചിരുന്നു.എന്നാൽ അല്ലാഹു ഏറ്റെടുത്തത് കൊണ്ട് തന്നെ അങ്ങനെയുള്ളവരിൽ നിന്ന് അവൻ ഹദീസുകളെ സംരക്ഷിച്ചിട്ടുണ്ട്.അങ്ങനെയാണ് സ്വഹീഹായ ഹദീസ്, ഹസനായ ഹദീസ്, ദുർബലമായ ഹദീസ് എന്നിങ്ങനെയൊക്കെ ഹദീസുകൾ വേർതിരിക്കപ്പെട്ടത്. പ്രവാചകൻ(ﷺ) യുടെ മുഴുവൻ ഹദീസുകളും കൃത്യമായി ക്രോ

ഢീകരിക്കപ്പെട്ടിട്ടുമുണ്ട്. മഹാരഥൻമാരായ ഇമാമുമാരിലൂടെ അല്ലാഹു ഈ കാര്യം നിറവേറ്റി എന്ന് നമുക്ക് ചരിത്രം പരിശോധിച്ചാൽ മനിസ്സിലാക്കാൻ കഴിയുന്ന യാഥാർത്ഥ്യമാണ്.

**ഖുർആൻ അല്ലാഹുവിന്റെ കലാം ആണ്**

ഖുർആൻ അല്ലാഹുവിന്റെ കലാം ആണെന്ന് നമ്മെ അറിയിക്കുന്നത് റസൂൽ(ﷺ) ആണ്. ജിബ്‌രീൽ(عليه السلام) ഇത് നമ്മുടെ കൈകളിൽ നേരിട്ട് എത്തിച്ച് തന്നിട്ടില്ലല്ലോ... മുഹമ്മദ് നബി(ﷺ) അബ്ദുല്ലയുടെയും, ആമിനയുടേയും മകനാണെന്ന് വിശുദ്ധ ഖുർആനിൽ കാണാൻ സാധ്യമല്ല. റസൂൽ(ﷺ) മക്കയിലാണ് ജനിച്ചതെന്നും ഖുർആനിൽ പറഞ്ഞിട്ടില്ല.പിന്നെ അതൊക്കെ ഹദീസിനെ നിഷേധിക്കുന്നവർ എങ്ങനെ മനസ്സിലാക്കും.അതൊക്കെ ഹദീസുകളിലൂടെ റസൂൽ(ﷺ) പഠിപ്പിക്കുന്ന കാര്യങ്ങളാണ്. ഞാൻ നബിയാണെന്ന് റസൂൽ(ﷺ) പറയുന്നുണ്ട്.അത് മക്കയിലെ ഇന്ന ആളാണെന്ന് ഖുർആൻ മാത്രം മതി എന്ന് വാദിക്കുന്നവർക്ക് എങ്ങനെ മനസ്സിലക്കാൻ സാധിക്കും. അത് പോലെ



മുഹമ്മദ്(ﷺ) അല്ലാഹുവിന്റെ ദൂതനാണെന്ന് വിശുദ്ധ ഖുർആൻ അറിയിക്കുന്നുണ്ട്. ആ മുഹമ്മദ്(ﷺ) ഇന്ന വ്യക്തിയാണെന്ന് പഠിപ്പിക്കുന്നതും ഹദീസുകൾ തന്നെയാണ്.

**ഹദീസ് നിഷേധികൾ കാഫിറുകളെന്ന് ഖുർആൻ**

അല്ലാഹുവോടൊപ്പം, റസൂൽ(ﷺ)യെ അനുസരിക്കാത്ത ആളുകൾ കാഫിറുകളാണെന്ന് അല്ലാഹു അറിയിക്കുന്നു:

قُلْ أَطِيعُواْ اللّهَ وَالرَّسُولَ فإِن تَوَلَّوْاْ فَإِنَّ اللّهَ لاَ يُحِبُّ الْكَافِرِينَ (آل عمران: ٣٢)

പറയുക: നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുവിൻ. ഇനി അവർ പിന്തിരിഞ്ഞുകളയുന്നപക്ഷം അല്ലാഹു സത്യനിഷേധികളെ സ്നേഹിക്കുന്നതല്ല; തീർച്ച.

ഈ ആയത്തിൽ അല്ലാഹുവിനെയും റസൂൽ(ﷺ)യേയും അനുസരിക്കാൻ അല്ലാഹു അറിയിക്കുന്നതോടൊപ്പം, അത് ശ്രദ്ധിക്കാതെ പിന്തിരിഞ്ഞ് കളയുന്നവരായ കാഫിറുകളെ അല്ലാഹു ഇ

ഷ്ടപ്പെടുകയില്ല എന്ന് അറിയിക്കുന്നു. അത് കൊണ്ട് ഹദീസുകളെ നിഷേധിച്ച് കൊണ്ട് കുഫ്റിൽ അകപ്പെടുന്നതിനെ നാം സൂക്ഷിക്കുക.

അത് കൊണ്ടാണ് ലാഹോറിലെ അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതൻമാർ ഹദീസ് നിഷേധികളായ ആളുകൾ കാഫിറുകളാണെന്ന് പ്രഖ്യാപിച്ചത്.

**വിശ്വാസത്തിന് ശേഷം കാഫിറുകളാക്കുന്ന ഇത്തരക്കാർ ശ്രദ്ധിക്കുക**

ഈമാൻ ലഭിച്ചതിന് ശേഷം സത്യ നിഷേധത്തിലേക്ക് മടങ്ങുന്ന ഹദീസ് നിഷേധികളെ പോലുള്ളവരെകുറിച്ച് അല്ലാഹു പറയുന്നത് കാണുക:

إِنَّ الَّذِينَ كَفَرُواْ بَعْدَ إِيمَانِهِمْ ثُمَّ ازْدَادُواْ كُفْرًا لَّن تُقْبَلَ تَوْبَتُهُمْ وَأُوْلَـئِكَ هُمُ الضَّآلُّونَ( آل عمران: ٩٠)

വിശ്വസിച്ചതിന് ശേഷം അവിശ്വാസികളായി മാറുകയും, അവിശ്വാസം കൂടിക്കൂടി വരികയും ചെയ്ത വിഭാഗത്തിന്റെ പശ്ചാത്താപം ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല. അവരത്രെ വഴിപിഴച്ചവർ.



അറിവില്ലായ്മ മൂലം ഹദീസ് നിഷേധത്തിൽ അകപ്പെട്ടവർ, കാര്യം മനസ്സിലായതിന് ശേഷവും അതിൽതന്നെ ഉറച്ച് നിന്നാലുള്ള അപകടങ്ങൾ ഈ ആയത്തിന്റെ വെളിച്ചത്തിൽ നമുക്ക് മനസ്സിലാവുന്നതാണ്. ഹദീസ് നിഷേധത്തിന്റെ അപകടം മനസ്സിലായാൽ ഉടൻ തന്നെ അതിൽ നിന്ന് പിൻമാറിയില്ലെങ്കിൽ വഴിപിഴച്ചവരായി അവർ മാറുന്നതാണ്.ഇത്തരം അപകടങ്ങളിൽ അറിവില്ലായ്മ മൂലം അകപ്പെടാതെ അറിവുള്ളവരോട് കാര്യങ്ങൾ ചോദിച്ച് മനസ്സിലാക്കണം എന്ന് പറഞ്ഞത് അതിന്റെ ഗൗരവം കൊണ്ടാണ് എന്ന് തിരിച്ചറിയണം.

**കാഫിറുകളായി മരിക്കുന്നവരെ കുറിച്ച്**

നിഷേധികളായി കുഫ്റിൽ തന്നെ മരിക്കുന്നവരെക്കുറിച്ച് അല്ലാഹു പറയുന്നത് കാണുക:

إِنَّ الَّذِينَ كَفَرُواْ وَمَاتُواْ وَهُمْ كُفَّارٌ فَلَن يُقْبَلَ مِنْ أَحَدِهِم مِّلْءُ الأرْضِ ذَهَبًا وَلَوِ افْتَدَى بِهِ أُوْلَـئِكَ لَهُمْ عَذَابٌ أَلِيمٌ وَمَا لَهُم مِّن نَّاصِرِينَ(آل عمران: ٩١)

അവിശ്വസിക്കുകയും അവിശ്വാസികളായിക്കൊണ്ട് മരിക്കുകയും ചെയ്തവരിൽപെട്ട ഒരാൾ ഭൂമി

നിറയെ സ്വർണം പ്രായശ്ചിത്തമായി നൽകിയാൽ പോലും അത് സ്വീകരിക്കപ്പെടുന്നതല്ല. അവർക്കാണ് വേദനയേറിയ ശിക്ഷയുള്ളത്.അവർക്ക് സഹായികളായി ആരുമുണ്ടായിരിക്കുന്നതുമല്ല.

**ഹദീസുകളിൽ ദുർബലമായവയും ഇല്ലേ?**

ഇവർ ജനങ്ങൾക്കിടയിൽ ഉണ്ടാകുന്ന മറ്റൊരു സംശയമാണ് ഹദീസുകളിൽ ബലഹീനമായവയും ഇല്ലേ എന്ന ചോദ്യം. ഇങ്ങനെ ചോദിക്കുന്നവരോട് പറയാനുള്ളത് അവർ ആദ്യം ഹദീസ് നിഷേധം അവസാനിപ്പിച്ച്, തൗബ ചെയ്ത് ഇസ്ലാമിലേക്ക് കടന്ന് വരണമെന്നതാണ്.

വിശുദ്ധ ഖുർആനെ അല്ലാഹു സംരക്ഷിക്കുമെന്ന് വിശുദ്ധ ഖുർആൻ അറിയിക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُ لَحَافِظُونَ (الحجر: ٩)

തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്.



ഖുർആനിനെ സംരക്ഷിക്കുമെന്ന് പറഞ്ഞ റബ്ബ് ഹദീസുകളെയും സംരക്ഷിക്കുമെന്ന് വിശുദ്ധ ഖുർആനിലൂടെ അറിയിക്കുന്നു:

ثُمَّ إِنَّ عَلَيْنَا بَيَانَهُ (القيامة: ١٩)

(പിന്നീട് അത് വിവരിച്ചുതരലും നമ്മുടെ ബാധ്യതയാകുന്നു.) അഥവാ ലോകാവസാനം വരെ വിശുദ്ധ ഖുർആൻ വിവരിച്ച് തരലും അല്ലാഹുവിന്റെ ബാധ്യതയാണെന്ന് ഇവിടെ അറിയിക്കുന്നു. അതിന്റെ വിശദീകരണമായ ഹദീസുകളേയും അവൻ സംരക്ഷിച്ച് കൊണ്ടേ ഇരിക്കുമെന്നർത്ഥം.

**ഹദീസിനെ അംഗീകരിക്കുന്നതോടൊപ്പം അതിനെ നിഷേധിക്കുന്നവർ**

ഹദീസിനെ സ്വീകരിക്കുന്നതോടൊപ്പം അതിൽ ചിലതിനെ നിഷേധിക്കുന്ന രോഗമാണ് നമ്മുടെ ഇടയിൽ കണ്ട്കൊണ്ടിരിക്കുന്നത്.അതിന് കാരണമായി പറയുന്നത് ഹദീസിൽ ബുദ്ധിക്ക് യോജിക്കാത്തവയും ഉണ്ടെന്നാണ്.നബി(ﷺ)ക്ക് സിഹ്ർ ബാധിച്ചതിനെ വിവരിക്കുന്ന സ്വഹീഹായ ഹദീസ് പോലെയുള്ളവ ബുദ്ധിക്ക് അംഗീകരിക്കാൻ

സാധിക്കില്ല എന്ന് പറഞ്ഞാണ് അവരത് തള്ളുന്നത്.

മതത്തിന്റെ കാര്യങ്ങൾ നമ്മെ പഠിപ്പിക്കാനും, റസൂൽ(ﷺ) മനുഷ്യനാണെന്നും, മനുഷ്യ സഹജമായ വീഴ്ച റസൂൽ(ﷺ)ക്ക് ബാധിക്കുമെന്നും മനസ്സിലാക്കിത്തരാൻ വേണ്ടിയും അല്ലാഹു റസൂൽ(ﷺ)ക്ക് മാരണം തട്ടിച്ചു. ആ സന്ദർഭത്തിൽ രിസാലത്തിന്റെ ഒരു തത്വവും മറക്കുകയോ, അത് എത്തിച്ച് തരുന്നതിൽ വീഴ്ച വരികയോ ചെയ്തിട്ടില്ല.തന്റെ ഭാര്യയിലേക്ക് ചെന്നോ ഇല്ലേ എന്ന ഒരു സംശയം മാത്രമാണ് അത് മുഖേന റസൂൽ(ﷺ)ക്ക് ഉണ്ടായത്. മുശ്‌രിക്കുകൾ പറയുന്നത പോലെയുള്ള മാരണം റസൂൽ(ﷺ)ക്ക് തട്ടിയിട്ടില്ല. അവരുടെ അടുക്കൽ അറിയപ്പെട്ട മാരണം ബുദ്ധിയില്ലാത്ത, കളവ് പറയുന്ന അവസ്ഥയിലുള്ളതാണ്.അങ്ങനെയുള്ള മാരണം റസൂൽ(ﷺ)ക്ക് ബാധിച്ചിട്ടുണ്ടെന്ന് ഹദീസിലും ഇല്ല. മാരണത്തിൽ നിന്ന് രക്ഷപ്പെടേണ്ട രീതി അല്ലാഹു ഇതിലൂടെ പഠിപ്പിച്ചു. ഇതിൽ ബുദ്ധിക്ക് യോജിക്കാത്തതായി ഒന്നുമില്ല. മാരണവുമായി ബന്ധപ്പെട്ട് ഒരു സ്വഹാബിക്കും സംശയമുള്ള



തായി റിപ്പോർട്ട് ചെയ്യപ്പെട്ടത് കാണാൻ സാധ്യവുമല്ല.

ഇത്തരത്തിൽ മറവിയുടെ സുജൂദ് റസൂൽ(ﷺ)ക്ക് പഠിപ്പിച്ച് കൊടുക്കാൻ വേണ്ടി അല്ലാഹു നമസ്കാരത്തിൽ റസൂൽ(ﷺ)ക്ക് മറവി നൽകി.ഈ സംഭവം ഹദീസിൽ കാണാം:

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللهِ صلى الله عليه وسلم انْصَرَفَ مِنِ اثْنَتَيْنِ فَقَالَ لَهُ ذُو الْيَدَيْنِ أَقَصُرَتِ الصَّلَاةُ أَمْ نَسِيتَ يَا رَسُولَ اللهِ فَقَالَ رَسُولُ اللهِ صلى الله عليه وسلم أَصَدَقَ ذُو الْيَدَيْنِ فَقَالَ النَّاسُ نَعَمْ فَقَامَ رَسُولُ اللهِ صلى الله عليه وسلم فَصَلَّى اثْنَتَيْنِ أُخْرَيَيْنِ ثُمَّ سَلَّمَ ثُمَّ كَبَّرَ فَسَجَدَ مِثْلَ سُجُودِهِ أَوْ أَطْوَلَ ( متفق عليه)

(അബൂ ഹുറൈറ(رضي الله عنه)യിൽ നിന്നും നിവേദനം.റസൂൽ(ﷺ) (നമസ്കാരത്തിൽ) രണ്ട് റക്അത്തിന് ശേഷം വിരമിച്ചു. അപ്പോൾ റസൂൽ(ﷺ)യോട് ദുൽയദൈൻ ചോദിച്ചു: അല്ലയോ അല്ലാഹുവിന്റെ ദൂതരേ, നമസ്കാരം ചുരുക്കപ്പെട്ടോ, അതല്ല താങ്കൾ മറന്നോ..? അപ്പോൾ റസൂൽ(ﷺ) ചോദിച്ചു: ദുൽയദൈൻ സത്യമാണോ പറഞ്ഞത്? അപ്പോൾ ജനങ്ങ

ൾ(സ്വഹാബികൾ) പറഞ്ഞു:അതെ. അപ്പോൾ റസൂൽ(ﷺ) എഴുന്നേറ്റ് വേറെ രണ്ട് റക്അത്ത് നമസ്കരിച്ചു സലാം വീട്ടി പിന്നെ തക്ബീർ ചൊല്ലി (നമസ്കാരത്തിലെ) സുജൂദ് പോലെയുള്ള അല്ലെങ്കിൽ അതിനേക്കാൾ ദീർഘിച്ച സുജൂദ് ചെയ്തു.)(മറവിയുടെ സുജൂദിന്റെ ഒരു രൂപമാണിത്)

അല്ലാഹുവിന് മറവിയുടെ സുജൂദ് പഠിപ്പിക്കാൻ ഇങ്ങനെ മറവി സംഭവിപ്പിക്കാതെ തന്നെ ചെയ്യാമായിരുന്നു. എന്നിട്ടും ഈ രൂപത്തിലാണ് അല്ലാഹു ഇത് ചെയ്തത്.

അപ്പോൾ ബുദ്ധിക്ക് യോജിക്കുന്നില്ല എന്ന് പറഞ്ഞ് ഓരോന്നോരോന്നായി നിഷേധിച്ച് അവസാനം ഹദീസുകൾ തന്നെ വേണ്ട എന്ന് വാദിക്കലാവും ഇത്തരം നിഷേധികൾ ചെയ്യുക. മുഴുവൻ ഹദീസുകളും തള്ളുന്ന അവസ്ഥയായിരിക്കും അവർക്കുണ്ടാവുക. ഇത്തരക്കാരെ മുസ്ലീംകൾ നന്നായി സൂക്ഷിക്കണം. മതം പഠിപ്പിച്ച എല്ലാ കാര്യങ്ങളും സംശയമില്ലാതെ സ്വീകരിക്കേണ്ടവരാണ് വിശ്വാസികൾ.



സ്വഹീഹായ സ്ഥിരീകരിക്കപ്പെട്ട ഹദീസുകൾ ബുദ്ധിക്ക് യോജിച്ചാലും, ഇല്ലെങ്കിലും സ്വീകരിക്കണമെന്നതാണ് സലഫുസ്സാലിഹുകൾ പറഞ്ഞത്.അത് പോലെ തന്നെ നമ്മൾ അവ സ്വീകരിക്കാൻ തയ്യാറാവുക.

**അബൂഹുറൈറ(ﷺ)വും ഹദീസുകളും.**

**ചോദ്യം:** ആഇശ(ﷺ), റസൂൽ(ﷺ)യോട് കൂടെ കൂടുതൽ വർഷം താമസിച്ചിട്ടുണ്ട്. എന്നിട്ടും മൂന്ന് വർഷം മാത്രം റസൂൽ(ﷺ)യോടൊപ്പം ജീവിച്ച അബൂഹുറൈറ(ﷺ) എങ്ങനെയാണ് കൂടുതൽ ഹദീസുകൾ റിപ്പോർട്ട് ചെയ്തത്?

അബൂ ഹുറൈറ(ﷺ) മൂന്ന് കൊല്ലത്തോളം റസൂൽ(ﷺ)യോടൊപ്പം ജീവിച്ച വ്യക്തിയാണ്. റസൂൽ(ﷺ)യോടൊപ്പം എല്ലാ സന്ദർഭങ്ങളിലും വിടാതെ കൂടുന്ന പതിവ് ഇദ്ദേഹത്തിന്നുണ്ടായിരുന്നു. റസൂൽ(ﷺ) പറയുന്ന എല്ലാ കാര്യങ്ങളും അദ്ദേഹം കൃത്യമായി റിപ്പോർട്ട് ചെയ്യാറുണ്ടായിരുന്നു.കച്ചവടം പോലെയുള്ള മറ്റു ഭൗതിക കാര്യങ്ങളിൽ അബൂഹുറൈറ(ﷺ) ഏർപ്പെട്ടിരുന്നില്ല. ഒന്നാം നൂറ്റാണ്ടിലെ

ആർക്കും അബൂഹുറൈറ(رضي الله عنه)വുമായി ബന്ധപ്പെട്ട് ഒരു സംശയവുമുണ്ടായില്ല.ഓറിയന്റലിസ്റ്റുകൾ പ്രചരിപ്പിച്ച സംശയങ്ങളാണ് അബൂഹുറൈറ(رضي الله عنه)വുമായും, മറ്റും ബന്ധപ്പെട്ട് ജനങ്ങൾക്കിടയിൽ ഇന്ന് പ്രചരിച്ചത്. താബിഇയായ മുഹമ്മദ് ബ്നി ശിഹാബ് അസ്സുഹ്രി(رحمه الله)യേയും ഇത്തരത്തിൽ അവർ ദുരാരോപണങ്ങൾക്കിരയാക്കിയിട്ടുണ്ട്. ആ കാര്യങ്ങൾ കൃത്യമായി നാം മനസ്സിലാക്കണം.

ബുദ്ധിക്ക് യോജിക്കാത്തതെന്ന് പറഞ്ഞ് ഹദീസുകൾ തള്ളുന്ന രീതി മുൻകാലക്കാരിൽ ഉണ്ടായിരുന്നില്ല. പിന്നെ എങ്ങനെയാണ് 1400 ലേറെ വർഷങ്ങൾക്ക് ശേഷം നമ്മളിൽ ആ രോഗം ഉണ്ടാവുക. ഹദീസുകളിൽ സ്ഥിരപ്പെട്ട കാര്യങ്ങളെ തള്ളിപ്പറയുന്നതിലൂടെ മതത്തിനേയാണ് തള്ളുന്നത് എന്ന് അവർ അറിഞ്ഞിരിക്കണം. യാതൊരു സംശയവും കൂടാതെ വിശുദ്ധ ഖുർആനോടൊപ്പം റസൂൽ(ﷺ)യുടെ തിരുസുന്നത്തുകളേയും സ്വീകരിക്കുക. അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ.. ആമീൻ.



إِنَّا أَنزَلْنَا إِلَيْكَ الْكِتَابَ بِالْحَقِّ لِتَحْكُمَ بَيْنَ النَّاسِ بِمَا أَرَاكَ اللَّهُ وَلَا تَكُن لِّلْخَائِنِينَ خَصِيمًا ۝ وَاسْتَغْفِرِ اللَّهَ إِنَّ اللَّهَ كَانَ غَفُورًا رَّحِيمًا ۝ وَلَا تُجَادِلْ عَنِ الَّذِينَ يَخْتَانُونَ أَنفُسَهُمْ إِنَّ اللَّهَ لَا يُحِبُّ مَن كَانَ خَوَّانًا أَثِيمًا ۝ يَسْتَخْفُونَ مِنَ النَّاسِ وَلَا يَسْتَخْفُونَ مِنَ اللَّهِ وَهُوَ مَعَهُمْ إِذْ يُبَيِّتُونَ مَا لَا يَرْضَىٰ مِنَ الْقَوْلِ وَكَانَ اللَّهُ بِمَا يَعْمَلُونَ مُحِيطًا

(النساء: ١٠٥ – ١٠٨)

നിനക്ക് അല്ലാഹു കാണിച്ചുതന്നതനുസരിച്ച് ജനങ്ങൾക്കിടയിൽ നീ വിധികൽപിക്കുവാൻ വേണ്ടിയാണ് സത്യപ്രകാരം നാം നിനക്ക് വേദഗ്രന്ഥം അവതരിപ്പിച്ചു തന്നിട്ടുള്ളത്.നീ വഞ്ചകൻമാർക്ക് വേണ്ടി വാദിക്കുന്നവനാകരുത്.۝അല്ലാഹുവോട് പാപമോചനം തേടുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.۝ ആത്മവഞ്ചന നടത്തിക്കൊണ്ടിരിക്കുന്ന ആളുകൾക്ക് വേണ്ടി നീ തർക്കിക്കരുത്. മഹാവഞ്ചകനും അധർമ്മകാരിയുമായ ഒരാളെയും അല്ലാഹു ഇഷ്ടപ്പെടുകയേ ഇല്ല.۝അവർ ജനങ്ങളിൽ നിന്ന്(കാര്യങ്ങൾ) ഒളിച്ചു വെക്കുന്നു.എന്നാൽ അല്ലാഹുവി

ൽ നിന്ന് (ഒന്നും) ഒളിച്ചുവെക്കാൻ അവർക്ക് കഴിയില്ല. അല്ലാഹു ഇഷ്ടപ്പെടാത്ത വാക്കുകളിലൂടെ അവർ രാത്രിയിൽ ഗൂഢാലോചന നടത്തിക്കൊണ്ടിരിക്കുമ്പോൾ അവർ അവരുടെ കൂടെത്തന്നെയുണ്ട്. അവർ പ്രവർത്തിക്കുന്നതെല്ലാം സമ്പൂർണ്ണമായി അറിയുന്നവനാകുന്നു അല്ലാഹു.

ഹദീസ് നിഷേധികളെ കുറിച്ചും, അതിന്റെ തുടക്കത്തെ കുറിച്ചുമുള്ള ചില സുപ്രധാന കാര്യങ്ങൾ നാം മനസ്സിലാക്കുകയുണ്ടായി.

**പ്രവാചകന്മാരുടെ ബാധ്യത പ്രബോധനം മാത്രം**

മുഴുവൻ പ്രവാചകൻമാരുടേയും ബാധ്യത ജനങ്ങൾക്ക് ദൗത്യം എത്തിച്ച് കൊടുക്കുക എന്നുള്ളതാണ്.ലോകജനങ്ങൾക്കുള്ള മാർഗദർശകനായി നിയോഗിക്കപ്പെട്ട അവസാനത്തെ പ്രവാചകനാണ് മുഹമ്മദ് റസൂൽ(ﷺ).അല്ലാഹു റസൂൽ(ﷺ) യെ നിയോഗിച്ചതും അല്ലാഹുവിൽ നിന്നുള്ള കാര്യങ്ങൾ നമുക്ക് എത്തിച്ച് തരിക എന്ന ഉത്തരവാദവുമായിട്ടാണ്. അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക:

مَّا عَلَى الرَّسُولِ إِلاَّ الْبَلاَغُ وَاللّهُ يَعْلَمُ مَا تُبْدُونَ وَمَا تَكْتُمُونَ (المائدة: ٩٩)



റസൂലിന്റെ മേൽ പ്രബോധന ബാധ്യത മാത്രമേയുള്ളൂ.നിങ്ങൾ വെളിപ്പെടുത്തുന്നതും ഒളിച്ചുവെക്കുന്നതുമെല്ലാം അല്ലാഹു അറിയുന്നു.

ഈ കാര്യം അല്ലാഹു വിശുദ്ധ ഖുർആനിൽ ആവർത്തിച്ച് ഉണർത്തുന്നത് നമുക്ക് കാണാവുന്നതാണ്: അല്ലാഹു പറയുന്നത് കാണുക:

وَقَالَ الَّذِينَ أَشْرَكُواْ لَوْ شَاء اللّهُ مَا عَبَدْنَا مِن دُونِهِ مِن شَيْءٍ نَّحْنُ وَلا آبَاؤُنَا وَلاَ حَرَّمْنَا مِن دُونِهِ مِن شَيْءٍ كَذَلِكَ فَعَلَ الَّذِينَ مِن قَبْلِهِمْ فَهَلْ عَلَى الرُّسُلِ إِلاَّ الْبَلاغُ الْمُبِينُ (النحل: ٣٥)

എന്നാൽ ദൈവദൂതൻമാരുടെ മേൽ സ്പഷ്ടമായ പ്രബോധനമല്ലാതെ വല്ല ബാധ്യതയുമുണ്ടോ ?

قُلْ أَطِيعُوا اللَّهَ وَأَطِيعُوا الرَّسُولَ فَإِن تَوَلَّوا فَإِنَّمَا عَلَيْهِ مَا حُمِّلَ وَعَلَيْكُم مَّا حُمِّلْتُمْ وَإِن تُطِيعُوهُ تَهْتَدُوا وَمَا عَلَى الرَّسُولِ إِلَّا الْبَلَاغُ الْمُبِينُ (النور: ٥٤)

നീ പറയുക: നിങ്ങൾ അല്ലാഹുവെ അനുസരിക്കുവിൻ. റസൂലിനെയും നിങ്ങൾ അനുസരിക്കുവിൻ. എന്നാൽ നിങ്ങൾ പിന്തിരിയുന്ന പക്ഷം അദ്ദേഹം (റസൂൽ(ﷺ)) ചുമതലപ്പെടുത്തപ്പെട്ട കാര്യത്തിൽ മാത്രമാണ് അദ്ദേഹത്തിന് ബാധ്യതയുള്ളത്. നിങ്ങ

ൾക്ക് ബാധ്യതയുള്ളത് നിങ്ങൾ ചുമതല ഏൽപിക്കപ്പെട്ട കാര്യത്തിലാണ്. നിങ്ങൾ അദ്ദേഹത്തെ അനുസരിക്കുകയാണെങ്കിൽ നിങ്ങൾക്ക് സൻമാർഗം പ്രാപിക്കാം. റസൂലിന്റെ ബാധ്യത വ്യക്തമായ പ്രബോധനം മാത്രമാകുന്നു.

وَإِن تُكَذِّبُوا فَقَدْ كَذَّبَ أُمَمٌ مِّن قَبْلِكُمْ وَمَا عَلَى الرَّسُولِ إِلَّا الْبَلَاغُ الْمُبِينُ (العنكبوت: ١٨)

നിങ്ങൾ നിഷേധിച്ച് തള്ളുകയാണെങ്കിൽ നിങ്ങൾക്കു മുമ്പുള്ള പല സമുദായങ്ങളും നിഷേധിച്ച് തള്ളുകയുണ്ടായിട്ടുണ്ട്.ദൈവദൂതന്റെ ബാധ്യത വ്യക്തമായ പ്രബോധനം മാത്രമാകുന്നു.

وَمَا عَلَيْنَا إِلاَّ الْبَلاَغُ الْمُبِينُ ( يس: ١٧)

വ്യക്തമായ പ്രബോധനമല്ലാതെ ഞങ്ങൾക്ക് യാതൊരു ബാധ്യതയുമില്ല.

فَإِنْ أَعْرَضُوا فَمَا أَرْسَلْنَاكَ عَلَيْهِمْ حَفِيظًا إِنْ عَلَيْكَ إِلَّا الْبَلَاغُ وَإِنَّا إِذَا أَذَقْنَا الْإِنسَانَ مِنَّا رَحْمَةً فَرِحَ بِهَا وَإِن تُصِبْهُمْ سَيِّئَةٌ بِمَا قَدَّمَتْ أَيْدِيهِمْ فَإِنَّ الْإِنسَانَ كَفُورٌ (الشورى: ٤٨)



ഇനി അവർ തിരിഞ്ഞുകളയുകയാണെങ്കിൽ(നബിയേ,) നിന്നെ നാം അവരുടെ മേൽ കാവൽക്കാരനായി അയച്ചിട്ടില്ല. നിന്റെ മേൽ പ്രബോധന ബാധ്യത മാത്രമേയുള്ളു.

അന്തിമ പ്രവാചകൻ(ﷺ) ആ ദൗത്യം വളരെ കൃത്യമായി നിർവഹിച്ചിട്ടുണ്ട് എന്നത് വ്യക്തമാണ്. വിശുദ്ധ ഖുർആനും, തിരുസുന്നത്തും ആ കാര്യം നമ്മെ അറിയിക്കുന്നുമുണ്ട്.

അത് കൊണ്ട് തന്നെ വിശുദ്ധ ഖുർആനിൽ അറിയിക്കപ്പെട്ട ഏത് കാര്യത്തേയും റസൂൽ(ﷺ) വിശദീകരിച്ചത് സ്ഥിരീകരിക്കപ്പെട്ട് നമ്മുടെ അടുക്കൽ എത്തിയാൽ അവ മുഴുവൻ സ്വീകരിക്കൽ നമ്മുടെ ബാധ്യതയാണ്. ആ കാര്യങ്ങൾ മുഴുവൻ മതത്തിന്റെ ഭാഗമാണെന്നും, അവയിൽ വീഴ്ച വരുത്തിയാൽ അവന്റെ വിശ്വാസം പൂർണമാവില്ല എന്നും അറിഞ്ഞിരിക്കേണ്ടതുമാണ്.

**ഖുർആനിസ്റ്റുകളല്ല, ഇവർ ഖുർആൻ നിഷേധികൾ**

ഹദീസ് നിഷേധികൾ യഥാർത്ഥത്തിൽ അവരുടെ നിഷേധത്തിലൂടെ കുഫ്റിലേക്കാണ് എ

ത്തിച്ചേരുന്നത്. മതത്തിൽ നിന്ന് പുറത്ത് പോയ മുർത്തദ്ദുകളാണവർ. അവർ ഖുർആനിസ്റ്റുകൾ എന്ന പേരിലല്ല വിളിക്കപ്പെടേണ്ടത്, ഖുർആൻ നിഷേധികൾ എന്നാണ്.അവർ സുന്നത്തിനെ നിഷേധിക്കുന്നതിലൂടെ ഖുർആനിനേയും നിഷേധിക്കുന്നു.കാരണം റസൂൽ(ﷺ)യുടെ സുന്നത്തിനെ സ്വീകരിക്കാൻ വിശുദ്ധ ഖുർആൻ കൽപിക്കുന്നുണ്ട്. റസൂൽ(ﷺ)യെ പിന്തുടരാൻ കൽപ്പിക്കുന്ന ആയത്തുകളെയെല്ലാം ഇവരുടെ നിഷേധം മുഖേന ഇവർ തള്ളുന്നവരാണ്.

അവർ ഖുർആൻ അംഗീകരിക്കുന്നവരാണെങ്കിൽ വിശുദ്ധ ഖുർആൻ സ്ഥാപിക്കുന്ന സുന്നത്തിനെ അവർ പിന്തുടരുമായിരുന്നു. അതല്ല അവർ ചെയ്യുന്നത്. ഖുർആനിനേയും സുന്നത്തിനേയും തള്ളുകയാണ് ചെയ്യുന്നത്.

1400 വർഷങ്ങളിലേറെ വിട്ട് കടന്നിട്ട് ആദ്യ വർഷങ്ങളിലൊന്നുമില്ലാത്ത വിധം ഒരു പ്രത്യേക വ്യതിയാനമാണ് ഹദീസ് നിഷേധം എന്ന പേരിൽ ഇന്ത്യൻ മേഖലകളിൽ കണ്ട് കൊണ്ടിരിക്കുന്നത്.അറബികളിൽ ഇത് വേരൂന്നിയില്ല എന്നത് നമ്മൾ മ



നസ്സിലാക്കി.അറബികളിൽ ഈ രോഗം പരത്താൻ ശ്രമിച്ചത് ജമാലുദ്ധീൻ അഫ്ഗാനി, മുഹമ്മദ് റശീദ് രിദ, മുഹമ്മദ് അബ്ദു, അഹ്മദ് അമീൻ തുടങ്ങിയവരായിരുന്നു. കേരളത്തിൽ ഈ രോഗം ബാധിക്കാനും ഇവർ കാരണമായിട്ടുണ്ട്.

**ഖുർആനും തിരുസുന്നത്തും സ്വീകരിക്കേണ്ടതെങ്ങിനെ ?**

വിശുദ്ധ ഖുർആനിനെ വിവരിക്കേണ്ടത് റസൂൽ(ﷺ)യാണെന്ന് വിശുദ്ധ ഖുർആൻ തന്നെ പറഞ്ഞതാണ്.അത് റസൂൽ(ﷺ) കൃത്യമായി നിർവഹിച്ചിട്ടുമുണ്ട്. റസൂൽ(ﷺ)യിൽ നിന്ന് ഈ വിശദീകരണം നേരിട്ട് കേട്ടവർ മുഹാജിറുകളും,അൻസ്വാറുകളും ഉൾപ്പെട്ട സ്വഹാബികളാണ്. അവർ മനസ്സിലാക്കിയതനുസരിച്ച് അവർ പറഞ്ഞ രൂപത്തിലായിരിക്കണം ഖുർആനിനെ നാം പഠിക്കേണ്ടതും,പഠിപ്പിക്കേണ്ടതും, മനസ്സിലാക്കേണ്ടതും. അല്ലാഹു തെരെഞ്ഞെടുത്തവരാണവർ. ഏറ്റവും ഉത്തമ സമുദായമാണ് റസൂൽ(ﷺ)യുടെ ഉമ്മത്ത് എന്ന് അവരെ കുറിച്ച് അല്ലാഹു പറയുന്നുണ്ട്:

كُنتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ بِالْمَعْرُوفِ وَتَنْهَوْنَ عَنِ الْمُنكَرِ وَتُؤْمِنُونَ بِاللَّهِ وَلَوْ آمَنَ أَهْلُ الْكِتَابِ لَكَانَ خَيْرًا لَّهُم مِّنْهُمُ الْمُؤْمِنُونَ وَأَكْثَرُهُمُ الْفَاسِقُونَ (آل عمران: ١١٠)

മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു.

ഈ ആയത്തിന്റെ വിവരണമെന്നോണം റസൂൽ(ﷺ)പറയുന്നു:

عَنْ عَبْدِ اللهِ رضي الله عنه عَنِ النَّبِيِّ صلى الله عليه وسلم قَالَ خَيْرُ النَّاسِ قَرْنِي ثُمَّ الَّذِينَ يَلُونَهُمْ ثُمَّ الَّذِينَ يَلُونَهُمْ .... ( متفق عليه)

(അബ്ദുല്ലാഹി ബ്നി മസ്ഊദ്(رضي الله عنه) നിവേദനം. നബി (ﷺ) പറഞ്ഞു: ജനങ്ങളിൽ ഏറ്റവും ഉത്തമർ എന്റെ നൂറ്റാണ്ടാണ് (അഥവാ എന്റെ നൂറ്റാണ്ടിലെ ജനങ്ങളാണ്) പിന്നെ അവരോടടുത്തവർ, പിന്നെ അവരോടടുത്തവർ...)



ഈ ഉത്തമ സമുദായമെന്ന വിശേഷണം ഉള്ളവരെ പിൻപറ്റുക എന്നത് നമ്മുടെ ബാധ്യതയാണ്.അത് നാം ചെയ്തില്ലെങ്കിൽ നമ്മുടെ നമസ്കാരം, നമ്മുടെ സകാത്ത്, നമ്മുടെ നോമ്പ് തുടങ്ങിയ നാം ചെയ്യുന്ന ഏതൊരു കർമവും സ്വീകാര്യമാവുകയില്ല.അവരുടെ വിവരണത്തിന്റെ പിന്നിൽ ആയിരിക്കണം നമ്മുടെ കർമങ്ങൾ നിർവഹിക്കപ്പെടേണ്ടത്. അതല്ലാതെ നമ്മുടെ വകയായി ചെയ്യുന്ന കർമങ്ങളല്ല നാം ചെയ്യേണ്ടത്. നമ്മുടെ ബുദ്ധിയിൽ രൂപപ്പെട്ട് വരുന്ന കർമങ്ങളുമല്ല. ഈ അടിസ്ഥാനത്തിൽ നിന്ന് വ്യതിചലിച്ചവരാണ് ഹദീസിനെ മൊത്തത്തിലോ, അല്ലെങ്കിൽ ഭാഗികമായോ തള്ളുന്നവർ. ഈ അടിസ്ഥാനത്തിൽ നിന്ന് വ്യതിചലിച്ചവരാണ് മൂന്ന് വഖ്തുകാരായി മാറിയത്, ഇങ്ങനെയുള്ളവരാണ് റസൂൽ(ﷺ) നമസ്കരിച്ച രൂപത്തിൽ നമസ്കരിക്കാൻ സാധിക്കാത്തവർ, ഇങ്ങനെയുള്ളവരാണ് റസൂൽ(ﷺ) ആരാധനാ കർമങ്ങൾ ചെയ്ത് കാണിച്ചത് പോലെ അവ ചെയ്യാൻ സാധിക്കാത്തവർ. ഇങ്ങനെ പിഴച്ച് പോയ ആളുകൾക്ക് അല്ലാഹു ഹിദായത്തും, സത്യത്തിൽ അടിയുറച്ച് നിൽക്കാനുള്ള തൗഫീഖും നൽകട്ടെ.

## രണ്ട് സാക്ഷ്യ വാക്യങ്ങൾ യാഥാർത്ഥ്യമാക്കാൻ

നാം ചൊല്ലുന്ന أَشْهَدُ أَنْ لاَ إِلَهَ إِلاَّ اللهُ و أَشْهَدُ أَنَّ مُحَمَّدًا رَسُولُ اللهِ എന്നീ രണ്ട് സാക്ഷ്യ വാക്യങ്ങൾ യാഥാർത്ഥ്യമാകാൻ തൗഹീദ് ഉൾക്കൊള്ളുന്നതോടൊപ്പം, റസൂൽ(ﷺ)യെ പിന്തുടരുകയും, റസൂൽ(ﷺ)യിൽ മാതൃക കണ്ടെത്തുകയും ചെയ്യണം. أَشْهَدُ أَنَّ مُحَمَّدًا رَسُولُ اللهِ എന്ന സാക്ഷ്യവാക്യത്തിന്റെ അർത്ഥം പണ്ഡിതൻമാർ പഠിപ്പിക്കുന്നത് കാണുക:

قال الشيخ محمد بن عبد الوهاب رحمه الله: (ومعنى شهادة أن محمداً رسول الله: طاعته فيما أمر، وتصديقه فيما أخبر، واجتناب ما نهى عنه وزجر، وأن لا يعبد الله إلاّ بما شرع- الأصول الثلاثة)

ശൈഖ് മുഹമ്മദ് ബ്നി അബ്ദിൽ വഹാബ് പറഞ്ഞു: أن محمداً رسول الله എന്ന സാക്ഷ്യ വാക്യത്തിന്റെ അർത്ഥം:റസൂൽ(ﷺ) കൽപിച്ച കാര്യങ്ങളിൽ റസൂൽ(ﷺ)യെ അനുസരിക്കൽ, റസൂൽ(ﷺ) അറിയിച്ച കാര്യങ്ങളിൽ റസൂൽ(ﷺ)യെ സത്യപ്പെടുത്തൽ, റ



സൂൽ(ﷺ) വിരോധിക്കുകയും, അകറ്റിനിർത്തുകയും ചെയ്ത കാര്യങ്ങളെ അകറ്റൽ (ഒഴിവാക്കൽ), റസൂൽ(ﷺ) പഠിപ്പിച്ച രൂപത്തിൽ മാത്രം അല്ലാഹുവിനെ ആരാധിക്കൽ എന്നിവയാണ്.

ഇതിൽ നിന്നും സുന്നത്തിനെ അംഗീകരിക്കേണ്ടതിന്റെ ആവശ്യകത നമുക്ക് മനസ്സിലാക്കാം. ഇതിലെ ഏത് കാര്യങ്ങളും ബുദ്ധിക്ക് യോജിച്ചാലും ഇല്ലെങ്കിലും നാം കണ്ണടച്ച് അംഗീകരിക്കണം. എങ്കിലേ നമ്മുടെ ശഹാദത്ത് പൂർണ്ണതയുള്ളതാവൂ.

## ഖുർആനിൽ എല്ലാ വിശദീകരണങ്ങളുമില്ലേ...

വിശുദ്ധ ഖുർആൻ എല്ലാ കാര്യങ്ങളും വിശദീകരിച്ചിട്ടുണ്ട് എന്ന് അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ എന്ന ഒരു ചോദ്യം ഹദീസിനെ നിഷേധിക്കുന്ന ഇവരിൽ നിന്നും കേൾക്കാം.അതിന് അവർ തെളിവായി ഉദ്ദരിക്കുന്ന ആയത്ത് ശ്രദ്ധിക്കുക:

وَجَعَلْنَا اللَّيْلَ وَالنَّهَارَ آيَتَيْنِ فَمَحَوْنَا آيَةَ اللَّيْلِ وَجَعَلْنَا آيَةَ النَّهَارِ مُبْصِرَةً لِتَبْتَغُواْ فَضْلاً مِّن رَّبِّكُمْ وَلِتَعْلَمُواْ عَدَدَ السِّنِينَ وَالْحِسَابَ وَكُلَّ شَيْءٍ فَصَّلْنَاهُ تَفْصِيلاً (الإسراء: ١٢)

ഓരോ കാര്യവും നാം നല്ലവണ്ണം വിശദീകരിച്ചിരിക്കുന്നു.

അല്ലാഹു കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട് എന്നാണ് ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്.ഈ വിശദീകരണം എങ്ങനെയാണെന്ന് നമുക്ക് മനസ്സിലാക്കാം: അല്ലാഹു റസൂൽ(ﷺ)യോട് ഖുർആൻ വിവരിച്ച് കൊടുക്കാൻ പറഞ്ഞത് ഈ ആയത്തിന്റെ ആശയത്തിൽ പെടും. അല്ലാഹു പറയുന്നു:

بِالْبَيِّنَاتِ وَالزُّبُرِ وَأَنزَلْنَا إِلَيْكَ الذِّكْرَ لِتُبَيِّنَ لِلنَّاسِ مَا نُزِّلَ إِلَيْهِمْ وَلَعَلَّهُمْ يَتَفَكَّرُونَ (النحل: ٤٤)

(നിനക്ക് നാം ഉൽബോധനം (ഖുർആൻ) അവതരിപ്പിച്ച് തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചുകൊടുക്കാൻ വേണ്ടിയും, അവർ ചിന്തിക്കാൻ വേണ്ടിയും.)



ഖുർആൻ കൊണ്ട് മാത്രം എല്ലാ കാര്യങ്ങളും മനസ്സിലക്കാൻ സാധിക്കുമെങ്കിൽ പിന്നെ അല്ലാഹു റസൂൽ(ﷺ)യോട് ഖുർആനിനെ വിശദീകരിക്കാൻ കൽപ്പിച്ചതെന്ത് കൊണ്ടാണ് എന്ന് നാം ചിന്തിക്കണം.ഹദീസ് നിഷേധികൾ പറയുന്ന പോലെ എല്ലാകാര്യങ്ങളും ഖുർആനിൽ അല്ലാഹു വിശദീകരിച്ചിട്ടുണ്ടെങ്കിൽ പിന്നെ റസൂൽ(ﷺ)യോട് വിശദീകരിക്കാൻ പറയുന്നതിന് വല്ല അർത്ഥവുമുണ്ടാകുമോ?

മറ്റൊരു ആയത്ത് കൂടി കാണുക:

إِنَّا أَنزَلْنَا إِلَيْكَ الْكِتَابَ بِالْحَقِّ لِتَحْكُمَ بَيْنَ النَّاسِ بِمَا أَرَاكَ اللّهُ وَلاَ تَكُن لِّلْخَآئِنِينَ خَصِيمًا (النساء: ١٠٥)

നിനക്ക് അല്ലാഹു കാണിച്ചുതന്നതനുസരിച്ച് ജനങ്ങൾക്കിടയിൽ നീ വിധികൽപിക്കുവാൻ വേണ്ടിയാണ് സത്യപ്രകാരം നാം നിനക്ക് വേദഗ്രന്ഥം അവതരിപ്പിച്ചു തന്നിട്ടുള്ളത്.നീ വഞ്ചകൻമാർക്ക് വേണ്ടി വാദിക്കുന്നവനാകരുത്.

അല്ലാഹു അറിയിക്കുന്നതനുസരിച്ച് ജനങ്ങൾക്കിടയിൽ വിധി കൽപ്പിക്കാനാണ് ഇവിടേയും

അല്ലാഹു റസൂൽ(ﷺ)യോട് അറിയിക്കുന്നത്. അല്ലാഹു എല്ലാം വിശദീകരിച്ചിട്ടുണ്ട് എന്ന് പറയുന്നവർ, അല്ലാഹു റസൂൽ(ﷺ)യോട് അറിയിക്കുന്ന ഈ കാര്യത്തെ തള്ളേണ്ടി വരില്ലേ..

അത് പോലെ തന്നെ റസൂൽ(ﷺ) അറിയിക്കുന്ന കാര്യങ്ങൾ എല്ലാം സ്വീകരിക്കാൻ അല്ലാഹു പറഞ്ഞത് നമ്മൾ മുമ്പ് മനസ്സിലാക്കിയിട്ടുണ്ട്. അല്ലാഹു പറയുന്നു:

مَّا أَفَاء اللَّهُ عَلَى رَسُولِهِ مِنْ أَهْلِ الْقُرَى فَلِلَّهِ وَلِلرَّسُولِ وَلِذِي الْقُرْبَى وَالْيَتَامَى وَالْمَسَاكِينِ وَابْنِ السَّبِيلِ كَيْ لَا يَكُونَ دُولَةً بَيْنَ الْأَغْنِيَاء مِنكُمْ وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا وَاتَّقُوا اللَّهَ إِنَّ اللَّهَ شَدِيدُ الْعِقَابِ (الحشر: ٧)

നിങ്ങൾക്കു റസൂൽ(ﷺ) നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്.



**റസൂൽ(ﷺ)യുടെ വിശദീകരണം സ്വീകരിച്ചില്ലെങ്കിൽ**

ഖുർആനിന് റസൂൽ(ﷺ) നൽകുന്ന വിവരണം നാം സ്വീകരിക്കുന്നില്ലെങ്കിൽ പല വഴികേടുകളും ഉണ്ടാകും. ഉദാഹരണത്തിന്: റസൂൽ(ﷺ) ഹജ്ജിന്റെ കാര്യങ്ങൾ ഓരോന്നായി നമ്മെ പഠിപ്പിച്ചു. ഖുർആൻ കൊണ്ട് മാത്രം എങ്ങനെയാണ് നാം ഹജ്ജ് ചെയ്യുക?. അല്ലാഹു പറയുന്നത് കാണുക:

ثُمَّ أَفِيضُواْ مِنْ حَيْثُ أَفَاضَ النَّاسُ وَاسْتَغْفِرُواْ اللّهَ إِنَّ اللّهَ غَفُورٌ رَّحِيمٌ(البقرة: ١٩٩)

എന്നിട്ട് ആളുകൾ (സാധാരണ തീർത്ഥാടകർ) എവിടെ നിന്ന് പുറപ്പെടുന്നുവോ അവിടെ നിന്നു തന്നെ നിങ്ങളും പുറപ്പെടുക.നിങ്ങൾ അല്ലാഹുവോട് പാപമോചനം തേടുകയും ചെയ്യുക. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

ചില മുഫസ്സിറുകളുടെ അഭിപ്രായത്തിൽ, ഈ ആയത്തിൽ മുസ്ദലിഫയിൽ നിന്ന് ജംറയിൽ എറിയാൻവേണ്ടി മിനയിലേക്ക് പോകുന്ന കാ

ര്യമാണ് അല്ലാഹു നമ്മെ അറിയിക്കുന്നത്. പ്രവാചകന്റെ വിശദീകരണം കൂടാതെ ഈ ആയത്തിൽ നിന്ന് മാത്രം ആ കാര്യം നമുക്ക് എങ്ങനെ മനസ്സിലാക്കാൻ സാധിക്കും..?

ആളുകൾ പോകുന്നേടത്തേക്ക് പോവുക എന്ന് പറഞ്ഞതിൽ നിന്ന്, ചില ജനങ്ങൾ വേറെ ഏതെങ്കിലും ഭാഗത്തേക്ക് പോയാൽ അവരോടൊപ്പം പോകാൻ നമുക്ക് പറ്റുമോ? റസൂൽ(ﷺ) നമുക്ക് ഇത് കാണിച്ച് തന്നത് മുസ്ദലിഫയിൽ നിന്ന് മിനയിലേക്ക് പോയിക്കൊണ്ടാണ്.അത് പോലെ ഹജ്ജിന്റെ കർമങ്ങളിൽ പലതും റസൂൽ(ﷺ)യാണ് നമ്മെ പഠിപ്പിച്ചത്. ഖുർആൻ മാത്രം മതി എന്ന് പറയുന്ന ആളുകൾക്ക് ഒരിക്കലും പുണ്യം നിറഞ്ഞ ഹജ്ജ് ചെയ്യാൻ സാധിക്കില്ല.

**ത്വവാഫും ഹദീസ് നിഷേധികളും**

ത്വവാഫിന്റെ കാര്യവും ഇത് പോലെയാണ്. ത്വവാഫ് ചെയ്യാൻ അല്ലാഹു പറയുന്നുണ്ട്. എന്നാൽ ത്വവാഫ് എവിടന്ന് തുടങ്ങണമെന്നോ, എ



ത്ര കറക്കം വേണമെന്നോ ഖുർആനിൽ ഇല്ല. അല്ലാഹു പറഞ്ഞത് കാണുക:

ثُمَّ لْيَقْضُوا تَفَثَهُمْ وَلْيُوفُوا نُذُورَهُمْ وَلْيَطَّوَّفُوا بِالْبَيْتِ الْعَتِيقِ (الحج: ٢٩)

പുരാതനമായ ആ ഭവനത്തെ അവർ പ്രദക്ഷിണം വെക്കുകയും ചെയ്തുകൊള്ളട്ടെ.

ഇതിൽ ത്വവാഫിന്റെ വിശദ വിവരങ്ങൾ അല്ലാഹു അറിയിച്ചിട്ടില്ല.അത് പഠിപ്പിക്കനാണ് അല്ലാഹു റസൂൽ(ﷺ)യെ നിയോഗിച്ചത്. അല്ലാഹുവിൽ നിന്നുള്ള വഹ്‌യിന്റെ അടിസ്ഥാനത്തിൽ റസൂൽ (ﷺ) ആണ് ആ കാര്യങ്ങൾ നമുക്ക് വ്യക്തമായി പറഞ്ഞ് തന്നത്. ഈ ആയത്തിന്റെ മാത്രം അടിസ്ഥാനത്തിൽ ഹദീസ് നിഷേധിക്ക് എങ്ങനെ ത്വവാഫ് ചെയ്യാനാകും.

ഇതിൽ നിന്നൊക്കെ നമുക്ക് മനസ്സിലാക്കാനുള്ള കാര്യം, അല്ലാഹു ഖുർആനിൽ കാര്യങ്ങൾ മൊത്തത്തിൽ അറിയിക്കുകയും ആ കാര്യങ്ങൾ വിശദീകരിക്കാൻ റസൂൽ(ﷺ)യെ നിയോഗിക്കുകയുമാണുണ്ടായത് എന്നാണ്.

**സുന്നത്തിനെ ഖുർആൻ സ്ഥിരീകരിക്കുന്നു**

ഖുർആനിലെ ചില കാര്യങ്ങൾ സുന്നത്തിലൂടെ വന്നതാണ് എന്ന സൂചന അല്ലാഹു നൽകുന്നുണ്ട്. സുന്നത്തിനെ അല്ലാഹു സ്ഥിരീകരിക്കുന്നതാണ് അതിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്.

**ഖിബ്ല മാറ്റം**

അതിൽ പെട്ടതാണ് ഖിബ്ല മാറ്റം.റസൂൽ(ﷺ) ആദ്യം തിരിഞ്ഞ് നമസ്കരിച്ചത് ബൈത്തുൽ മുഖദിസിലേക്കാണ്. അത് കൊണ്ട് തന്നെ മദീനയിലെ പഴയ മസ്ജിദുകളായ മസ്ജിദുന്നബവി, മസ്ജിദ് ഖുബാഅ്, മസ്ജിദുൽ ഖിബ്ലതൈൻ (മസ്ജിദു ബനീസലിമ) എന്നിവയെല്ലാം രണ്ട് ഖിബ്ലകളിലേക്ക് തിരിഞ്ഞ് നമസ്കരിച്ച പള്ളികളാണ്. ഖിബ്ല മാറ്റം വരെ റസൂൽ(ﷺ) തിരിഞ്ഞ് നമസ്കരിച്ച പള്ളിയെ കുറിച്ച് അല്ലാഹു അറിയിക്കുന്നത് കാണുക:

وَكَذَلِكَ جَعَلْنَاكُمْ أُمَّةً وَسَطًا لِّتَكُونُواْ شُهَدَاء عَلَى النَّاسِ وَيَكُونَ الرَّسُولُ عَلَيْكُمْ شَهِيدًا وَمَا جَعَلْنَا الْقِبْلَةَ الَّتِي كُنتَ عَلَيْهَا إِلاَّ لِنَعْلَمَ



مَن يَتَّبِعُ الرَّسُولَ مِمَّن يَنقَلِبُ عَلَى عَقِبَيْهِ وَإِن كَانَتْ لَكَبِيرَةً إِلاَّ عَلَى الَّذِينَ هَدَى اللّهُ وَمَا كَانَ اللّهُ لِيُضِيعَ إِيمَانَكُمْ إِنَّ اللّهَ بِالنَّاسِ لَرَؤُوفٌ رَّحِيمٌ(البقرة: ١٤٣)

(റസൂലിനെ പിൻപറ്റുന്നതാരൊക്കെയെന്നും, പിൻമാറിക്കളയുന്നതാരൊക്കെയെന്നും തിരിച്ചറിയുവാൻ വേണ്ടി മാത്രമായിരുന്നു നീ ഇതുവരെ തിരിഞ്ഞു നിന്നിരുന്ന ഭാഗത്തെ നാം ഖിബ്ലയായി നിശ്ചയിച്ചത്.)

പ്രവാചകൻ(ﷺ) ഖിബ്ലയായി സ്വീകരിച്ചിരുന്ന ബൈത്തുൽ മഖ്ദിസിലേക്ക് തിരിയാൻ ഉള്ള കൽപന ഖുർആനിലുണ്ടോ? ഖുർആൻ കൂടാതെയുള്ള അല്ലാഹുവിൽ നിന്നുള്ള വഹ്‌യിന്റെ അടിസ്ഥാനത്തിലാണ് റസൂൽ(ﷺ) അത് ചെയ്തത്. അത് കൊണ്ടൊക്കെയാണ് ഹദീസുകളും വഹ്‌യാണ് എന്ന് പറയുന്നത്.

റസൂൽ(ﷺ)ക്ക് കഅ്ബ ഖിബ്ല ആവാൻ വളരെയധികം ആഗ്രഹമുണ്ടായിരുന്നു.അതാണ് അല്ലാഹു പറയുന്നത്:

قَدْ نَرَى تَقَلُّبَ وَجْهِكَ فِي السَّمَاء فَلَنُوَلِّيَنَّكَ قِبْلَةً تَرْضَاهَا فَوَلِّ وَجْهَكَ شَطْرَ الْمَسْجِدِ الْحَرَامِ وَحَيْثُ مَا كُنتُمْ فَوَلُّواْ وُجُوِهَكُمْ شَطْرَهُ وَإِنَّ الَّذِينَ أُوْتُواْ الْكِتَابَ لَيَعْلَمُونَ أَنَّهُ الْحَقُّ مِن رَّبِّهِمْ وَمَا اللّهُ بِغَافِلٍ عَمَّا يَعْمَلُونَ(البقرة: ١٤٤)

(നബിയേ,) നിന്റെ മുഖം ആകാശത്തേക്ക് തിരിഞ്ഞു കൊണ്ടിരിക്കുന്നത് നാം കാണുന്നുണ്ട്. അതിനാൽ നിനക്ക് ഇഷ്ടമാകുന്ന ഒരു ഖിബ്‌ലയിലേക്ക് നിന്നെ നാം തിരിക്കുകയാണ്. ഇനി മേൽ നീ നിന്റെ മുഖം മസ്ജിദുൽ ഹറാമിന്റെ നേർക്ക് തിരിക്കുക.നിങ്ങൾ എവിടെയായിരുന്നാലും അതിന്റെ നേർക്കാണ് നിങ്ങൾ മുഖം തിരിക്കേണ്ടത്. വേദം നൽകപ്പെട്ടവർക്ക് ഇത് തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യമാണെന്ന് നന്നായി അറിയാം. അവർ പ്രവർത്തിക്കുന്നതിനെപ്പറ്റിയൊന്നും അല്ലാഹു അശ്രദ്ധനല്ല.

## ഹദീസ് നിഷേധികൾ മുർത്തദ്ദുകൾ

ഹദീസിനെ നിഷേധിക്കുന്ന മൂന്ന് വഖ്തുകാർ ഇസ്‌ലാമിൽ നിന്ന് പുറത്ത് പോയവരാണ്. ഇങ്ങനെയുള്ള ആളുകളുടെ ഭാര്യമാർ വിശ്വാസിനികൾ ആണെങ്കിൽ (ഹദീസ് നിഷേധികളല്ലെങ്കിൽ) അവരുമായി ബന്ധം പുലർത്താൻ ഇവർക്ക് പാടില്ല. ഹദീസ് നിഷേധത്തിന് ശേഷവും അവരുമായി ബന്ധം പുലർത്തുകയാണെങ്കിൽ അത് വ്യഭിചാരമാണ്.അത് പോലെ മക്ക മദീന ഹറമുകളിൽ പ്രവേശിക്കാനും ഇവർക്ക് പറ്റില്ല.

## ഹിജ്റ മാസങ്ങളും ഹദീസ് നിഷേധികളും

ഹിജ്റ മാസങ്ങളുടെ എണ്ണം അല്ലാഹുവിന്റെ അടുക്കൽ 12 ആണെന്നും അതിൽ 4 എണ്ണം പവിത്ര മാസങ്ങളാണെന്നും അല്ലാഹു പറയുന്നു. ആയത്ത് ശ്രദ്ധിക്കുക:

إِنَّ عِدَّةَ الشُّهُورِ عِندَ اللّهِ اثْنَا عَشَرَ شَهْرًا فِي كِتَابِ اللّهِ يَوْمَ خَلَقَ السَّمَاوَات وَالأَرْضَ مِنْهَا أَرْبَعَةٌ حُرُمٌ ذَلِكَ الدِّينُ الْقَيِّمُ فَلاَ تَظْلِمُواْ فِيهِنَّ أَنفُسَكُمْ وَقَاتِلُواْ الْمُشْرِكِينَ كَآفَّةً كَمَا يُقَاتِلُونَكُمْ كَآفَّةً وَاعْلَمُواْ أَنَّ اللّهَ مَعَ الْمُتَّقِينَ (التوبة: ٣٦)

ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ച ദിവസം അല്ലാഹു രേഖപ്പെടുത്തിയതനുസരിച്ച് അല്ലാഹുവി

ന്റെ അടുക്കൽ മാസങ്ങളുടെ എണ്ണം പന്ത്രണ്ടാകുന്നു.അവയിൽ നാലെണ്ണം(യുദ്ധം)വിലക്കപ്പെട്ട മാസങ്ങളാകുന്നു.അതാണ് വക്രതയില്ലാത്ത മതം.അതിനാൽ ആ (നാല്) മാസങ്ങളിൽ നിങ്ങൾ നിങ്ങളോട് തന്നെ അക്രമം പ്രവർത്തിക്കരുത്.ബഹുദൈവ വിശ്വാസികൾ നിങ്ങളോട് ആകമാനം യുദ്ധം ചെയ്യുന്നത് പോലെ നിങ്ങൾ അവരോടും ആകമാനം യുദ്ധം ചെയ്യുക.അല്ലാഹു സൂക്ഷ്മത പാലിക്കുന്ന വരുടെ കൂടെയാണെന്ന് നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക.

ഇതിൽ പറയപ്പെട്ട മാസങ്ങളുടെ പേരുകൾ വിശുദ്ധ ഖുർആനിൽ നമുക്ക് കാണാൻ സാധ്യമല്ല. പ്രത്യേകിച്ച് അല്ലാഹു പവിത്ര മാസങ്ങൾ എന്ന് പറഞ്ഞ മാസങ്ങളുടെ പേരുകൾ പോലും അതിൽ കാണാൻ കഴിയില്ല. എന്നാൽ അവ നമുക്ക് പഠിപ്പിച്ച് തന്നത് റസൂൽ(ﷺ) ആണ്.പവിത്ര മാസങ്ങളെ കുറിച്ച് റസൂൽ(ﷺ)നമ്മെ അറിയിക്കുന്നത് കാണുക:

عَنْ أَبِي بَكْرَةَ عَنْ النَّبِيِّ صلى الله عليه وسلم قَالَ إِنَّ الزَّمَانَ قَدِ اسْتَدَارَ كَهَيْئَتِهِ يَوْمَ خَلَقَ اللهُ السَّمَوَاتِ وَالْأَرْضَ السَّنَةُ اثْنَا عَشَرَ شَهْرًا



مِنْهَا أَرْبَعَةٌ حُرُمٌ ثَلَاثٌ (ثَلَاثَةٌ) مُتَوَالِيَاتٌ ذُو الْقَعْدَةِ وَذُو الْحِجَّةِ وَالْمُحَرَّمُ وَرَجَبُ مُضَرَ الَّذِي بَيْنَ جُمَادَى وَشَعْبَانَ ( متفق عليه)

അബൂബക്റത്ത്(ﷺ)നിവേദനം.നബി(ﷺ) പറഞ്ഞു: നിശ്ചയം, അല്ലാഹു ആകാശങ്ങളേയും, ഭൂമിയേയും സൃഷ്ടിച്ചത് മുതൽ (അന്ന് കറങ്ങിക്കൊണ്ടിരുന്നത് പോലെ)കാലം കറങ്ങി കൊണ്ടിരിക്കുന്നു. വർഷം 12 മാസങ്ങളാകുന്നു. അതിൽ നാലെണ്ണം പവിത്ര മാസങ്ങളാകുന്നു. മൂന്നെണ്ണം തുടർച്ചയായുള്ളവയാണ്, ദുൽഖഅ്ദ, ദുൽഹിജ്ജ, അൽമുഹർറം,ജുമാദ(അൽആഖിറ)ക്കും ശഅ്ബാനും ഇടയിലുള്ള റജബ് മുദർ (എന്നിവയാണത്).

ഹദീസ് നിഷേധികൾക്ക് പ്രവാചകൻ(ﷺ)യുടെ ഹദീസുകൾ അംഗീകരിക്കാതെ ഇത്തരം കാര്യങ്ങൾ അറിയാൻ സാധ്യമല്ല.അപ്പോൾ അവർ പറയുന്നത് ഞങ്ങൾ ഇവ ചരിത്രത്തിലൂടെ മനസ്സിലാക്കുമെന്നാണ്. ഇവർ മുമ്പൻമാരായ സ്വഹാബത്ത് പ്രവാചകൻ(ﷺ)യിൽ നിന്ന് നേരിട്ട് റിപ്പോർട്ട് ചെയ്ത കാര്യങ്ങൾ അംഗീകരിക്കാതെ ചരിത്രമാണത്രെ അവലംഭമാക്കുന്നത്. കഷ്ടം തന്നെ.

എന്നാൽ ഹദീസുകളുടെ പിൻബലമില്ലാത്ത ചരിത്രത്തിന് ഒരു സാധ്യതയും ഇസ്‌ലാമിലില്ല.അത് പോലെ തന്നെയാണ് തഫ്സീറിന്റേയും, ഫിഖ്ഹിന്റേയുമൊക്കെ അവസ്ഥ.ചരിത്രങ്ങളും മറ്റും മനസ്സിലക്കാനും അതിന്റെ യഥാർത്ഥ്യം മനസ്സിലാക്കാനും ഹദീസ് അനിവാര്യമാണ്. ചരിത്രത്തിന്റെ ഏത് റിപ്പോർട്ടുകളേയും, അങ്ങനെ സംഭവിച്ചിട്ടുണ്ടോ ഇല്ലേ എന്നൊക്കെ സ്ഥിരീകരിക്കുന്നത് ഹദീസ് വിജ്ഞാനമാണ്.

**സ്വഹാബികൾക്ക് അല്ലാഹു അംഗീകാരം നൽകുന്നു**

സ്വഹാബത്തിന്റെ പ്രത്യേകതകളേയും അവരുടെ വിശേഷണങ്ങളെ കുറിച്ചും അല്ലാഹു നമ്മെ അറിയിക്കുന്നത് കാണുക:

مُّحَمَّدٌ رَّسُولُ اللَّهِ وَالَّذِينَ مَعَهُ أَشِدَّاء عَلَى الْكُفَّارِ رُحَمَاء بَيْنَهُمْ تَرَاهُمْ رُكَّعًا سُجَّدًا يَبْتَغُونَ فَضْلًا مِّنَ اللَّهِ وَرِضْوَانًا سِيمَاهُمْ فِي وُجُوهِهِم مِّنْ أَثَرِ السُّجُودِ ذَلِكَ مَثَلُهُمْ فِي التَّوْرَاةِ وَمَثَلُهُمْ فِي الْإِنجِيلِ كَزَرْعٍ أَخْرَجَ شَطْأَهُ فَآزَرَهُ فَاسْتَغْلَظَ فَاسْتَوَى عَلَى سُوقِهِ يُعْجِبُ الزُّرَّاعَ لِيَغِيظَ بِهِمُ الْكُفَّارَ



وَعَدَ اللَّهُ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ مِنْهُم مَّغْفِرَةً وَأَجْرًا عَظِيمًا

(الفتح: ٢٩)

മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹത്തോടൊപ്പമുള്ളവർ സത്യനിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു.അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് അവർ കുമ്പിട്ടും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്നതായി നിനക്ക് കാണാം. സുജൂദിന്റെ ഫലമായി അവരുടെ അടയാളം അവരുടെ മുഖങ്ങളിലുണ്ട്. അതാണ് തൗറാത്തിൽ അവരെ പറ്റിയുള്ള ഉപമ. ഇഞ്ചീലിൽ അവരെ പറ്റിയുള്ള ഉപമ ഇങ്ങനെയാകുന്നു: ഒരു വിള, അത് അതിന്റെ കൂമ്പ് പുറത്ത് കാണിച്ചു. എന്നിട്ടതിനെ പുഷ്ടിപ്പെടുത്തി.എന്നിട്ടത് കരുത്താർജിച്ചു. അങ്ങനെ അത് കർഷകർക്ക് കൗതുകം തോന്നിച്ചു കൊണ്ട് അതിന്റെ കാണ്ഡത്തിൻ മേൽ നിവർന്നു നിന്നു.(സത്യവിശ്വാസികളെ ഇങ്ങനെ വളർത്തിക്കൊണ്ട് വരുന്നത്) അവർ മൂലം സത്യനിഷേധികളെ അരിശം പിടിപ്പിക്കാൻ വേണ്ടിയാകുന്നു. അവരിൽ നിന്ന്

വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്കു അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു.

ഇങ്ങനെ അല്ലാഹു വിശേഷിപ്പിച്ച സ്വഹാബിമാരാണ് റസൂൽ(ﷺ)യിൽ നിന്ന് ഹദീസുകൾ റിപ്പോർട്ട് ചെയ്തത്.അവരിൽ നിന്ന് അവരെ പിന്തുടർന്ന് ജീവിച്ച താബിഉകളും അവരിൽ നിന്ന് അവരെ തുടർന്ന് ജീവിച്ചവരും റിപ്പോർട്ട് ചെയ്തു. റസൂൽ(ﷺ) ഉത്തമ നൂറ്റാണ്ടുകൾ എന്ന് പറഞ്ഞ ആദ്യത്തെ മൂന്ന് നൂറ്റാണ്ടുകളിൽ തന്നെ ഹദീസുകൾ ക്രോഡീകരിക്കപ്പെടുകയും ചെയ്തു. ഈ നൂറ്റാണ്ടുകളിലെ ആളുകളാണ് നമ്മുടെ ഇമാമുമാർ. ഇങ്ങനെ നമ്മിലെത്തിയ ഹദീസുകളെയാണ് ഇന്ന് ഹദീസ് നിഷേധികൾ തള്ളുന്നത് എന്നത് ഖേദകരമാണ്.

**റമദാനും ഹദീസ് നിഷേധികളും**



റമദാനിന്റെ പകലിൽ സ്ത്രീകളുമായി സമ്പർക്കം പുലർത്തരുതെന്ന് അല്ലാഹു അറിയിക്കുന്നുണ്ട്. അല്ലാഹു പറയുന്നത് കാണുക:

أُحِلَّ لَكُمْ لَيْلَةَ الصِّيَامِ الرَّفَثُ إِلَى نِسَآئِكُمْ هُنَّ لِبَاسٌ لَّكُمْ وَأَنتُمْ لِبَاسٌ لَّهُنَّ عَلِمَ اللّهُ أَنَّكُمْ كُنتُمْ تَخْتانُونَ أَنفُسَكُمْ فَتَابَ عَلَيْكُمْ وَعَفَا عَنكُمْ فَالآنَ بَاشِرُوهُنَّ وَابْتَغُواْ مَا كَتَبَ اللّهُ لَكُمْ وَكُلُواْ وَاشْرَبُواْ حَتَّى يَتَبَيَّنَ لَكُمُ الْخَيْطُ الأَبْيَضُ مِنَ الْخَيْطِ الأَسْوَدِ مِنَ الْفَجْرِ ثُمَّ أَتِمُّواْ الصِّيَامَ إِلَى الَّليْلِ وَلاَ تُبَاشِرُوهُنَّ وَأَنتُمْ عَاكِفُونَ فِي الْمَسَاجِدِ تِلْكَ حُدُودُ اللّهِ فَلاَ تَقْرَبُوهَا كَذَلِكَ يُبَيِّنُ اللّهُ آيَاتِهِ لِلنَّاسِ لَعَلَّهُمْ يَتَّقُونَ(البقرة: ١٨٧)

നോമ്പിന്റെ രാത്രിയിൽ നിങ്ങളുടെ ഭാര്യമാരുമായുള്ള സംസർഗം നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു.അവർ നിങ്ങൾക്കൊരു വസ്ത്രമാകുന്നു. നിങ്ങൾ അവർക്കും ഒരു വസ്ത്രമാകുന്നു.(ഭാര്യാസമ്പർക്കം നിഷിദ്ധമായി കരുതിക്കൊണ്ട്) നിങ്ങൾ ആത്മവഞ്ചനയിൽ അകപ്പെടുകയായിരുന്നുവെന്ന് അല്ലാഹു അറിഞ്ഞിരിക്കുന്നു. എന്നാൽ അല്ലാഹു നിങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുകയും

പൊറുക്കുകയും ചെയ്തിരിക്കുന്നു.അതിനാൽ ഇ നി മേൽ നിങ്ങൾ അവരുമായി സഹവസിക്കുക യും, (വൈവാഹിക ജീവിതത്തിൽ) അല്ലാഹു നി ങ്ങൾക്ക് നിശ്ചയിച്ചത് തേടുകയും ചെയ്തുകൊ ള്ളുക.നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ് തു കൊള്ളുക; പുലരിയുടെ വെളുത്ത ഇഴകൾ ക റുത്ത ഇഴകളിൽ നിന്ന് തെളിഞ്ഞ് കാണുമാറാകു ന്നത് വരെ. എന്നിട്ട് രാത്രിയാകും വരെ നിങ്ങൾ വ്രതം പൂർണ്ണമായി അനുഷ്ഠിക്കുകയും ചെയ്യു ക. എന്നാൽ നിങ്ങൾ പള്ളികളിൽ ഇഅ്തികാഫ് (ഭജനം) ഇരിക്കുമ്പോൾ അവരു (ഭാര്യമാരു)മായി സഹവസിക്കരുത്. അല്ലാഹുവിന്റെ അതിർവരമ്പു കളാകുന്നു അവയൊക്കെ. നിങ്ങൾ അവയെ അ തിലംഘിക്കുവാനടുക്കരുത്.ജനങ്ങൾ ദോഷബാധ യെ സൂക്ഷിക്കുവാനായി അല്ലാഹു അപ്രകാരം അ വന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് വ്യക്തമാക്കി കൊടുക്കുന്നു.

റമദാൻ മാസത്തിൽ നോമ്പെടുക്കാൻ വിധി വന്ന സന്ദർഭർത്തിൽ ചില സ്വഹാബികൾ രാത്രി യിലും സ്ത്രീകളുമായി ബന്ധം പുലർത്താറുണ്ടാ



യിരുന്നില്ല. രാത്രിയിൽ ബന്ധം പുലർത്താം എന്ന് അറിയിക്കുന്ന ആയത്ത് അന്ന് ഇറങ്ങിയിരുന്നില്ല. വേറെ ചിലർ രാത്രിയിൽ അവരുടെ ഭാര്യമാരുമാ യി ബന്ധം പുലർത്തുകയും ചെയ്തു.അതിനെ കു റിച്ച് അല്ലാഹു വിമർശിച്ച ശൈലിയാണ് മുകളിൽ കൊടുത്ത ആയത്തിൽ നാം കണ്ടത്.

ഇവിടെ അല്ലാഹു അവരെ വിമർശിച്ച خِيَانَة എന്ന പദം എന്തിനെ ഉദ്ധേശിക്കുന്നു എന്ന് വി ശുദ്ധ ഖുർആനിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കില്ല. എന്താണ് ആ കാര്യം എന്ന് റസൂൽ (ﷺ)ആണ് നമ്മെ അറിയിക്കുന്നത്. ഖുർആനിന്റെ വിശദീകരണം ചില സ്ഥലങ്ങളിൽ ഹദീസുകൾ കൂടാതെ മനസ്സിലാക്കാൻ സാധിക്കില്ല എന്ന് നാം പറയുന്നത് അത് കൊണ്ടാണ്.

**വിശുദ്ധ ഖുർആനിന് തോന്നിയ അർത്ഥം നൽകുന്നു**

ഇന്ത്യൻ മേഖലകളിലെ ഹദീസ് നിഷേധിക ൾക്ക് ഹദീസിന്റെ സഹായം തേടാത്തതിനാൽ വി ശുദ്ധ ഖുർആനിന് സ്വന്തം നിലക്ക് അർത്ഥം നൽ കേണ്ട ഗതി ഉണ്ടായിട്ടുണ്ട്. ഹദീസുകൾ തള്ളു മ്പോൾ അവർക്ക് അതല്ലാതെ മാർഗമില്ലല്ലോ.. അ

തിന് ഉദാഹരണമാണ്:ശിർക്ക് എന്ന പദത്തിന് അവർ അർത്ഥം നൽകിയത് അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതൻമാരും, സ്വഹാബത്തുമൊന്നും നൽകാത്ത അർത്ഥമാണ്. ശിർക്ക് കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് നമുക്ക് കൃത്യമായി അറിയാം. അല്ലാഹുവിന് മാത്രം പ്രത്യേകമാക്കേണ്ട കാര്യങ്ങളിൽ അല്ലാഹു അല്ലാത്തവരെ പങ്ക് ചേർക്കുക എന്നതാണത്.എന്നാൽ ഹദീസ് നിഷേധികൾ പറയുന്നത് ശിർക്ക് എന്നാൽ മുഹമ്മദ് നബി(ﷺ)യെ അംഗീകരിക്കലാണ് എന്നാണ്[1]. എത്ര വലിയ വിഡ്ഢിത്തമാണിത്.

ഇവർ പറയുന്നത് അവർ ഖുർആനിനെ അംഗീകരിക്കുന്നവരാണെന്നാണ്. പക്ഷെ അവർ ഖുർആനിനെയും തള്ളുന്നവരാണെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. കാരണം അല്ലാഹു മുഹമ്മദ് നബി(ﷺ)യെ അംഗീകരിക്കാൻ പറയുന്നത് നമുക്ക് കാണാം: അല്ലാഹു പറയുന്നു:

[1] അബ്ദുല്ലാ ജുഗ്റാലവി തന്റെ 'തർക്ക് ഇഫ്തിറാഏ തആമുൽ' എന്ന പുസ്തകത്തിൽ കൊടുത്ത അർത്ഥമാണിത്..



فَلاَ وَرَبِّكَ لاَ يُؤْمِنُونَ حَتَّىَ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لاَ يَجِدُواْ فِي أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُواْ تَسْلِيمًا (النساء: ٦٥)

ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ് സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധികൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതു വരെ അവർ വിശ്വാസികളാവുകയില്ല.

ഈ ആയത്തിൽ വളരെ സുവ്യക്തമായി റസൂൽ(ﷺ)യെ അംഗീകരിക്കാൻ അല്ലാഹു നമ്മോട് കൽപിക്കുന്നു. പിന്നെ എങ്ങനെയാണ് റസൂൽ (ﷺ)യെ അംഗീകരിക്കുന്നത് ശിർക്കാവുന്നത്?

## റസൂൽ(ﷺ)യോട് എതിരായി ജീവിച്ചാൽ

റസൂൽ(ﷺ)യുടെ വിധിയെ അംഗീകരിക്കാതിരുന്നാൽ നാം വിശ്വാസികളാവുകയില്ല എന്ന് അല്ലാഹു അറിയിച്ചു.ഇനി അല്ലാഹുവിന്റെ ദൂതരുടെ കാര്യത്തിൽ എതിര് പ്രവർത്തിക്കുന്നവരെക്കുറി

ച്ചും അല്ലാഹു താക്കീത് നൽകുന്നുണ്ട്. അല്ലാഹു പറയുന്നത് കാണുക:

لَا تَجْعَلُوا دُعَاء الرَّسُولِ بَيْنَكُمْ كَدُعَاء بَعْضِكُم بَعْضًا قَدْ يَعْلَمُ اللَّهُ الَّذِينَ يَتَسَلَّلُونَ مِنكُمْ لِوَاذًا فَلْيَحْذَرِ الَّذِينَ يُخَالِفُونَ عَنْ أَمْرِهِ أَن تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ (النور: ٦٣)

ആകയാൽ അദ്ദേഹത്തിന്റെ കൽപനക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നുഭവിക്കുകയോ,വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊള്ളട്ടെ.

ഇത്തരക്കാർക്ക് ദുനിയാവിൽ വെച്ച് തന്നെ പല കുഴപ്പങ്ങളും, പരലോകത്ത് വെച്ച് വലിയ ശിക്ഷകളും ഉണ്ടാകുമെന്ന് അല്ലാഹു അറിയിക്കുന്നു.

**അല്ലാഹുവും റസൂൽ(ﷺ)യും വിധിച്ചാൽ പിന്നെ തന്നിഷ്ടത്തിന് സ്ഥാനമില്ല**

അല്ലാഹുവും റസൂൽ(ﷺ)യും ഒരു കാര്യത്തിൽ വിധി പറഞ്ഞാൽ പിന്നെ ആർക്കും സ്വന്തം ഇഷ്ടത്തിന് സ്ഥാനമില്ല എന്ന് അല്ലാഹു അറിയിക്കുന്നു:



وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى اللَّهُ وَرَسُولُهُ أَمْرًا أَن يَكُونَ لَهُمُ الْخِيَرَةُ مِنْ أَمْرِهِمْ وَمَن يَعْصِ اللَّهَ وَرَسُولَهُ فَقَدْ ضَلَّ ضَلَالًا مُّبِينًا (الأحزاب: ٣٦)

അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ, സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല.വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു.

അല്ലാഹുവിന്റെ വിധിയോടൊപ്പം റസൂൽ(ﷺ) യുടെ വിധിയേയും സ്വീകരിക്കാൻ വിശുദ്ധ ഖുർആൻ ആവർത്തിച്ച് ഉണർത്തിയിട്ടും ഇത് സ്വീകരിക്കാത്തവർ ഖുർആൻ നിഷേധികളല്ലാതെ പിന്നെ ആരാണ്.

**ബുദ്ധിക്ക് യോജിക്കാത്തത് തള്ളുകയോ..?**

ഹദീസ് നിഷേധം കേരളത്തിലെത്താൻ കാരണമായത് ചിലരുടെ പുസ്തകങ്ങളും ചിന്താഗതി

കളുമാണെന്ന് നാം മുമ്പ് മനസ്സിലാക്കി. അവരിൽ പെട്ടവരാണ് മുഹമ്മദ് റശീദ് രിദാ, മുഹമ്മദ് അബ്ദു, ജമാലുദ്ധീൻ അഫ്ഗാനി, അഹ്മദ് അമീൻ തുടങ്ങിയവർ. ബുദ്ധിക്ക യോജിക്കുന്നത് എടുക്കാം അല്ലാത്തത് തള്ളാം എന്ന തത്വം പേറി നടക്കുന്നവരാണവർ.പിന്നെ അവർക്ക് ഹദീസുകളെ മൊത്തത്തിൽ തള്ളേണ്ട അവസ്ഥയുമുണ്ടായി.

**പ്രവാചകൻ(ﷺ)യുടെ നെഞ്ച് കീറിയ സംഭവം**

ഹദീസ് നിഷേധികൾ തള്ളുന്ന ഹദീസുകളിൽ പെട്ടതാണ് റസൂൽ(ﷺ)യുടെ ചെറുപ്പകാലത്ത് ജിബ്‌രീൽ(ﷺ) റസൂൽ(ﷺ)യുടെ നെഞ്ച് കീറിയ സംഭവം.ഇമാം മുസ്‌ലിം(ﷺ) തന്റെ സ്വഹീഹിൽ 162–ാമത്തെ ഹദീസായി റിപ്പോർട്ട് ചെയ്തതാണിത്. ഹദീസ് ശ്രദ്ധിക്കുക.

عن أنس بن مالك رضي الله عنه أن رسول الله صلى الله عليه وسلم أتاه جبريل صلى الله عليه وسلم وهو يلعب مع الغلمان فأخذه فصرعه فشق عن قلبه فاستخرج القلب فاستخرج منه علقة فقال هذا حظ الشيطان منك ثم غسله في طست من ذهب بماء زمزم ثم لأمه ثم



أعاده في مكانه وجاء الغلمان يسعون إلى أمه يعني ظئره فقالوا إن محمدا قد قتل فاستقبلوه وهو منتقع اللون قال أنس وقد كنت أرى أثر ذلك المخيط في صدره (رواه مسلم)

അനസ്(ﷺ) നിവേദനം. റസൂൽ(ﷺ) കുട്ടികളോടൊത്ത് കളിച്ച് കൊണ്ടിരിക്കെ ജിബ്‌രീൽ(ﷺ) റസൂൽ(ﷺ)യുടെ അടുക്കൽ വന്ന് റസൂൽ(ﷺ)യെ എടുക്കുകയും, നിലത്ത് കിടത്തുകയും, നെഞ്ച് പിളർത്തുകയും ഹൃദയം പുറത്തെടുക്കുകയും ചെയ്തു.എന്നിട്ട് ഹൃദയത്തിൽ നിന്ന് ഒരു മാംസക്കഷ്ണം പുറത്തെടുത്തു. പിന്നെ ജിബ്‌രീൽ(ﷺ) പറഞ്ഞു:ഇത് താങ്കളിൽ നിന്നുള്ള ശൈത്വാനിന്റെ അംശമാണ്. പിന്നെ അത്(ഹൃദയം) സ്വർണത്തിന്റെ ഒരു പാത്രത്തിലിട്ട് സംസം വെള്ളം കൊണ്ട് കഴുകുകയും ചെയ്തു. തുടർന്ന് അത് തുന്നിച്ചേർക്കുകയും, അതിന്റെ സ്ഥാനത്തേക്ക് തന്നെ അത് മടക്കുകയും ചെയ്തു. റസൂൽ(ﷺ)യുടെ ഉമ്മയിലേക്ക് അഥവാ മുലയൂട്ടുന്ന ഉമ്മയിലേക്ക് കുട്ടികൾ ഓടി വന്ന് പറഞ്ഞു: നിശ്ചയം മുഹമ്മദ് കൊല്ലപ്പെട്ടിരിക്കുന്നു. അങ്ങനെ അവർ റസൂൽ(ﷺ)യുടെ അടുക്കലേക്ക്

വന്നു. അപ്പോൾ റസൂൽ(ﷺ) വിളറിയ നിറത്തിലാ
യിരുന്നു. അനസ്(ؓ) പറഞ്ഞു: ആ തുന്നിച്ചേർക്ക
ലിന്റെ അടയാളം ഞാൻ റസൂൽ(ﷺ)യുടെ നെഞ്ചി
ൽ കാണാറുണ്ടായിരുന്നു.

ഇത് ബുദ്ധിക്ക് യോജിക്കില്ല എന്ന് പറഞ്ഞ്
ഹദീസ് നിഷേധികൾ തള്ളുന്നു. ഇവരോട് പറയാ
നുള്ളത് അല്ലാഹു പറഞ്ഞ തക്കീതാണ്. അല്ലാഹു
പറയുന്നു:

وَمَن يُشَاقِقِ الرَّسُولَ مِن بَعْدِ مَا تَبَيَّنَ لَهُ الْهُدَى وَيَتَّبِعْ غَيْرَ سَبِيلِ
الْمُؤْمِنِينَ نُوَلِّهِ مَا تَوَلَّى وَنُصْلِهِ جَهَنَّمَ وَسَاءَتْ مَصِيرًا (النساء: ١١٥)

തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷ
വും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത്
നിൽക്കുകയും,സത്യവിശ്വാസികളുടെതല്ലാത്ത മാ
ർഗം പിന്തുടരുകയും ചെയ്യുന്നപക്ഷം അവൻ തി
രിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടു
ന്നതും, നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാ
ണ്. അതെത്ര മോശമായ പര്യവസാനം!



ഇത്തരം അപകടങ്ങളിൽ നിന്നും അല്ലാഹു
മുസ്ലീം സമൂഹത്തെ രക്ഷിക്കു മാറാവട്ടെ.. ആ
മീൻ.

## മുഹമ്മദ് റശീദ് രിദയും പിഴച്ച വാദങ്ങളും

റശീദ് രിദയുടെ പിഴച്ച വാദങ്ങൾ അയാളു
ടെ കൃതികളിൽ ധാരാളമായി കാണാവുന്നതാണ്.
ഇത്തരം കൃതികളുടെ സ്വാധീനം കേരളത്തിലും ഉ
ണ്ടായിട്ടുണ്ട്. അതിനുള്ള ഉദാഹരണങ്ങളിൽ ചില
ത് ശ്രദ്ധിക്കുക:

إِذْ قَالَتِ امْرَأَةُ عِمْرَانَ رَبِّ إِنِّي نَذَرْتُ لَكَ مَا فِي بَطْنِي مُحَرَّرًا فَتَقَبَّلْ مِنِّي
إِنَّكَ أَنتَ السَّمِيعُ الْعَلِيمُ ۝ فَلَمَّا وَضَعَتْهَا قَالَتْ رَبِّ إِنِّي وَضَعْتُهَا أُنثَى
وَاللَّهُ أَعْلَمُ بِمَا وَضَعَتْ وَلَيْسَ الذَّكَرُ كَالْأُنثَى وَإِنِّي سَمَّيْتُهَا مَرْيَمَ وَإِنِّي
أُعِيذُهَا بِكَ وَذُرِّيَّتَهَا مِنَ الشَّيْطَانِ الرَّجِيمِ (آل عمران: ٣٥ – ٣٦)

ഇംറാന്റെ ഭാര്യ പറഞ്ഞ സന്ദർഭം (ശ്രദ്ധിക്കുക:)
എന്റെ രക്ഷിതാവേ, എന്റെ വയറ്റിലുള്ള കുഞ്ഞി
നെ നിനക്കായ് ഉഴിഞ്ഞുവെക്കാൻ ഞാൻ നേർച്ച
നേർന്നിരിക്കുന്നു. ആകയാൽ എന്നിൽ നിന്ന് നീ
അത് സ്വീകരിക്കേണമേ. തീർച്ചയായും നീ (എ

ല്ലാം)കേൾക്കുന്നവനും അറിയുന്നവനുമത്രെ.○എന്നിട്ട് പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു: എന്റെ രക്ഷിതാവേ, ഞാൻ പ്രസവിച്ച കുട്ടി പെണ്ണാണല്ലോ.-എന്നാൽ അല്ലാഹു അവൾ പ്രസവിച്ചതിനെപ്പറ്റി കൂടുതൽ അറിവുള്ളവനത്രെ -ആണ് പെണ്ണിനെപ്പോലെയല്ല. ആ കുട്ടിക്ക് ഞാൻ മർയം എന്ന് പേരിട്ടിരിക്കുന്നു. ശപിക്കപ്പെട്ട പിശാചിൽ നിന്നും അവളെയും അവളുടെ സന്തതികളെയും രക്ഷിക്കുവാനായി ഞാൻ നിന്നിൽ അഭയം പ്രാപിക്കുകയും ചെയ്യുന്നു.

ശപിക്കപ്പെട്ട പിശാചിൽ നിന്നം മർയമിനേയും, അവരുടെ സന്തതികളേയും രക്ഷിക്കുവാനായി ഞാൻ അഭയം പ്രാപിക്കുകയും ചെയ്യുന്നു എന്ന് പറഞ്ഞ ഈ സംഭവത്തെ റശീദ് രിദ നിഷേധിക്കുന്നു.അവർ പിശാചിന്റെ ശല്യത്തിൽ നിന്ന് രക്ഷപ്പെട്ടിട്ടില്ല എന്നാണ് അയാൾ വാദിക്കുന്നത്.

അത് പോലെ ആദം മനുഷ്യരുടെ പിതാവാണെന്ന തത്വവും ഇയാൾ അംഗീകരിക്കുന്നില്ല.ഡാർവിന്റെ പരിണാമ വാദത്തെ അംഗീകരിക്കുന്ന രൂപത്തിൽ അയാൾ തന്റെ അൽമനാർ എന്ന തഫ്



സീറിൽ എഴുതിയത് കാണാം.ഇത്തരം പിഴച്ച ആളുകളുടെ പുസ്തകങ്ങളും,വാദങ്ങളും ഇന്നും പിന്തുടരുന്ന ആളുകൾ,അവർ പിന്തുടരുന്ന അപകടങ്ങളെ ശ്രദ്ധിക്കനാണ് ഈ കാര്യങ്ങൾ പറയുന്നത്. ഇത്തരം ചിന്താഗതികളിലൂടെ പോകുമ്പോഴാണ് ഹദീസ് നിഷേധികളും, ബുദ്ധി പൂജകരും വർദ്ധിക്കുന്നത്.

**അഹ്മദ് അമീനിന്റെ വാദങ്ങൾ**

അഹ്മദ് അമീൻ ബുദ്ധിക്ക് യോജിക്കാത്ത ഹദീസുകൾ എന്ന പേരിൽ ഹദീസുകളെ തള്ളുന്നവനായിരുന്നു.അത് കൊണ്ടാണ് സംസമിന്റെ പ്രത്യേകതയെ അയാൾ തള്ളിയത്. നമ്മുടെ നാട്ടിലുമുണ്ട് സംസമിന്റെ പ്രത്യേകതകൾ അംഗീകരിക്കാത്തവർ. ഖുർആനും ഹദീസുകളും അംഗീകരിച്ചില്ലെങ്കിൽ പോലും ലോകാൽഭുതമായി നിൽക്കുന്ന സംസമിന്റെ പ്രത്യേകതകളെ നിഷേധിക്കാൻ ആർക്ക് സാധിക്കും..?

അപ്പോൾ സ്വഹീഹായ ഹദീസിലൂടെ സ്ഥിരപ്പെട്ട് വന്നാൽ പിന്നെ അതിനെ തള്ളാൻ വിശ്വാസികൾക്ക് പറ്റുമോ..?

**ബുദ്ധിക്ക് യോജിക്കാത്തത് വിശുദ്ധ ഖുർആനിലുണ്ടെങ്കിൽ അതും തള്ളുമോ..?**

ബുദ്ധിക്ക് യോജിക്കാത്ത ഹദീസുകൾ തള്ളുന്ന ആളുകൾ വിശുദ്ധ ഖുർആനിൽ വന്ന അത്തരം കാര്യങ്ങളേയും തള്ളേണ്ടി വരില്ലേ.. ഖുർആനിലെ ഇങ്ങനെയുള്ള സംഭവങ്ങൾക്ക് ചില ഉദാഹരണങ്ങൾ കാണുക:

ഈസാ(عليه السلام) തൊട്ടിലിൽ നിന്ന് സംസാരിച്ച സംഭവം അല്ലാഹു അറിയിക്കുന്നത് കാണുക:

فَأَشَارَتْ إِلَيْهِ قَالُوا كَيْفَ نُكَلِّمُ مَن كَانَ فِي الْمَهْدِ صَبِيًّا۝قَالَ إِنِّي عَبْدُ اللَّهِ آتَانِيَ الْكِتَابَ وَجَعَلَنِي نَبِيًّا۝وَجَعَلَنِي مُبَارَكًا أَيْنَ مَا كُنتُ وَأَوْصَانِي بِالصَّلَاةِ وَالزَّكَاةِ مَا دُمْتُ حَيًّا۝وَبَرًّا بِوَالِدَتِي وَلَمْ يَجْعَلْنِي جَبَّارًا شَقِيًّا۝وَالسَّلَامُ عَلَيَّ يَوْمَ وُلِدتُّ وَيَوْمَ أَمُوتُ وَيَوْمَ أُبْعَثُ حَيًّا۝ذَٰلِكَ عِيسَى ابْنُ مَرْيَمَ قَوْلَ الْحَقِّ الَّذِي فِيهِ يَمْتَرُونَ (مريم: ٢٩ – ٣٤)

അപ്പോൾ അവൾ അവന്റെ(കുട്ടിയുടെ) നേരെ ചൂണ്ടിക്കാണിച്ചു. അവർ പറഞ്ഞു: തൊട്ടിലിലുള്ള ഒരു കുട്ടിയോട് ഞങ്ങൾ എങ്ങനെ സംസാരിക്കും?



۝ അവൻ (കുട്ടി) പറഞ്ഞു: ഞാൻ അല്ലാഹുവിന്റെ ദാസനാകുന്നു. അവൻ എനിക്ക് വേദഗ്രന്ഥം നൽകുകയും എന്നെ അവൻ പ്രവാചകനാക്കുകയും ചെയ്തിരിക്കുന്നു.۝ ഞാൻ എവിടെയായിരുന്നാലും എന്നെ അവൻ അനുഗൃഹീതനാക്കിയിരിക്കുന്നു. ഞാൻ ജീവിച്ചിരിക്കുന്ന കാലമത്രയും നമസ്കരിക്കുവാനും സകാത്ത് നൽകുവാനും അവൻ എന്നോട് അനുശാസിക്കുകയും ചെയ്തിരിക്കുന്നു. ۝ (അവൻ എന്നെ) എന്റെ മാതാവിനോട് നല്ല നിലയിൽ പെരുമാറുന്നവനും (ആക്കിയിരിക്കുന്നു.) അവൻ എന്നെ നിഷ്ഠൂരനും ഭാഗ്യം കെട്ടവനുമാക്കിയിട്ടില്ല.۝ ഞാൻ ജനിച്ച ദിവസവും മരിക്കുന്ന ദിവസവും ജീവനോടെ എഴുന്നേൽപിക്കപ്പെടുന്ന ദിവസവും എന്റെ മേൽ ശാന്തി ഉണ്ടായിരിക്കും.അതത്രെ മർയമിന്റെ മകനായ ഈസാ. അവർ ഏതൊരു വിഷയത്തിൽ തർക്കിച്ച് കൊണ്ടിരിക്കുന്നുവോ അതിനെപ്പറ്റിയുള്ള യഥാർത്ഥമായ വാക്കത്രെ ഇത്.

തൊട്ടിലിൽ കിടക്കുന്ന ഒരു കുട്ടി ഇങ്ങനെ സംസാരിക്കുന്നു എന്ന് പറഞ്ഞാൽ അത് ബുദ്ധിക്ക് യോജിക്കാൻ സാധിക്കുന്ന കാര്യമാണോ?അ

ല്ലാഹു അറിയിക്കുന്ന ഈ കാര്യങ്ങൾ ബുദ്ധിക്ക് യോജിക്കില്ല എന്ന് പറഞ്ഞ് ഹദീസ് നിഷേധികൾ തള്ളുമോ..?

**പല അമാനുഷികത്വങ്ങൾ**

അത് പോലെ തന്നെ അല്ലാഹുവിന്റെ അനുവാദത്തോടെ ഈസ(ﷺ) മരണപ്പെട്ടവരെ ജീവിപ്പിക്കുകയും, വെള്ളപ്പാണ്ട് പോലുള്ള രോഗങ്ങളെ മാറ്റുകയും പോലുള്ള അൽഭുത കാര്യങ്ങൾ ചെയ്ത കാര്യം അല്ലാഹു അറിയിക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

إِذْ قَالَ اللّهُ يَا عِيسى ابْنَ مَرْيَمَ اذْكُرْ نِعْمَتِي عَلَيْكَ وَعَلَى وَالِدَتِكَ إِذْ أَيَّدتُّكَ بِرُوحِ الْقُدُسِ تُكَلِّمُ النَّاسَ فِي الْمَهْدِ وَكَهْلاً وَإِذْ عَلَّمْتُكَ الْكِتَابَ وَالْحِكْمَةَ وَالتَّوْرَاةَ وَالإِنجِيلَ وَإِذْ تَخْلُقُ مِنَ الطِّينِ كَهَيْئَةِ الطَّيْرِ بِإِذْنِي فَتَنفُخُ فِيهَا فَتَكُونُ طَيْرًا بِإِذْنِي وَتُبْرِىءُ الأَكْمَهَ وَالأَبْرَصَ بِإِذْنِي وَإِذْ تُخْرِجُ الْمَوتَى بِإِذْنِي وَإِذْ كَفَفْتُ بَنِي إِسْرَائِيلَ عَنكَ إِذْ جِئْتَهُمْ بِالْبَيِّنَاتِ فَقَالَ الَّذِينَ كَفَرُواْ مِنْهُمْ إِنْ هَذَا إِلاَّ سِحْرٌ مُّبِينٌ (المائدة: ١١٠)



(ഈസായോട്) അല്ലാഹു പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു.) മർയമിന്റെ മകനായ ഈസാ! തൊട്ടിലിൽ വെച്ചും,മദ്ധ്യവയസ്കനായിരിക്കെയും നീ ജനങ്ങളോട് സംസാരിക്കവെ, പരിശുദ്ധാത്മാവ് മുഖേന നിനക്ക് ഞാൻ പിൻബലം നൽകിയ സന്ദർഭത്തിലും, ഗ്രന്ഥവും ജ്ഞാനവും തൗറാത്തും ഇഞ്ചീലും നിനക്ക് ഞാൻ പഠിപ്പിച്ചുതന്ന സന്ദർഭത്തിലും,എന്റെ അനുമതി പ്രകാരം കളിമണ്ണ് കൊണ്ട് നീ പക്ഷിയുടെ മാതൃകയിൽ രൂപപ്പെടുത്തുകയും, എന്നിട്ട് നീ അതിൽ ഊതുമ്പോൾ എന്റെ അനുമതി പ്രകാരം അത് പക്ഷിയായിത്തീരുകയും ചെയ്യുന്ന സന്ദർഭത്തിലും,എന്റെ അനുമതി പ്രകാരം ജൻമനാ കാഴ്ചയില്ലാത്തവനെയും, പാണ്ഡുരോഗിയെയും നീ സുഖപ്പെടുത്തുന്ന സന്ദർഭത്തിലും, എന്റെ അനുമതി പ്രകാരം നീ മരണപ്പെട്ടവരെ പുറത്ത് കൊണ്ട് വരുന്ന സന്ദർഭത്തിലും, നീ ഇസ്രാഈൽ സന്തതികളുടെ അടുത്ത് വ്യക്തമായ തെളിവുകളുമായി ചെന്നിട്ട് അവരിലെ സത്യനിഷേധികൾ ഇത് പ്രത്യക്ഷമായ മാരണം മാത്രമാകുന്നു. എന്ന് പറഞ്ഞ അവസരത്തിൽ നിന്നെ അപകടപ്പെടുത്തുന്നതിൽ നിന്ന് അവരെ ഞാൻ

തടഞ്ഞ സന്ദർഭത്തിലും ഞാൻ നിനക്കും നിന്റെ മാതാവിനും ചെയ്ത് തന്ന അനുഗ്രഹം ഓർക്കുക.

അല്ലാഹുവിന്റെ വാക്കുകളാണ് നമ്മൾ വായിച്ചത്. നമ്മുടെ ബുദ്ധിക്ക് തിരിയുന്നില്ല എന്ന് പറഞ്ഞ് ഈ കാര്യങ്ങളെ തള്ളാൻ നമുക്ക് പറ്റുമോ..? ചിലർ ഇവക്ക് മറുപടിയില്ലാതെ മുഅ്ജിസത്തുകളേയും തള്ളുകയാണ് ചെയ്യുന്നത്. സി. എൻ. അഹ്മദ് മൗലവി തന്റെ ഖുർആൻ പരിഭാഷയിൽ ഇത്തരം കാര്യങ്ങളെ നിഷേധിക്കുന്നത് നമുക്ക് കാണാവുന്നതാണ്. വിശുദ്ധ ഖുർആൻ ആവർത്തിച്ച് അറിയിക്കുന്ന ജിന്നിനേയും അയാൾ നിഷേധിക്കുന്നുണ്ട്.

കേരളത്തിൽ ഈ രോഗം വരാൻ കാരണം ബുദ്ധിയെ വിശുദ്ധ ഖുർആനിനേക്കാളും തിരുസുന്നത്തിനേക്കാളും മുന്തിച്ചതാണ്.അല്ലാഹുവും, റസൂൽ(ﷺ)യും എന്ത് പറഞ്ഞാലും കണ്ണടച്ച് അംഗീകരിക്കുന്ന അവസ്ഥയുണ്ടായാലേ ഈ കുഴപ്പങ്ങളിൽ നിന്നും രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ. അപ്പോഴേ നമ്മൾ യഥാർത്ഥ വിശ്വാസികളാവുകയുമുള്ളൂ.



## അജ്വയും ഹദീസ് നിഷേധികളും

അഹ്മദ് അമീൻ തന്റെ ദുഹൽ ഇസ്‌ലാം എന്ന പുസ്തകത്തിൽ മദീനയിലെ അജ്‌വ ഈത്തപഴത്തിന്റെ മഹത്വങ്ങളെ നിഷേധിക്കുന്നത് കാണാം. ഇത് തന്നെ നമ്മുടെ നാട്ടിലെ ആളുകളും ഏറ്റ് പാടുന്നുണ്ട്.

അജ്‌വ കാരക്കയെ കുറിച്ച് റസൂൽ(ﷺ) പറയുന്നത് കാണുക:

عَامِرُ بْنُ سَعد عَنْ أَبِيهِ قَالَ قَالَ رَسُولُ اللهِ صلى الله عليه وسلم مَـنْ تَصَبَّحَ كُلَّ يَوْمٍ سَبْعَ تَمَرَاتٍ عَجْوَةً (عَجْـوَةٍ) لَـمْ يَضُرَّهُ (يَضِرْهُ) فِي ذَلِـكَ الْيَوْمِ سُمٌّ وَلَا سِحْرٌ – رواه البخاري ومسلم

സഅ്ദ് ബ്നി അബീ വഖാസ്(رضي الله عنه) പറഞ്ഞു: റസൂൽ(ﷺ)പറഞ്ഞു: ആരെങ്കിലും,എല്ലാ ദിവസവും രാവിലെ ഏഴ് അജ്‌വ ഈത്തപഴം തിന്നാൽ ആ ദിവസത്തിൽ വിഷമോ, മാരണമോ അവന് ഉപദ്രവം ഉണ്ടാക്കില്ല. (ബുഖാരി, മുസ്‌ലിം)

ഇമാം ബുഖാരിയും, മുസ്‌ലിമും റിപ്പോർട്ട് ചെയ്ത ഹദീസിനേയാണ് തന്റെ ബുദ്ധിക്ക് യോ

ജിക്കുന്നില്ല എന്ന് പറഞ്ഞ് ഹദീസ് നിഷേധികൾ തള്ളുന്നത്.തള്ളുക മാത്രമല്ല, റസൂൽ(ﷺ)യുടെ ഈ വാക്കിനെ പരിഹസിക്കുക കൂടി ചെയ്യുന്ന ആളുകൾ കേരളത്തിലുണ്ടെന്നത് ഖേദകരമാണ്. അല്ലാഹു അത്തരക്കാരെ ഹിദായത്തിലാക്കട്ടെ...ആമീൻ.

സംസം, അജ്‌വ, ഇസ്‌ലാമിക മന്ത്രങ്ങൾ എന്നിവയുടെയെല്ലാം മഹത്വങ്ങളെ ഇവർ നിഷേധിക്കുന്നു.ഇസ്‌ലാമിക ചികിൽസയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഇവ. വിശ്വാസത്തോട് കൂടി ഇവ പഠിപ്പിക്കപ്പെട്ട രീതിയിൽ ചെയ്താൽ അതിന്റെ ഗുണം ഉണ്ടാകുമെന്നത് യാഥാർത്ഥ്യമാണ്.ഒരുപാട് ആളുകളുടെ അനുഭവങ്ങളും ഹദീസുകൾക്ക് പുറമെ ഈ വിഷയത്തിൽ നമുക്ക് വിശദീകരിക്കാൻ സാധിക്കും.

**ശൈത്വാനും ഹദീസ് നിഷേധികളും**

അബ്ദുല്ലാഹിബ്നി അഹ്മദ്ബ്നി ഹമ്പൽ(ؓ) ഒരിക്കൽ അഹ്മദ്(ؓ)യോട് പറഞ്ഞു: പിതാവേ.. ചിലർ ഇവിടെ ഹദീസ് നിഷേധിക്കുന്നുണ്ട്. അപ്പോൾ അഹ്മദ്(ؓ) ചോദിച്ചു:എന്താണവർ നിഷേ



ധിച്ചത്? അബ്ദുല്ല(ؓ) പറഞ്ഞു:ശൈത്വാൻ മനുഷ്യ രിൽ പ്രവേശിക്കില്ലെന്നാണ് അവർ പറയുന്നത്. റ സൂൽ(ﷺ) രക്തം ചലിക്കുന്നിടത്തൊക്കെ പ്രവേ ശിക്കുമെന്നല്ലെ പറഞ്ഞത്...? അപ്പോൾ അഹ്മദ് (ؓ) പറഞ്ഞു: അവന്റെ അകത്തുള്ള പിശാചാണ് അവനോട് അത് പറയിപ്പിച്ചത്.

ഇവയെ ഒക്കെ അംഗീകരിക്കാത്ത ധാരാളം ആളുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട് എന്ന് നാം മനസ്സിലാക്കുകയും അവരെ നാം നന്നായി സൂക്ഷിക്കുകയും ചെയ്യണം. ഇല്ലെങ്കിൽ നമ്മുടെ വിശ്വാസം തന്നെ തകരാറിലാക്കും.

(فَبِأَيِّ حَدِيثٍ بَعْدَهُ يُؤْمِنُون)

വിശുദ്ധ ഖുർആനിന് പുറമെ ഏത് ഹദീസിനെയാണ് നിങ്ങൾ വിശ്വസിക്കുന്നത് എന്ന് ഖുർആനിലില്ലേ എന്ന് ചോദിക്കുന്നവരുണ്ട്. എന്നാൽ അതിന്റെ വസ്തുത കാണുക: അല്ലാഹു പറയുന്നു:

...فَبِأَيِّ حَدِيثٍ بَعْدَهُ يُؤْمِنُونَ (المرسلات: ٥٠، والأعراف : 185)

ഇനി ഇതിന് (ഖുർആന്ന്) ശേഷം ഏതൊരു വർത്തമാനത്തിലാണ് അവർ വിശ്വസിക്കുന്നത്?

ഈ ആയത്തിൽ പറയപ്പെട്ട ഹദീസ് റസൂൽ (ﷺ)യുടെ ഹദീസാണെന്നാണ് ഹദീസ് നിഷേധികൾ തെറ്റിദ്ധരിപ്പിക്കുന്നത്. ഹദീസിൽ കൃത്യമായി വിശ്വസിക്കണമെന്ന് ആവർത്തിച്ച് ഉണർത്തുന്ന ഖുർആൻ എങ്ങനെയാണ് അതിനെ വിശ്വസിക്കുന്നതിന് എതിരെ പറയുക. ഈ ആയത്തിൽ പറയപ്പെട്ട ഹദീസ് എന്നത് കൊണ്ട് ഉദ്ദേശം, അല്ലാഹുവിന്റെ ഈ കലാമിൽ വിശ്വസിച്ചില്ലെങ്കിൽ പിന്നെ അവർ ഏതൊരു വർത്തമാനത്തിലാണ് വിശ്വസിക്കുക എന്നാണ്. വിശുദ്ധഖുർആനും, അറബി ഭാഷയുമൊന്നുമറിയാതെ തോന്നിയ പോലെ അർത്ഥം വെക്കുമ്പോഴുള്ള പ്രശ്നമാണിത് എന്നവർ മനസ്സിലാക്കണം.

## ഖുർആനും സുന്നത്തും വഹ്യ് തന്നെ

വിശുദ്ധ ഖുർആനും തിരുസുന്നത്തും വഹ്യ് ആണെന്നാണ് വിശുദ്ധ ഖുർആൻ അറിയിക്കുന്നത്. അത് അതേ പോലെ മനസ്സിലാക്കി സ്വീകരിക്കലാണ് വിശ്വാസികളുടെ ബാധ്യത. വിശുദ്ധ ഖു



ർആനിൽ അമാനുഷികതയുണ്ട്.അതിന്റെ ആശയങ്ങളും പദങ്ങളുമെല്ലാം അല്ലാഹുവിൽ നിന്നുള്ളതാണ്. എന്നാൽ ഹദീസ് അല്ലാഹുവിൽ നിന്നുള്ള വഹ്യാണ്. വിശുദ്ധ ഖുർആനെ പോലെ അമാനുഷികത്വമുള്ളതും പാരായണം ചെയ്യൽ ആരാധനയായി നിർണയിക്കപ്പെട്ടതതുമല്ല ഹദീസുകൾ. പ്രവാചകൻ(ﷺ) പറഞ്ഞവയും, ചെയ്ത് കാണിച്ചവയും, പ്രവാചകൻ(ﷺ)യുടെ അടുക്കൽ സ്വഹാബികൾ ചെയ്തപ്പോൾ പ്രവാചകൻ(ﷺ) അതിന് അംഗീകാരം നകിയവയുമൊക്കെ ഹദീസുകളുടെ ഗണത്തിൽ ഉൾപെട്ടവയാണ്.അത് പോലെ പ്രവാചകൻ(ﷺ)യുടെ സ്വഭാവപരവും, സൃഷ്ടിപരവുമായ വിശേഷണങ്ങളും ഇതിൽ ഉൾപെടുമെന്ന് പണ്ഡിതൻമാർ അറിയിക്കുന്നുണ്ട്.

## പ്രവാചകൻ(ﷺ)യുടെ ഒരു ഹദീസ് ശ്രദ്ധിക്കുക

പിൽകാലഘട്ടത്തിൽ ഹദീസിനെ തള്ളുന്ന ആളുകൾ വരുമെന്നും അവർ വിശുദ്ധ ഖുർആൻ മാത്രം മതി എന്നൊക്കെ പറയുമെന്നും റസൂൽ (ﷺ) അറിയിക്കുന്നത് കാണുക:

عَنْ عُبَيْدِ اللهِ بْنِ أَبِى رَافِعٍ عَنْ أَبِيهِ عَنِ النَّبِيِّ صلى الله عليه وسلم قَالَ « لاَ أُلْفِيَنَّ أَحَدَكُمْ مُتَّكِئًا عَلَى أَرِيكَتِهِ يَأْتِيهِ الأَمْرُ مِنْ أَمْرِى مِمَّا أَمَرْتُ بِهِ أَوْ نَهَيْتُ عَنْهُ فَيَقُولُ لاَ نَدْرِى مَا وَجَدْنَا فِى كِتَابِ اللهِ اتَّبَعْنَاهُ ». (رواه أبو داود والترمذي وابن ماجه) وقال الألباني : صحيح.

അബൂ റാഫിഅ്(ﷺ) പറഞ്ഞു: നബി(ﷺ)പറഞ്ഞു: നിങ്ങളിൽ ഒരാളെ, അവൻ അവന്റെ സോഫയിൽ ചാരി ഇരിക്കുന്നതായി ഞാൻ കാണാതിരിക്കട്ടെ. നാം അവനോട് കൽപിക്കുകയോ അല്ലെങ്കിൽ വിരോധിക്കുകയോ ചെയ്ത നമ്മുടെ കൽപനയിൽ പെട്ട ഒരു കാര്യം അവന്റെ അടുക്കൽ എത്തിയാൽ അവൻ പറയും, അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ കണ്ട കാര്യം ഞങ്ങൾ പിന്തുടരും.(അഥവാ അതിൽ ഇല്ലാത്ത കാര്യങ്ങൾ അവർ സ്വീകരിക്കില്ല എന്ന്.)

ഖുർആൻ മാത്രം മതി എന്ന് പറയുന്ന ആളുകളെ സൂക്ഷിക്കണമെന്ന് റസൂൽ(ﷺ)നമുക്ക് മുന്നറിയിപ്പ് തരികയാണ്.ഈ ഹദീസിന്റെ ആശയം ഉൾക്കൊള്ളുകയും ആളുകൾക്ക് അറിയിച്ച് കൊടുക്കാൻ ശ്രമിക്കുകയും ചെയ്യുക.



ഹദീസ് നിഷേധത്തെകുറിച്ചും അതിന്റെ ആളുകളെ കുറിച്ചും കൂടുതൽ മനസ്സിലാക്കാനും അവരിൽ നിന്ന് വിട്ട് നിൽക്കാനും ശ്രദ്ധിക്കുക. വിശുദ്ധ ഖുർആനും തിരുസുന്നത്തും പഠിക്കുകയും, അവ ജീവിതത്തിൽ പകർത്തുകയും, അവ രണ്ടിലും ഉറച്ച് വിശ്വസിക്കുകയും, യാതൊരു വിധേനയും അവക്ക് എതിരാകാതിരിക്കാനും പരിശ്രമിക്കുക. അല്ലാഹു അതിന് നമ്മെ അനുഗ്രഹിക്കുമാറാവട്ടെ. ആമീൻ.

رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً، وَفِي الْآخِرَةِ حَسَنَةً، وَقِنَا عَذَابَ النَّارِ

**و صلى الله على نبينا محمد وعلى آله وصحبه أجمعين**

****